No. 245

JULY- AUGUST 2014

KERALA PRIVATE

# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*




7 മാർക്കേസ്: അനശ്വരതയുടെ മായിക ലോകം

10 ഗാസാ മുനമ്പിലെ നിലയ്ക്കാത്ത നിലവിളികൾ

19 BUDGET 2014-15
Lower Class Gains Nothing,
Middle Class to Pay More,
But the Super Rich Gains Everything




തിരുവനന്തപുരം ജില്ലാകമ്മിറ്റി സംഘടിപ്പിച്ച **ആഗോളവത്കൃത ലോകക്രമവും പ്രാദേശിക പ്രതിരോധങ്ങളും** എന്ന സിമ്പോസിയവും പുസ്തകപ്രകാശനവും സ. കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.



സേവ് യൂണിവേഴ്സിറ്റി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് സംഘടിപ്പിച്ച ജനകീയ കൺവെൻഷൻ സ: എളമരം കരീം ഉദ്ഘാടനം ചെയ്യുന്നു.



സർവ്വകലാശാല വിദ്യാഭ്യാസ സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിയ്ക്കു മുന്നിൽ നടത്തിയ ബഹുജനധർണ്ണ സ: പി. ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു.




സർവ്വകലാശാല വിദ്യാഭ്യാസസംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ പഴയ ബസ്സ്റ്റാന്റ് പരിസരത്ത് സംഘടിപ്പിച്ച സായാഹ്നധർണ്ണ സ:കെ.കെ.രാഗേഷ് ഉദ്ഘാടനം ചെയ്യുന്നു.

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 245 JULY-AUGUST 2014



EDITORIAL BOARD

*Chief Editor*

**Promod Vellachal**

*Managing Editor*

**Prof. R. Mohanakrishnan**

*Assistant Editor*

Dr. M.S.Vasanthakumar

*Members*

Dr. K. P. Sukumaran Nair

Dr. K. Sreevalsan

Dr. D.K. Babu

Prof. A.G. Oleena

Dr. Kusalakumari

Prof. T.K.Ramakrishnan

Dr. C. Unnikrishnan

Dr. Rakhi Rgahavan

Dr. K.Biju kumar

Dr. I.G. Shibi

Prof. A.C. Sreehari

Prof. N. Vipin Chandran

Dr. N.Gopa kumar

Dr. Ajith. G. Krishna


Dr. S. Soju

Prof. N. K. Sunilkumar

Prof. Sreejith



AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org


# 245

## inside


മാർക്കേസ്: അനശ്വരതയുടെ മായിക ലോകം
**ഡോ.സി.ഉണ്ണികൃഷ്ണൻ**

ഗാസാ മുനമ്പിലെ നിലയ്ക്കാത്ത നിലവിളികൾ
**ഡോ.അജി.സി.പണിക്കർ**

MEDIATIONS:Visual Literary in the Age of 'Modi'fication:
**A.C. Sreehari**

**Lower Class Gains Nothing, Middle Class to Pay More,**
But the Super Rich Gains Everything
**Dr. Krishnadas**

വിവാ ജർമനി
**ബാബുരാജൻ നല്ലൂരങ്ങാടി**

Narcissism, Post-Modernism and what we see on the Wayside
**Reji Paikkattu**

കണ്ണൂർ സർവ്വകലാശാലയുടെ വർത്തമാനം
**ഡോ. ജെയിംസ് പോൾ**

നീലം കുറിച്ച ചരിത്രവും രസതന്ത്രവും
**ഡോ.എം.എസ്.വസന്തകുമാർ**

കുത്താട്ടുകുളം മേരി – സമരോത്സുക ജീവിതത്തിന്റെ സഞ്ചാര പഥങ്ങൾ
**എ.ജി.ഒലീന**

Union Budget 2014-15:An Analysis
**Dr.Kumar S P**

സൗരയൂഥത്തിൽ എവിടെയൊക്കെ ജീവനുണ്ടാകും?
**ഡോ.എം.ആർ.സുദർശനകുമാർ**



Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.



Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141 Chief Editor:Prof. Pramod Vellachal

CHIEF EDITOR'S DESK



# അനന്തമൂർത്തി സംസ്കാരം സ്വാതന്ത്ര്യം

അക്ഷരങ്ങളുടെ മനുഷ്യപ്പറ്റുകൊണ്ട് ജ്ഞാനപീഠ ജേതാവായ ഡോ.യു.ആർ. അനന്തമൂർത്തിക്ക് എ.കെ.പി.സി.ടി.എ യുടെ പ്രണാമം. ജീവിതത്തിൽ നിന്ന് മരണത്തിലേക്ക് ഒരാൾ നടന്നുനീങ്ങുമ്പോൾ സ്മരണീയമാകുന്നത് അയാൾ അവശേഷിപ്പിച്ച ജീവിതത്തിന്റെ മാതൃക തന്നെയാണ്. കന്നട സാഹിത്യത്തിന്റെ പെരുമ വാനോളമുയർത്തിയ എഴുത്തുകാരൻ, അധ്യാപകൻ, വൈസ്ചാൻസലർ, പ്രക്ഷോഭകാരി എന്നീ നിലകളിൽ അനന്തമൂർത്തി നവോത്ഥാനത്തിന്റെ കണ്ണിയോ തരംഗമോ ഒക്കെയാണ്. ഒരാൾ മരിക്കുമ്പോൾ തെരുവിൽ അഹ്ലാദത്തിൽ തിമർത്ത് വെടിപൊട്ടിക്കുന്നത് ഒരു ഭാരതീയ സംസ്കാര രീതിയല്ല. ദൗർഭാഗ്യവശാൽ വർഗ്ഗീയ വാദികൾ അദ്ദേഹത്തിന്റെ മരണം ആഘോഷിക്കുകയായിരുന്നു. നീതിപീഠങ്ങളുടെ ധാർമ്മിക വിചാരങ്ങൾ കെട്ടുപോവാത്തതുകൊണ്ട് കർണ്ണാടക ഹൈക്കോടതി അവർക്കെതിരെ കേസ് ,ചാർജ്ജ് ചെയ്തിട്ടുണ്ട് എന്ന് പത്രത്തിൽ വായിക്കാൻ സാധിച്ചു. ഭാരതത്തിന്റെ ജനാധിപത്യവേദിയിലേക്ക് നരേന്ദ്രമോദി വരികയാണെങ്കിൽ താൻ രാജ്യം വിട്ടുപോകും എന്ന അദ്ദേഹത്തിന്റെ പരാമർശമാണ് ഇതിന് കാരണം. ബി.ജെ.പി. അധികാരത്തിൽ വന്നപ്പോൾ വിമാനടിക്കറ്റ് എടുത്ത് കൊടുത്ത് അദ്ദേഹത്തെ നാടുകടത്താൻ ഒരുങ്ങിപ്പുറപ്പെട്ടവർ ഭാരതീയ ജനാധിപത്യ ബോധത്തിന്റേയോ സഹിഷ്ണുതാ സംസ്കാരത്തിന്റേയോ ഏഴയൽപ്പക്കത്ത് നിൽക്കാത്തവരാണ്. അവരാണ് ഇന്ത്യയിലെ പരമോന്നത സാഹിത്യ പുരസ്കാരമായ ജ്ഞാനപീഠം ലഭിച്ച ഒരാളെ ജീവിതത്തിലും അതിനുശേഷവും പീഢിപ്പിച്ചത്.

ജാതിമത ബോധങ്ങളുടെ വരേണ്യമായ അഹന്തകളോട് സന്ധിയില്ലാത്ത എഴുത്തും വാക്കുമായിരുന്നു അനന്തമൂർത്തി. അഗ്രഹാരങ്ങളിലെ മേൽക്കോയ്മകൾ അവകാശമായി കൊണ്ടാടുമ്പോഴും മനുഷ്യർ മാനുഷികമായ വികാരങ്ങളുടെ പ്രതിരൂപമാണെന്നും ഉച്ചനീചത്വങ്ങളുടെ ഉള്ളടക്കങ്ങൾ അനാവരണം ചെയ്യപ്പെടുമ്പോൾ മാത്രമേ അത് വെളിവാക്കപ്പെടുന്നുള്ളൂവെന്നും അദ്ദേഹം കാണിച്ചു തന്നിട്ടുണ്ട്.

നമ്മുടെ വെസ്ചാൻസലർമാരെല്ലാം കൈയ്യാങ്കളിപോലും നടത്തുന്ന പുതിയകാലത്ത് സാമൂഹിക നവോത്ഥാനത്തിനുവേണ്ടി ജീവിതത്തിന്റെ ഭീഷണികൾ വകവയ്ക്കാതെ പ്രക്ഷോഭകാരിയായി തലയെടുപ്പോടെ ആൾ കൂട്ടങ്ങളിലൊരാളായി ജീവിച്ച് മരിച്ച മഹാത്മാഗാന്ധി സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലർ കൂടിയായിരുന്ന ഡോ.യു.ആർ.അനന്തമൂർത്തി. ജീവിതത്തിനും സംസ്കാരത്തിനും സ്വാതന്ത്ര്യത്തിനും അദ്ദേഹം നൽകിയ വിവക്ഷകൾ എന്നും അനുകരണീയവും ജനാധിപത്യപരവുമായിരുന്നു.

ഭരണകൂടങ്ങളും കോർപ്പറേറ്റുകളും തമ്മിലുള്ള സമ്പൂർണ്ണ ലയനമാണ് ഫാസിസമെങ്കിൽ എല്ലാം ഓട്ടോണമസ് ആക്കി തീർക്കാൻ വെമ്പൽ കൊള്ളുന്ന വികസനങ്ങളുടെ പുതിയ കാലത്ത് അനന്തമൂർത്തിയുടെ ഓർമ്മപോലും ഒരു സമരായുധമാണ്. ഒന്നും അവസാനിക്കുകയല്ല. എല്ലാം ആരംഭിക്കുകയാണ് എന്ന ബോധമാണ് നമുക്കാവശ്യം.

**എല്ലാ വായനക്കാർക്കും ഓണാശംസകൾ**

ചീഫ് എഡിറ്റർ



ഡോ.കെ.ശ്രീവത്സൻ
*ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ*

# അധ്യാപകരുടെ പ്രൊമോഷനും പ്ലേസ്മെൻറുകളും ഉടൻ തന്നെ നൽകുക

കേരളത്തിൽ യു ജി സിയുടെ ആറാം പദ്ധതി നടപ്പിലാക്കിയത് 1.1.2006 മുതലാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കിക്കൊണ്ട് കേരള സർക്കാർ ഉത്തരവായത്. 27.3.2010 ലാണ്. ആറാം പദ്ധതി അനുസരിച്ചുള്ള പുതിയ റഗുലേഷൻ യു ജി സി പുറത്തിറക്കിയത് 30.6.2010 ലാണ്. എന്നാൽ അത് കേന്ദ്ര ഗസററിൽ പ്രസിദ്ധീകരിച്ചത് 18.9.2010 ലാണ്. കേരളത്തിലും യു ജി സി റഗുലേഷൻ പൂർണ്ണമായി നടപ്പിലാക്കാൻ സർക്കാർ ഉത്തരവിറക്കുകയുണ്ടായി. പുതിയ റഗുലേഷൻസിലെ രണ്ടു കാര്യങ്ങൾ നടപ്പിലാക്കുന്നത് തടഞ്ഞു കൊണ്ട് കേരള സർക്കാർ പിന്നീട് ഉത്തരവിറക്കി. അതിലൊന്ന് അധ്യാപകരെ സെലക്ററ് ചെയ്യുന്ന കമ്മിററിയുടെ ഘടനയെക്കുറിച്ചുള്ളതും, മററൊന്ന് വിരമിക്കുന്ന പ്രായത്തെക്കുറിച്ചുള്ളതുമായിരുന്നു. ഇതനുസരിച്ച് കേരളത്തിലെ സർവ്വകലാശാലകൾ പുതിയ യു ജി സി റെഗുലേഷൻ സർവ്വകലാശാലകളിൽ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു. പക്ഷെ അതനുസരിച്ചുള്ള പ്ലേസ്മെൻറുകളും, പ്രമോഷനും അധ്യാപകർക്കു ലഭ്യമാക്കാമാവശ്യമായ നടപടികൾ സർവ്വകലാശാലകൾ ഇതുവരെ സ്വീകരിച്ചിട്ടില്ല.

2011 ൽ യു ജി സി റെഗുലേഷൻ അപ്പാടെ നടപ്പാക്കാൻ ഉത്തരവ് പുറപ്പെടുവിച്ച മഹാത്മാഗാന്ധി സർവ്വകലാശാല പിന്നീട് അതിൻമേൽ യാതൊരു നടപടിയും സ്വീകരിച്ചട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേററു ചെയ്തിട്ടുള്ള എയ്ഡഡ് കോളജുകളിലെ ഒരധ്യാപനെ പോലും 2011 നു ശേഷം യാതൊരുവിധ പ്ലേസ്മെൻറും പ്രൊമോഷനും ലഭിച്ചട്ടില്ല എന്നുള്ളത് സർവ്വകലാശാലയുടെ കെടുകാര്യസ്ഥതയും മൂല്യച്യുതിയുമാണ് കാണിക്കുന്നത്. രണ്ടാമതായി പുതിയ റെഗുലേഷൻ നടപ്പിലാക്കിയത് കണ്ണൂർ സർവ്വകലാശാലയിലാണ്. അവിടെ സ്ഥിതിഗതി മററു സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമാണ്. പ്ലേസ്മെൻറും, പ്രമോഷനും നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ തുടങ്ങുകയും, എ പി ഐ സ്കോർ നേടുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും ചെയ്ത്. അതനുസരിച്ച് 2008 ന് ശേഷം പ്ലേസ്മെൻറിനും, പ്രമോഷനും അർഹരായ അധ്യാപകർ തങ്ങളുടെ രേഖകൾ എല്ലാം സർവ്വകലാശാലയ്ക്ക് സമർപ്പിച്ചിരിക്കയാണ്. എന്നാൽ കോഴിക്കോട് സർവ്വകലാശാലയിൽ കാര്യങ്ങൾ വേറെയൊരു ദിശയിലാണ് നീങ്ങുന്നത്. അവിടെ 2013 ലാണ് *regulation* യൂണിവേഴ്സിററിയുടെ അക്കാദമിക് കൗൺസിൽ പാസ്സാക്കിയത്. അതനുസരിച്ച് പുതിയ റഗുലേഷനനുസരിച്ചുള്ള പ്ലേസ്മെൻറും പ്രമോഷനും നൽകേത് പുതിയ റഗുലേഷൻ യൂണിവേഴ്സിററി ഓർഡിനൻസായി ഇറക്കിയതിനു ശേഷം മാത്രമാണ്. കോഴിക്കോട് യൂണിവേഴ്സിററി ഇപ്പോൾ പുതിയ റഗുലേഷനനുസരിച്ചേ 1.9.2008 നു ശേഷം പ്ലേസ്മെൻറും പ്രമോഷനും നൽകാൻ കഴിയൂ എന്ന നിലപാട് എടുത്തിരിക്കയാണ്. ഇത് യൂണിവേഴ്സിററിയുടെയും യുജിസിയുടെയും നിയമങ്ങൾക്കു വിരുദ്ധമായിട്ടുള്ള നിലപാടാണ്. ഇതിനെതിരെ ശക്തമായ പ്രതിഷേധം നമ്മൾ സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. യു ജി സി തന്നെ റഗുലേഷൻ കൊണ്ടു വന്നത് 30. 6. 2010 ലാണെന്ന് നമുക്കറിയാം.

ഒരു റഗുലേഷനും മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാൻ കഴിയില്ല എന്നുള്ള കാര്യം യു ജി സിയുടെയും, യൂണിവേഴ്സിററികളുടെയും ആക്ററിലും സ്റ്റാററ്യൂട്ടറിലും ഉള്ളതാണ്. സർവ്വകലാശാലാ നിയമങ്ങളൊക്കെ സൗകര്യപൂർവ്വം ഒഴിവാക്കി, തങ്ങളുടെ താൻ പോരിമ കാണിക്കാൻ സർവ്വകലാശാലാ ഭരണാധികാരികൾ ശ്രമിക്കുന്ന കാഴ്ചയാണ് കോഴിക്കോട് സർവ്വകലാശാലയിൽ ഉള്ളത്.

കേരള സർവ്വകലാശാലയിൽ പുതിയ റഗുലേഷൻ അക്കാദമിക് കൗൺസിൽ പാസാക്കിയത് 2013 നവംബറിലാണ്. നാളിതു വരെ അതിൻെറ അനന്തര നടപടികളെക്കുറിച്ച് സർവ്വകലാശാല ഒന്നും തന്നെ പറഞ്ഞിട്ടില്ല. അക്കാദമിക് കൗൺസിൽ പാസാക്കിയ റഗുലേഷനനുസരിച്ച് നിലവിലുള്ള സർവ്വകലാശാല ഓർഡിനൻസിൽ മാററങ്ങൾ വരുത്തണം. അങ്ങനെ മാററങ്ങൾ വരുത്തിയതിനു ശേഷം മാത്രമേ അധ്യാപകർക്ക് പ്ലേസ്മെൻറും പ്രമോഷനും നൽകാൻ കഴിയൂ. സർവ്വകലാശാലയിൽ സിൻഡിക്കേററ് ഇപ്പോൾ നിലവിലില്ല. വി സി മാത്രമാണ് ഇപ്പോൾ സർവ്വകലാശാല ഭരണം നിയന്ത്രിക്കുന്നത്. അദ്ദേഹത്തോട് നിരന്തരമായി നമ്മൾ ഈ പ്രശ്നം ആവശ്യപ്പെടുന്നുണ്ട്. പക്ഷെ വി സി ഇങ്ങനെയുള്ള കാര്യങ്ങളിൽ ഒരു അനങ്ങാപ്പാറ നയമാണ് സ്വീകരിച്ചിരിക്കുന്നത്.


ഇങ്ങനെ വളരെ വ്യത്യസ്തമായ അവസ്ഥകളിലാണ് കേരളത്തിലെ സർവ്വകലാശാലകളിൽ പുതിയ യു ജി സി റെഗുലേഷനനുസരിച്ചുള്ള പ്രമോഷനും പ്ലേസ്മെൻറും അധ്യാപകർക്ക് സമയബന്ധിതമായി ലഭിക്കേണ്ടുന്ന പ്ലേസ്മെൻറും, പ്രമോഷനും വച്ച്താമസിപ്പിച്ച് നിഷേധിക്കുന്ന സർവ്വകലാശാലകളുടെ ഈ നടപടി നമുക്ക് നോക്കിക്കൊണ്ട് നിൽക്കാൻ കഴിയില്ല. അതുകൊണ്ട് സർവ്വകലാശാലകൾക്കെതിരെ ശക്തമായ സമരനടപടികൾ നമുക്ക് നടത്തേണ്ടതുണ്ട്.സമരപരിപാടികളുടെ ആദ്യപടിയായി നമ്മൾ എം ജി , കോഴിക്കോട് സർവ്വകലാശാലകളിലേക്ക് മാർച്ചും ധർണ്ണയും നട,ത്തുകയുണ്ടായി. പ്രസ്തുത പ്രക്ഷോഭ പരിപാടികൾ നമുക്ക് മററു സർവ്വകലാശാലകളിലേക്കും നടത്തേണ്ടതുണ്ട്. നമുക്ക് ന്യായമായി ലഭിക്കേണ്ടുന്ന പ്ലേസ്മെൻറും, പ്രമോഷനും അപ്രൂവലും സമയബന്ധിതമായി നേടുന്നതിനാവശ്യമായ പ്രക്ഷോഭ പരിപാടികൾ സംഘടനയുടെ നേതൃത്വത്തിൽ നമ്മൾ നടത്തും. അതിലേക്ക് എല്ലാ അധ്യാപകരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു

## സർവ്വകലാശാല സംരക്ഷണസമിതി നിയമസഭ മാർച്ച് - 2014 ജൂലൈ 17




കോളേജുകൾക്ക് സ്വയംഭരണം നൽകുന്ന ബിൽ ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കേരളവിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ നിയമസഭാ മാർച്ച് നടത്തി. മാർച്ച് പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കോളേജുകൾക്ക് സ്വയം ഭരണ പദവി നൽകുന്നുവെന്ന് വ്യാഖ്യാനിച്ച് ജനാധിപത്യാവകാശങ്ങൾ നിഷേധിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കോടിയേരി പറഞ്ഞു. അക്കാദമി സ്വാതന്ത്ര്യമടക്കമുള്ള എല്ലാ ജനാധിപത്യാവകാശങ്ങളും നിഷേധിക്കപ്പെടും. പൂർണ്ണമായ വാണിജ്യവൽക്കരണമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കോടിയേരി പറഞ്ഞു.

കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എ.കെ.ഉണ്ണികൃഷ്ണൻ കേരള എൻ.ജി.ഒ യൂണിയൻ ജനറൽ സെക്രട്ടറി എ.ശ്രീകുമാർ, കെ.ജി.ഒ. ജനറൽസെക്രട്ടറി ശിവകുമാർ, സെക്രട്ടറിയേറ്റ് എംപ്ലോയീസ് യൂണിയൻ ജനറൽ സക്രട്ടറി അഭിലാഷ് കൃഷ്ണൻ, എ.കെ.ജി.സി.ടി ജനറൽ സെക്രട്ടറി സുദർശനപിള്ള, എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി കെ.വത്സൻ, കേരള യൂണിവേഴ്സിറ്റി എംപ്ലായീസ് യൂണിയൻ ജനറൽസെക്രട്ടറി സുനിൽ കുമാർ എന്നിവർ സംസാരിച്ചു.



# മാർക്വേസ്: അനശ്വരതയുടെ മായിക ലോകം



ഡോ.സി.ഉണ്ണികൃഷ്ണൻ
*ഡി.ബി. കോളജ്, ശാസ്താംകോട്ട*

കാൽനൂറ്റാണ്ട് മുമ്പാണ്, മലയാളം എം. എ . പഠനം കഴിഞ്ഞ് പാരലൽ കോളജിനെ അഭയം പ്രാപിച്ച കാലഘട്ടം. കവിതയും കഥയുമായി കുട്ടികൾക്കു മുന്നിൽ നിന്നപ്പോൾ കൗതുകം കൊണ്ടു നിറഞ്ഞ കുട്ടികൾക്ക് ക്ലാസ് വല്ലാതെ ഇഷ്ടപ്പെട്ടതായി തോന്നി. പൊതുവേ വിരസ്സമായ സബ്ജക്ട് ക്ലാസ്സുകളിൽ നിന്ന് സെക്കന്റ് ലാംഗ്വേജ് ക്ലാസുകളെ അവർ ആശ്വാസമായി കണ്ടു. നല്ല അധ്യാപകൻ എന്ന പേരിലേക്ക് കടന്നതോടെ നാട്ടിലെ ക്ലബ്ബുകളും വായനശാലകളും സംഘടിപ്പിക്കുന്ന സെമിനാറുകളിലേക്കും ചർച്ചകളിലേക്കും വാതിൽ തുറന്നു കിട്ടി. ഒരു ഗ്രാമീണ ബുദ്ധിജീവിയായി മാറാനുള്ള അവസരങ്ങളും വന്നു ചേരുമ്പോഴാണ് എന്നെ വല്ലാതെ ഉലച്ച ആ സംഭവം ഉണ്ടാകുന്നത്. ഒരു ഗ്രന്ഥശാലയുടെ സുവർണജുബിലി ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഖസാക്കിന്റെ ഇതിഹാസവും ആധുനിക ഭാവുകത്വവും' എന്ന സെമിനാറിൽ വിഷയാവതാരകനായി ക്ഷണിക്കപ്പെട്ടു. എം. എ. പഠനകാലത്ത് ഏറ്റവും മനസ്സിരുത്തി പഠിച്ച പുസ്തകം . പിന്നീട് ഒട്ടൊരനുഭൂതിയോടെ ഹൃദയത്തിൽ ഇടം നേടിയ ഖസാക്കിന്റെ ഇതിഹാസത്തെ മുൻനിറുത്തി പ്രബന്ധം സ്വന്തം നാട്ടുകാർക്ക് മുമ്പിൽ അവതരിപ്പിക്കാൻ കിട്ടിയത് മഹാഭാഗ്യമായി കരുതി. സർവ്വ സന്നാഹങ്ങളോടെ ഞാൻ പ്രബന്ധം അവതരിപ്പിച്ചു. കേൾവിക്കാർക്ക് എങ്ങനെ എന്നറിയില്ല. ഞാൻ പൂർണ തൃപ്തനായി ഇരുന്നു. മോഡറേറ്റർ ചർച്ചക്കായി ഓരോരുത്തരെ വിളിച്ചു. വന്നവരെല്ലാം പ്രബന്ധത്തെയും എന്നെയും പുകഴ്ത്തി. ഞാൻ അഭിമാനത്തിന്റെ കൊടുമുടിയിൽ എന്നെ പ്രതിഷ്ഠിച്ച് ഞെളിഞ്ഞിരിക്കെ ഇത്തിരിയോളം പോന്ന ഒരു ചെറുപ്പക്കാരൻ മൈക്കിന് മുന്നിലേക്ക് വന്നു. വളരെ ദൃഢമായ ശബ്ദത്തിൽ അയാൾ ചോദിച്ചു.

ഖസാക്കിന്റെ ഇതിഹാസത്തെ ഇത്ര കൂലങ്കശമായി സമീപിച്ച പ്രബന്ധകാരൻ 'ഏകാന്തയുടെ നൂറുവർഷങ്ങൾ'

College Teacher.job-FORM 1 A

വായിച്ചിട്ടുണ്ടോ? ഗബ്രിയേൽ ഗാർസ്യമർക്കേസിന്റെ ഏതെങ്കിലും കൃതികൾ അനുഭവിച്ചിട്ടുണ്ടോ? മാജിക്കൽ റിയലിസത്തിന്റെ ബാലപാഠങ്ങളെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ? ഈ ചോദ്യങ്ങൾക്ക് ശേഷം അയാൾ വ്യക്തമായി പറഞ്ഞു. മാർക്കേസിനെ അനുഭവിച്ച ഒരാൾക്കും ഖസാക്കിന്റെ ഇതിഹാസത്തെ ഇത്രപാടിപുകഴ്ത്താനാവില്ല. ആധുനിക ഭാവുകത്വത്തെ കേവലം പ്രാദേശിക ജീവിത പരിസരങ്ങളിൽ ചുരുക്കി നിർത്തുമ്പോൾ സംഭവിക്കുന്ന അപകടം മനസ്സിലാക്കാൻ എന്റെ പ്രബന്ധം ഒന്നുമാത്രം മതിയെന്ന് അയാൾ സദസ്സിനെനോക്കി പറഞ്ഞപ്പോൾ എന്നെയും എന്റെ പ്രബന്ധത്തേയും അഭിനന്ദിച്ചവർകൂടി അയാൾക്ക് പിന്തുണനൽകി കഴിയുന്നത്ര ശക്തിയിൽ കൈയ്യടിക്കുന്നത് ഞാൻ കണ്ടു. എന്റെ അഹന്തയുടെ എല്ലാ പാഴ്ക്കുമിളകളും പൊട്ടിപ്പോകുന്ന മുഹൂർത്തമായിരുന്ന അത് . എം. എ. പഠനം കൊണ്ട് മാത്രം സാഹിത്യത്തിൽ ജീവിച്ചു പോകാനാവില്ലെന്നു ഞാൻ മനസ്സിലാക്കി. യാഥാർത്ഥത്തിൽ മാർക്ക്വേസും ആ സാഹിതിപ്രപഞ്ചവും അന്നുവരെ എനിക്കന്യമായിരുന്നു. മാർക്കേസിനെ അറിയാത്ത മലയാളി കേവലം ഒരു മന്ദബുദ്ധിയാണെന്ന് എനിക്ക് തോന്നിപ്പോയി . ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ഞാൻ വല്ലാതെ തളർന്നു പോയിരുന്നു. 'പത്മവ്യൂഹത്തിലകപ്പെടുക' എന്ന ചൊല്ല് എനിക്ക് ശരിക്കും ബോധ്യപ്പെട്ടു. അവിടെവച്ച് ഞാൻ ഒന്നുതീരുമാനിച്ചു. എവിടെ വെച്ചെങ്കിലും മാർക്ക്വേസിനെ അറിയണം, അനുഭവിക്കണം.

മാർക്ക്വേസിനെ തേടിയുള്ള എന്റെ യാത്ര വിശ്വപ്രശസ്തമായ 'ഏകാന്തതയുടെ നൂറുവർഷങ്ങളിലും' 'കോളറെകാലത്തെ പ്രണയത്തിലും' മാത്രമല്ല അദ്ദേഹത്തിന്റെ ആദ്യനോവലായ 'ലീഫ്സ്റ്റോം' തുടങ്ങി 'നോവൺ റൈറ്റ്സ് റ്റു ദി കൊളോണൽ ' 'ബിഗ്മാസ് ഫ്യൂണെറൽ' തുടങ്ങിയ കൃതികളിലേക്കും ഒട്ടധികം ചെറുകഥകളിലേക്കും ചെന്നത്തി. 'ലിവിങ് ടു ടെൽ ദ ടെയൽ'പോലുള്ള അദ്ദേഹത്തിന്റെ ആത്മകഥ പകർന്നു തരുന്ന വായനാസുഖം അനിർവചനീയമാണ്.

മാർക്കേസ് യഥാർത്ഥത്തിൽ കഥ പറയുകയായിരുന്നില്ല. ജീവിതം പകർത്തുകയായിരുന്നു. ഓർമ്മകൾ തിങ്ങിവിങ്ങുന്ന അദ്ദേഹത്തിന്റെ ആവിഷ്കരണത്തിലെവിടെയും ഭാവന നിറം പിടിപ്പിക്കുന്നില്ല. താൻ കണ്ടതും കേട്ടതും അനുഭവിച്ചതുമായ ജീവിതത്തെ ഒട്ടും സങ്കീർണ്ണതകൾകൂടാതെ അദ്ദേഹം ആവിഷ്കരിച്ചു. കുട്ടിക്കാലത്തെ തന്നെ പിടികൂടിയ കഥകളുടെ മായികലോകം ആവിഷ്ക്കരണത്തിലാന്തിദ്യം അദ്ദേഹത്തിന് കൂട്ടായി. ആ മായാലോകത്തിൽനിന്ന് യാഥാർത്ഥ്യത്തിന്റെ പൂക്കൾ അദ്ദേഹം വിരിയിച്ചു. മാജിക്കൽ റിയലിസം എന്ന് പുകൾക്കൊള്ളുന്ന വിശേഷങ്ങൾ കേവലം പുതുമയ്ക്കുവേണ്ടി സാഹിത്യത്തിൽ നിർമ്മിച്ചെടുത്ത സാങ്കേതിക രൂപമല്ല., മറിച്ച് താൻ പറഞ്ഞ ജീവിതം ഒരു ഭ്രമാത്മകത പോലെ അനുഭവപ്പെടുകയായിരുന്നു. ഓർമ കൊണ്ടോ സ്വപ്നം കൊണ്ടോ അറിഞ്ഞ യാഥാർത്ഥ്യങ്ങളേ മാർക്കേസിന്റെ മാജിക്കൽ റിയലിസത്തിലുള്ളു. അതെങ്ങനെ രൂപം കൊണ്ടു എന്ന് ആത്മകഥയിലും ജെറാൾഡ് മാർട്ടിനെപ്പോലെയുള്ളവർ എഴുതിയ ജിവചരിത്രത്തിലും വിശദമാക്കപ്പെട്ടിട്ടുണ്ട്.

ഓർമയെ സാഹിത്യസൃഷ്ടിക്കുള്ള ഏറ്റവും വലിയ ഉപദാനമാക്കി മാറ്റാം എന്ന് തെളിയിച്ച എഴുത്തുകാരനാണ് മാർക്കേസ്. ആർത്തിരമ്പുന്ന ഒരു മഹാസമുദ്രം പോലെയായിരുന്നു ഓർമകൾ അലയടിക്കുന്ന ആ മനസ്സ്. ഒന്നിനുമേൽ ഒന്നായി ഓർമകളുടെ തിരകൾ അലറിപ്പാഞ്ഞെത്തുമ്പോൾ എഴുതാതിരുന്നാൽ ആ തിരകൾ തന്നെ തന്നെ വിഴുങ്ങുമെന്ന് ആദ്ദേഹം ഭയപ്പെട്ടു. ഓർമകളുടെ ഇരമ്പലിൽ നിന്ന് രക്ഷപ്രാപിക്കാൻ കണ്ടെത്തിയ അഭയകേന്ദ്രമാണ് മാർക്കേസിന് തന്റെ രചനകൾ. വികാരത്തിന്റെ കുത്തൊഴുക്കെന്ന് കാല്പനികരും, വികാരത്തിന്റെ വിമോചനമെന്ന് ആധുനികരും, സാഹിത്യത്തെ നിർവചിച്ചപ്പോൾ ഓർമയുടെ കുത്തൊഴുക്കോ, വിമോചനമോ ആണ് മാർക്കേസിന് സാഹിതീ സൃഷ്ടികൾ. ഓർമകൾക്ക് സംഭവിച്ച രൂപാന്തരപ്രാപ്തിയാണ് 'മാജിക്കൽ റിയലിസ'മായി മാറിയത് . അനുഭവിച്ചു തീർത്ത ജീവിതത്തിന്റെ ആകെതുകയിൽ നിന്ന് മിച്ചം പിടിച്ചെടുത്തവയായിരുന്നില്ല മാർക്കേസിന് ഓർമ്മകൾ. ജീവിച്ചു തുടങ്ങും മുമ്പേ ജീവിക്കാനുള്ള സമ്പാദ്യമായി അദ്ദേഹം മനസ്സുനിറയെ ഓർമ്മകൾ ശേഖരിക്കുകയായിരുന്നു. ആ ഓർമ്മകളുടെ ബലം മാർക്കേസിന് ഏകിയ ആത്മവിശ്വാസം വളരെ വലുതായിരുന്നു. 'നിയമപരീക്ഷ' എഴുതി ജയിക്കുമോ? എന്ന മകന്റെ ഭാവിയെക്കുറിച്ചുള്ള ഉൽകണ്ഠ കലർന്ന അമ്മയുടെ ചോദ്യത്തിന് 'എഴുതി ജയിക്കുക തന്നെ ചെയ്യും. 'എന്നായിരുന്നു മാർക്കേസിന്റെ മറുപടി . ഏത് സർവ്വകലാശാലയുടെ പരീക്ഷയെക്കാളും ജീവിതം എന്ന പാഠപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള പരീക്ഷ താൻ വിജയിക്കും എന്ന ആത്മവിശ്വാസമാണ് അദ്ദേഹം അമ്മയുമായി പങ്കുവെച്ചത്. എഴുത്തിൽ ലോകത്തിലെ ഒന്നാം റാങ്കുകാരനായി മാറിക്കൊണ്ട് തന്റെ വാക്ക് അദ്ദേഹം പാലിച്ചു. മാത്രമല്ല ലോകത്തിലെ ഏറ്റവും ജനപ്രിയ എഴുത്തുകാരനായിക്കൂടി ചരിത്രത്തിലിടം നേടുകയും ചെയ്തു.

രണ്ടുമുതൽ ഏഴുവരെയുള്ള അഞ്ചുവയസ്സ്, ഒരു സാധാരണ കുട്ടിയിൽ ഓർമ്മകൾ തളിരിട്ട് തുടങ്ങുകയുള്ളൂ. എന്നാൽ ഈ അഞ്ചു വർഷംകൊണ്ട് മാർക്കേസ് എന്ന കുട്ടി ആർജ്ജിച്ചെടുത്ത അനുഭവസമ്പത്ത്അപാരമായിരുന്നു. അമ്മയുടെ മാതാപിതാക്കൾക്കൊപ്പം കഴിഞ്ഞ ഈ അഞ്ചുവർഷക്കാലത്ത് നേടിയെടുത്ത അകവും പുറവുമുള്ള ജീവിത ചിത്രങ്ങളും അനുഭവ മണ്ഡലങ്ങളും മതിയായിരുന്നു ആ പ്രതിഭാശാലിക്ക് ലോക സാഹിത്യത്തിൽ കടന്നിരിക്കാൻ. കേണൽ എന്ന് വിളിപ്പേരുള്ള മുത്തച്ഛനാണ് പുറം ലോകത്തിലെ വാതിലുകളെല്ലാം മാർക്കേസ് എന്ന കുട്ടിക്ക് മുന്നിൽ തുറന്നിട്ടത്. വാക്കുകളുടെ ശക്തിയും അനുഭവങ്ങൾ ഒപ്പിയെടുക്കാനുള്ള അതിന്റെ മാസ്മരിക ബലവും പകർന്നു നൽകിയതും മുത്തച്ഛനാണ്. യാത്രാപ്രിയനായ മുത്തച്ഛൻ തന്റെ സഹയാത്രികനായി പേരക്കുട്ടിയയെയും കൂട്ടി ഗ്രാമങ്ങളും നഗരങ്ങളും അന്വേഷിച്ചു. മുത്തച്ഛന് സമയം കൊല്ലാ




നുള്ള ഒരു മാർഗ്ഗമായിരുന്നു ഈ യാത്രകളെങ്കിൽ ആ പേരകുട്ടിയ്ക്ക് മനസ്സുനിറയെ അനുഭവങ്ങൾ വാരി നിറയ്ക്കാനുള്ള ഉത്സവങ്ങളായിരുന്നു അതെന്ന് മുത്തച്ഛൻ അറിഞ്ഞതേയില്ല. കാഴ്ചയും കേൾവിയും സ്പർശനവും ഗന്ധവുമെല്ലാം ഒന്നു തുറക്കുമ്പോൾ ഒരായിരം ഓർമകൾ പുറത്തുവരത്തക്ക ചെപ്പുകളാക്കി ആ കുട്ടി മനസ്സിൽ സൂക്ഷിച്ചു.

പുറം ലോകത്തെ വിശാലമായി കാഴ്ചകൾ മനസ്സിനെ കൂടുതൽ ആഴവും പരപ്പുമുള്ളതാക്കി . അകം ലോകത്തെ അനുഭവങ്ങൾ ഏറ്റുവാങ്ങാൻ അതിനെ പ്രാപ്തമാക്കി. മുത്തച്ഛനിൽ നിന്ന് വിടുതൽ വാങ്ങി മുത്തശ്ശിയിലേക്കെത്തുമ്പോൾ കണ്ടതും കേട്ടതുമല്ലാത്ത ഒരു അപരലോകത്തിന്റെ വാതിലുകളാണ് അവർ കുട്ടിക്ക് മുന്നിൽ തുറന്നിട്ടത്. യക്ഷിയും പ്രേതങ്ങളും വിശുദ്ധരും ചെകുത്താന്മാരും എല്ലാം നിറഞ്ഞ യാഥാർത്ഥ്യത്തിനപ്പുറമുള്ള മറ്റൊരു ലോകം. തെളിമയേക്കാൾ ഇരുളായിരുന്നു ആ കഥാലോകത്തിന്റെ അന്തരീക്ഷം. മുത്തച്ഛൻ പകർന്ന സ്വാതന്ത്ര്യത്തിന്റെ സ്ഥാനത്ത് വല്ലാത്ത ഭയത്തിന്റെ വിത്തുകളാണ് ഇവ സമ്മാനിച്ചത്. സുതാര്യതകളേക്കാൾ വല്ലാത്ത നിഗൂഢതകളായിരുന്നു അവിടെ വിഹരിച്ചത്. ജീവിച്ചിരിക്കുന്നവരേക്കാൾ മരിച്ചവരുടെ കഥകളായിരുന്നു മുത്തശ്ശി കുട്ടിക്ക് പകർന്നു നൽകിയത്. കുട്ടിക്കാലം ചെലവഴിച്ച അറകറ്റായിലെ വലിയ വീടും അതിനെ ചൂഴ്ന്നു നിന്ന നിഗൂഢതകളും ആ കുട്ടിയിൽ സൃഷ്ടിച്ച ഭയസംഭ്രമങ്ങൾ പിന്നീട് എഴുത്തിന്റെ ഒരു മായാപ്രപഞ്ചം തന്നെ സൃഷ്ടിക്കുകയായിരുന്നു. മുത്തച്ഛൻ കാട്ടിത്തന്ന യാഥാർത്ഥ്യത്തിന്റെ ലോകവും മുത്തശ്ശി സൃഷ്ടിച്ചു തന്ന ഭ്രമാത്മകതയുടെ ലോകവും ഉൾച്ചേർത്തുകൊണ്ട് ഓർമകൾ മായുംവരെയും തന്റെ മാന്ത്രിക സ്പർശമുള്ള തൂലികയിൽ പുതിയ ഭാവുകത്വങ്ങൾ അദ്ദേഹം വിരിയിച്ചുകൊണ്ടേയിരുന്നു. 2012-ൽ മാർക്കേസിന്റെ സഹോദരൻ ഓർമകൾ നഷ്ടപ്പെട്ട തന്റെ ജ്യേഷ്ഠനെക്കുറിച്ച് ലോകത്തെ അറിയിക്കുമ്പോൾ അൽഷിമേഴ്സിന്റെ അപകടമല്ല. മറവികൾ സൃഷ്ടിച്ച് അധികാരം അതിന്റെ കൈക്കരുത്ത് കൂടുതൽ കാട്ടുന്ന ഒരു കാലഘട്ടത്തിൽ, ഓർമകൊണ്ട് അതിനോടെതിരിടുന്ന ഒരു വിശ്വപൗരന്റെ ആകസ്മികമായ തിരോധാനം സൃഷ്ടിക്കുന്ന ആഘാതമാണ് വായനാസമൂഹം ഏറ്റുവാങ്ങിയത്.

'ഏകാന്തയുടെ നൂറുവർഷങ്ങൾ', 'കോളറ കാലത്തെ പ്രണയം ', 'വല്യമ്മച്ചിയുടെ ശവസംസ്കാരം' തുടങ്ങിയ മാർക്കേസിയൻ കൃതികളെല്ലാം രൂപംകൊണ്ടത് ശൈശവത്തിൽ ആ മനസ്സ് ഒപ്പിയെടുത്ത അനുഭവങ്ങളിൽ നിന്നാണ്. ഒരു വിസ്മയം പോലെ ലോകം ഏറ്റുവാങ്ങിയ ഏകാന്തയുടെ നൂറു വർഷങ്ങളടക്കമുള്ള മുഖ്യകൃതികളിലെല്ലാം തന്റെ സാങ്കല്പിക നഗരമായ മകാണ്ടോ കടന്നുവരുന്നു. ഏകാധിപത്യത്തിനെതിരെ കേണൽ ഒറീലിയോ ബ്യുവൻഡ് നയിക്കുന്ന സായുധസമരങ്ങളും അദ്ദേഹത്തിന്റെ മുഖ്യ വിഷയമാണ്. ഏകാന്തതയുടെ നൂറു വർഷങ്ങളിൽ മകാണ്ടോ റിപ്പബ്ലിക്കിന്റെ ഉയർച്ചതാഴ്ചകൾ ഐതിഹാസിക രീതിയിലാണ് വിവരിക്കുന്നത്. മകാണ്ടോയിൽനിന്ന് പരാജിതനായി പിൻവാങ്ങിയ ബ്യൂവന്ഡസയുടെ ജീവിതത്തെ ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് അവതരിപ്പിച്ചിരിക്കുന്നു. ക്രൂരമായ സംഘട്ടനങ്ങളും പീഡനങ്ങളും, പാഴായിപോകുന്ന ചെറുത്തുനിൽപ്പുകളും, പിച്ചിചീന്തുന്ന ലാറ്റിനമേരിക്കയുടെ വിഹ്വലതകളുമാണ് മാർക്കേസിന്റെ കൃതികളുടെ ഉള്ളടക്കം എന്നു പറയാം. മാജിക്കൽ റിയലിസത്തിന്റെ തായ്‌വേരുകൾ കൊളംബിയൻ മണ്ണിൽ താഴ്ന്നിറങ്ങുന്നത് അദ്ദേഹത്തിന്റെ കൃതികൾ സൂക്ഷ്മമായി വായിക്കുമ്പോൾ മനസ്സിലാകുന്നു. കോളറ കാലത്തെ പ്രണയത്തിലും തന്റെ ബാല്യകാലാനുഭവങ്ങളും, മുത്തച്ഛനും മുത്തശ്ശിയുമെല്ലാം പ്രതീകവൽക്കരിക്കപ്പെടുന്നുണ്ട്. സ്പാനിഷ് ഭാഷയുടെ മാന്ത്രികധ്വനികളിൽ വിരിഞ്ഞ മാർക്കേസിന്റെ കൃതികൾ ഈ ജന്മത്തിൽ അറിയാതെ പോവുക, എന്നതിന്റെ അർത്ഥം ഈ ജന്മം നാം വ്യർത്ഥമാക്കി എന്നാണ്. അതിനാൽ ഖസാക്കിന്റെ ഇതിഹാസത്തിൽ നിന്ന് എന്നെ മാർക്കേസിലേക്ക് വലിച്ചെറിഞ്ഞ സുഹൃത്തേ നിങ്ങൾക്ക് നന്ദി. പക്ഷേ , ഏകാന്തയുടെ നൂറു വർഷങ്ങൾ അനുഭവിച്ചെങ്കിലെ ഖസാക്ക് ഉൾക്കൊള്ളാനാകൂ എന്ന നിങ്ങളുടെ പരാമർശം ഇപ്പോഴും എനിക്ക് സ്വീകാര്യമല്ല. കാരണം രണ്ട് സംസ്കാര വിശേഷങ്ങളുടെ പശ്ചാത്തലത്തിൽ രണ്ട് പ്രതിഭാശാലികൾ സൃഷ്ടിച്ചെടുത്ത അതീന്ദ്രിയാനുഭവങ്ങളുടേതാണ് ആ രണ്ടു കൃതികളും . സംസ്കാരത്തിന്റെ വ്യത്യസ്തതകൾ കൃതികളെയും ഭിന്നമാക്കുന്നു. അതിനാൽ ഖസാക്കിന്റെ ഇതിഹാസം ഏകാന്തയുടെ നൂറുവർഷങ്ങളുമായി താരതമ്യപ്പെടുത്തി അനുഭവിക്കേണ്ടതല്ല. ഓർമ്മകൾകൊണ്ട് മായികലോകം സൃഷ്ടിച്ച മാർക്കേസ് മാന്ത്രികനില്ലാത്ത വേളയിലും മായാജാലങ്ങൾക്ക് നിലനിൽപ്പുണ്ടെന്ന് തെളിയിച്ചുകൊണ്ടാണ് നമ്മെ വിട്ടുപിരിഞ്ഞത്.




# ഗാസാ മുനമ്പിലെ നിലയ്ക്കാത്ത നിലവിളികൾ




**ഡോ.അജി.സി.പണിക്കർ**
മാർ അത്തനേഷ്യസ് കോളേജ്,
കോതമംഗലം

ഗാസാമുനമ്പിൽ നിന്നുമുയരുന്ന നിലയ്ക്കാത്തനിലവിളികൾ സമാധാന പ്രേമികളുടെ കർണ്ണപുടങ്ങളിൽ നൊമ്പരത്തിന്റേയും പ്രതിഷേധത്തിന്റേയും പ്രതിധ്വനികൾ തീർക്കുന്നു . ഇതുവരെയുള്ള ഇസ്രായേൽ ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരിൽ പകുതിയിലേറെ സ്ത്രീകളും കുട്ടികളുമാണ് എന്ന സത്യം മറച്ചുവെയ്ക്കാനാവില്ല. പൂർണ്ണഗർഭിണിയായ സ്ത്രീ മിസൈൽ ആക്രമണമേറ്റ് പിടഞ്ഞുവീണ് മരിക്കുമ്പോൾ ഗർഭസ്ഥശിശുവിനെ ശസ്ത്രക്രിയയിലൂടെ പുറത്തെടുത്ത് രക്ഷിക്കുവാൻ ശ്രമിച്ച മനുഷ്യത്വത്തിന്റെ പച്ചത്തുരുത്തും തകർത്തെറിഞ്ഞ് ഇൻകുബേറ്ററിൽ കിടന്ന് ലോകം കൺതുറന്നു കാണുവാൻ വെമ്പിയ പിഞ്ചുകുഞ്ഞിനേയും യുദ്ധക്കൊതിയന്മാർ കൊലപ്പെടുത്തിയിരിക്കുന്നു. തങ്ങളുടെ ഓരോ രാത്രികളും മരണവക്രത്തിലേയ്ക്ക് വലിച്ചെറിയപ്പെടുന്നതിന്റെ കാലടിയൊച്ചകൾ ഗാസയിലെ നിരപരാധികൾ കേട്ടുകൊണ്ടിരിക്കുന്നു. പാലസ്തീൻ കുഞ്ഞുങ്ങളേയും ജനതയേയും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ഇസ്രായേൽ നടത്തുന്ന ഈ ആക്രമണപരമ്പര ഏത് അന്താരാഷ്ട്രനയത്തിന്റെ പേരിലാണ് ന്യായീകരിക്കപ്പെടുന്നത്. നിലനിൽക്കുവാനുള്ള ഒരു രാജ്യത്തിന്റേയും ജീവിച്ചിരിക്കുവാനുള്ള ഒരു ജനതയുടേയും അവകാശത്തിനുമേൽ കറുത്ത നിഴലായി അധിനിവേശം ആയുധമാക്കി ഇസ്രായേൽ പൊരുതുമ്പോൾ ലോകമോമ്പാടുമുള്ള മാനുഷികതയുടെ നേർക്ക് ഗാസ ഒരു ചോദ്യചിഹനമായി മാറുന്നു.

ഒരു കാലത്ത് ആഥിഥേയത്വമരുളി ഇടംകൊടുത്ത ഒരു ജനതയോട് ആ ജനതയേയും സംസ്കാരത്തേയും ഇല്ലാതാക്കുക എന്ന ഹീനമായ ലക്ഷ്യത്തോടുകൂടി ഇസ്രായേൽ എല്ലാ അന്താരാഷ്ട്ര നിയമങ്ങളേയും മര്യാദകളേയും ലംഘിച്ചുകൊണ്ട് ഇത്തരത്തിൽ ആക്രമണം അഴിച്ചുവിടുമ്പോൾ ഹമാസിനോട് ആക്രമണം നിർത്തിവെയ്ക്കുവാനാണ് യു.എന്നും ലോകരാഷ്ട്രങ്ങളും പറയുന്നത്. അമേരിക്കയുടെ പിൻബലത്തിൽ അഹങ്കാരികളായിതീർന്ന ഈ ആയുധകച്ചവടക്കാരോട് പ്രതികരിക്കുവാൻ ലോകരാഷ്ട്രങ്ങൾ എന്തേ തയ്യാറാവുന്നില്ല? ഒന്നാം ലോകമഹായുദ്ധത്തിന്റെ ശതാബ്ദി കടന്നുപോകുമ്പോൾ ഗാസാമുനമ്പിലെ നിരപരാധികളുടെ കണ്ണീരും ദൈന്യതയും മറ്റൊരു യുദ്ധക്കെടുതികളിലേയ്ക്ക് ലോകത്തിന്റ കണ്ണ് തുറപ്പിക്കുന്നു. എവിടെയാണ് ലോകസമാധാനവും ലോകനീതിയും ? ഓ



രോ തവണ യുദ്ധം നിർത്തിവെച്ച് വീണ്ടും യുദ്ധം തുടങ്ങുമ്പോൾ ജീവിതത്തിലെ എല്ലാ സമ്പാദ്യങ്ങളും ഉപയോഗിച്ച് പണിതുയർത്തിയ വീടിന്റെ തകർന്നടിഞ്ഞ അവശിഷ്ടങ്ങൾക്കിടയിൽ അവസാനത്തെ പ്രതീക്ഷകളും തിരയുന്ന മനുഷ്യരാണ് മരിച്ചു വീഴുന്നത്. സ്ത്രീകളേയും കുട്ടികളേയും താമസിപ്പിച്ചിരിക്കുന്ന അഭയാർത്ഥി ക്യാമ്പുകളിൽ മിസൈൽ വർഷിക്കുമ്പോൾ ഏത് ഭീകരതയെയാണ് ഇസ്രായേൽ ഉന്നം വെയ്ക്കുന്നത് ? പകുതിയിലേറെ ജനങ്ങളും പാലായനം ചെയ്തു കഴിഞ്ഞു. ആക്രമിച്ചും ഭീഷണിപ്പെടുത്തിയും ഒരു ജനതയെ അവരുടെ സ്വന്തം മണ്ണിൽ നിന്നും ഒഴിപ്പിക്കുവാൻ ആരാണ് ഇസ്രായേലിന് അധികാരം കൊടുത്തത്? സ്വയം പ്രതിരോധം തീർക്കുവാൻ ശേഷിയില്ലാത്ത, ദുർബലരായ 17 ലക്ഷത്തോളം വരുന്ന സാധാരണ ജനങ്ങൾക്കുമേൽ ഇസ്രായേൽ നടത്തുന്ന ഈ കരവ്യോമയാനയുദ്ധം ആർക്കും ന്യായീകരിക്കുവാനാവില്ല. 'പ്രൊട്ടക്റ്റീവ് എഡ്ജ് ' എന്ന് ഇസ്രായേൽ നാമകരണം ചെയ്തിരിക്കുന്ന ഈ ആക്രമണ പരമ്പര ആരുടെ പ്രൊട്ടക്ഷൻ ആണ് ഉദ്ദേശിക്കുന്നത്? ഭാരതം എന്നും കാംക്ഷിക്കുന്ന സ്വതന്ത്രവിദേശനയത്തിന്റെ പിൻബലത്തിൽ ഇസ്രായേലിന്റെ ഈ നടപടിയെ തുറന്നെതിർക്കേണ്ട രാജ്യമാണ് ഇന്ത്യ. ലോകജനതയുടെ സമാധാനപോരാട്ടങ്ങൾക്ക് ശക്തി പകർന്ന് സാമ്രാജ്യത്വയുദ്ധവിരുദ്ധനിലപാട് സ്വീകരിക്കുവാൻ എന്തേ ഇന്ത്യ മടിക്കുന്നു എന്ന ചോദ്യം ഓരോ ഇന്ത്യാക്കാരനും ചോദിക്കേണ്ടിയിരിക്കുന്നു. ഒരു മുനമ്പിലേയ്ക്ക് ഒതുക്കപ്പെട്ട സാധാരണ ജനത അവശേഷിക്കുന്ന അസ്തിത്വം കൂടി ഇല്ലാതാകുന്നതിന്റെ മുൻപിൽ വിഹ്വലതകളോടെ നിൽക്കുകയാണ്. പിഞ്ചുകുഞ്ഞുങ്ങളും സ്ത്രീകളും ഉൾപ്പെടെയുള്ള സാധാരണ ജനങ്ങൾ മിസൈൽവർഷവും ഷെല്ലാക്രമണങ്ങളും വെടിയുണ്ടകളുമേറ്റ് പിടഞ്ഞു മരിക്കുമ്പോൾ ഒന്നു കരയുവാൻ കൂടിയുള്ള കഴിവും നഷ്ടപ്പെട്ട് നിസ്പന്ദരായി നിൽക്കുകയാണ് പാലസ്തീൻ ജനത. ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുള്ള അന്താരാഷ്ട്ര നിയമങ്ങൾ പരസ്യമായി വെല്ലുവിളിച്ചും ലംഘിച്ചും പാലസ്തീനുമേൽ യുദ്ധം തുടരുന്ന ഇസ്രായേലിനെ യു.എൻ, യുദ്ധകുറ്റവാളികളായി പ്ര





ഖ്യാപിച്ചെങ്കിലും അമേരിക്കൻ സാമ്രാജത്വം പകർന്നു നൽകുന്ന പിൻതുണയുടെ ബലത്തിൽ തങ്ങളുടെ മനുഷ്യവിരുദ്ധകാട്ടാളനീതിയുമായി ഇസ്രായേൽ മുന്നോട്ടു പോകുന്നു. ഇവരെ പ്രതിരോധിക്കുവാൻ ലോകസമാധാനകാംക്ഷികളായ രാജ്യങ്ങളും ജനതയും കൈകോർത്തു പിടിക്കണം.

രണ്ടാം ലോക മഹായുദ്ധത്തിനുശേഷം യുറോപ്പിൽ നിന്നുള്ള ജൂതരെ പുനരധിവസിപ്പിക്കുന്നതിനായാണ്, പാശ്ചാത്യ രാഷ്ട്രങ്ങൾ ഇസ്രയേലിന് രൂപം നൽകിയത്. പാലസ്തീനിൽ നിന്നുള്ള അറബികളെ ബലം പ്രയോഗിച്ച് മാറ്റിയാണ് അന്ന് ജൂതന്മാർക്ക് ഇടം നൽകിയത്. എന്നാൽ 1948 ൽ ഇസ്രായേൽ രൂപംകൊണ്ട ശേഷം കുടിയേറ്റക്കാരുടെ ഒരു കടന്നുകയറ്റം തന്നെ അവിടെ ദൃശ്യമായി. അവർ പാലസ്തീൻ അറബികളുടെ സ്ഥലവും വീടും കൈയ്യേറി. ചുറ്റുമുള്ള അറബ്‌രാഷ്ട്രങ്ങളുടെ ഭൂമി സ്വന്തമാക്കി . ഇസ്രയേലിന്റെ അതിർത്തി വിപുലീകരിച്ചു. ഇതിനായി അമേരിക്ക ഇസ്രയേലിന് വർഷം മുന്നൂറുകോടി ഡോളറാണ് നൽകിവരുന്നത്. അമേരിക്കൻ സാമ്രാജ്യത്വവും പാശ്ചാത്യ ശക്തികളും പശ്ചിമേഷ്യയിൽ അവരുടെ ശക്തി വർദ്ധിപ്പിക്കുവാനായി ഇസ്രായേലിനെ ഉപയോഗപ്പെടുത്തി.

ഒരു സ്വാതന്ത്ര്യരാഷ്ട്രത്തിനു വേണ്ടി 60 വർഷമായി പാലസ്തീൻ ജനത പോരാട്ടത്തിലാണ്. 1967 ൽ അറബ് രാഷ്ട്രങ്ങളായ ഈജിപ്ത്, സിറിയ, ജോർദ്ദാൻ എന്നീ രാഷ്ട്രങ്ങളുമായി നടന്ന യുദ്ധത്തിൽ പാലസ്തീനിന്റെ ഭൂരിപക്ഷപ്രദേശങ്ങളും ഇസ്രയേൽ പിടിച്ചെടുക്കുകയുണ്ടായി. അന്നുമുതൽ സ്വതന്ത്ര പാലസ്തീനുവേണ്ടിയുള്ള പോരാട്ടങ്ങൾ നടക്കുകയാണ്. ഗാസയും പശ്ചിമതീരവും മാത്രമാണ് ഇന്ന് പാലസ്തീന് സ്വന്തമായുള്ളത്. സ്വന്തമായി ഒരു രാഷ്ട്രമില്ലാത്ത പാലസ്തീൻ ജനത, യാസർ അറാഫത്തായിരുന്നു അവരുടെ രക്ഷകൻ. എന്നാൽ അറാഫത്തിന്റെ അവസാന കാലത്ത് പി .എൽ.ഒ സ്വീകരിച്ച മൃദുസമീപനങ്ങളിൽ നിന്ന് ചെറുത്തുനിൽപ്പിന്റെ വീര്യം കുറഞ്ഞു. അങ്ങനെയാണ് ഹമാസ് എന്ന ഭീകരസംഘടന രംഗത്ത് വരുന്നത്. അങ്ങിനെ പശ്ചിമതീരത്ത് മുഹമ്മദ്അബ്ബാസിന്റെ നേതൃത്വത്തിൽ പി.എൽ.ഒ യും ഗാസാ മുനമ്പിൽ ഹമാസും ഭരണം നടത്തി. പാലസ്തീനെ ഒരു സ്വതന്ത്രരാഷ്ട്രമായി പ്രഖ്യാപിക്കുവാനുള്ള മുറവിളികൾക്കിടയിൽ 1995 സെപ്തംബർ 8 ന് ഓസ്ലോകരാർ ഒപ്പുവച്ചു. എന്നാൽ കരാറിലെ വ്യവസ്ഥകൾ പാലിക്കുവാൻ ഇസ്രായേൽ ഒരിക്കലും ബാധ്യസ്ഥരായിരുന്നില്ല. ഐക്യരാഷ്ട്രസംഘടന തന്നെ ഇതിനെ അപലപിച്ചിട്ടുണ്ട്. അമേരിക്ക പകർന്നു കൊടുക്കുന്ന ധാർഷ്ഠ്യം ഇസ്രായേലിനെ ഒരു തെമ്മാടി രാഷ്ട്രമാക്കി മാറ്റിയിരുന്നു.

എട്ടു വർഷത്തിനുള്ളിൽ ഗാസയ്ക്കെതിരായി ഇസ്രായേൽ നടത്തുന്ന മൂന്നാമത്തെ യുദ്ധമാണ് ഇപ്പോൾ നടക്കുന്നത്. മൂന്നുമാസം മുമ്പ് മുഹമ്മദ് അബ്ബാസിന്റെ നേതൃത്വത്തിൽ പാലസ്തീനിൽ ഒരു ഐക്യഗവൺമെന്റ് രൂപപ്പെട്ടു. പാലസ്തീൻ അതോറിറ്റിയും ഹമാസും തമ്മിലുണ്ടായ ഒത്തുതീർപ്പുകൾക്കെതിരെ രാഷ്ട്രീയലക്ഷ്യത്തെ മുൻനിർത്തി പാലസ്തീൻ നേതൃത്വത്തെ ശിക്ഷിക്കുവാനുള്ള ശ്രമമാണ് ഇസ്രായേൽ നടത്തുന്നത്. പാലസ്തീൻ ജനതയ്ക്ക് അഭയകേന്ദ്രമായിരുന്ന ഈജിപ്തിൽ ബ്രദർഹുഡ് സർക്കാരിനെ പട്ടാള അട്ടിമറിയിലൂടെ നീക്കി ജനറൽ സിസി അധികാരമേറ്റ ഈ സാഹചര്യം പ്രയോജനപ്പെടുത്തി പാലസ്തീനെ ഇല്ലാതാക്കാൻ ഇസ്രായേൽ ശ്രമിക്കുകയാണ്.

ഇസ്രായേൽ ഭീകരതയെന്നു വിശേഷിപ്പിക്കുന്നത് പാലസ്തീൻ ജനതയുടെ ചെറുത്തുനിൽപ്പിനെയാണ്. ഇസ്രായേൽ സ്വന്തം ശക്തികൊണ്ടല്ല പാലസ്തീൻ ജനതയെ ആക്രമിക്കുന്നത്. അമേരിക്കയുടെ അകമഴിഞ്ഞ സഹായം ഒന്നുകൊണ്ടുമാത്രമാണ്. അമേരിക്കയുടെ ആയുധം വിറ്റഴിക്കുന്നതും ഇസ്രായേൽ വഴിയാണ്. സാമ്പത്തിക സുരക്ഷിതത്വത്തിന് ഇസ്രായേൽ

കണ്ടിരിക്കുന്ന വഴി ആയുധനിർമ്മാണവും ആയുധകച്ചവടവുമാണ്. ആയുധത്തിന് ആവശ്യക്കാരുണ്ടാവണമെങ്കിൽ യുദ്ധം തന്നെയാണ് ഏക മാർഗ്ഗം എന്ന് ഇസ്രായേൽ മനസ്സിലാക്കികഴിഞ്ഞു. രണ്ടാം ലോക മഹായുദ്ധക്കാലത്ത് ഹിറ്റ്ലർ ജൂതന്മാർക്കെതിരെ ആഞ്ഞടിച്ചു. ഒരുപാട് പ്രഹരങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ഹിറ്റ്ലർ അന്ന് പറയുകുണ്ടായി. "90% ജൂതന്മാരേയും ഞാൻ കൊന്നൊടുക്കി, 10% ജൂതന്മാരെ ഞാൻ വെറുതെ വിടുന്നു. നാളെ ലോകം എന്നെ വെറുമൊരു കൊലയാളിയായി കാണാതിരിക്കുവാനാണ്". ഇന്ന് ഇസ്രായേൽ അത് ഒന്നുകൂടി നമുക്ക് തെളിയിച്ചുതരികയാണ്. വർഷങ്ങളായി പാലസ്തീൻജനത അനുഭവിക്കുന്ന ദുരിതങ്ങൾ ലോകം കൺതുറന്ന് കാണുക തന്നെ വേണം. സ്വാർത്ഥമായ അധിനിവേശം ഒരു രാഷ്ട്രത്തെ ഇല്ലായ്മ ചെയ്യുന്നതെങ്ങിനെയെന്ന് ഇസ്രായേൽ ലോകത്തിന് കാട്ടിത്തരുന്നു. അവർ അനുഷ്ഠിച്ചുപോന്ന മതാധിഷ്ഠിതതീവ്രദേശീയ വാദനയമാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

2006 ലെ പൊതുതിരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുത്തെങ്കിലും പാശ്ചാത്യശക്തികൾ ഹമാസിനെ ഒരു ഭീകരസംഘടന മാത്രമായാണ് കാണുന്നത്. ഹമാസിന്റെ മുഴുവൻ ഭൗതികശേഷിയും നശിപ്പിക്കപ്പെടുന്നതുവരെ 'പ്രൊട്ടക്ടീവ് എഡ്ജ്' നിർത്തിവയ്ക്കില്ല എന്നാണ് യുദ്ധക്കൊതിയനായ ബഞ്ചമിൻ നെതന്യാഹു പ്രസ്താവിച്ചിരിക്കുന്നത്. ന്യായയുക്തമായ സൈനിക നീക്കത്തിന്റെ പാർശ്വഫലങ്ങളായി മാത്രമെ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ മരണപ്പെടുകയും നിരാലംബരാക്കപ്പെടുകയും ചെയ്യുന്ന ഈ ക്രൂരകൃത്യത്തിനെ ഇസ്രായേലി ഭരണകൂടം വിലയിരുത്തപ്പെടുന്നുള്ളൂ. ഗാസയിൽ മരണത്തിന്റെ കാലടിയൊച്ചകൾ തനിക്കുചുറ്റും ഭീകരാന്തരീക്ഷം സൃഷ്ടിക്കുമ്പോഴും താനനുഭവിക്കുന്ന യാതനകൾ ലോകത്തോടു വിളിച്ചുപറയുവാൻ ധൈര്യം കാണിച്ച ഗാസയുടെ ആൻഫ്രാങ്കായി ഉയർന്ന ഫറാബേക്കർ എന്ന പതിനാറുകാരിയുടെ നേരനുഭവങ്ങൾ ഞെട്ടലോടെയാണ് ടിറ്ററിലൂടെ ലോകം തിരിച്ചറിയുന്നത്.

ഇസ്രായേലിന്റെ ഈ ആക്രമണത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്ന കാര്യത്തിൽ അറബ് രാജ്യങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിക്കുവാനും കഴിയുന്നില്ല. ഒന്നല്ലെങ്കിൽ മറ്റൊരു കാരണത്താൽ അവർ ഹമാസിനും പാലസ്തീൻ അതോറിറ്റിക്കും ഒക്കെ എതിരായി മാറിയിരിക്കുന്നു. ഈ ദേശീയ പ്രദേശീയ പ്രശ്നങ്ങൾ തന്നെയാണ് ഇസ്രയേൽ മുതലെടുക്കുന്നത്. പാലസ്തീൻ അധിവാസപ്രദേശത്തുനിന്നും ഇസ്രായേലിന്റെ പിൻമാറ്റത്തിനായി ഭരണകൂടങ്ങൾ ഉപരോധം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം. ഐക്യരാഷ്ട്രസഭയുടെ ഉൾപ്പെടെയുള്ള തീരുമാനങ്ങളെ അമേരിക്കയുടെ പിൻബലത്തിൽ തൃണവൽഗണിക്കുന്ന ഇസ്രായേലിനെതിരെ മറ്റുള്ള രാഷ്ട്രങ്ങൾ ശക്തമായ നിലപാട് തന്നെ സ്വീകരിക്കണം. ഇന്ത്യ, റഷ്യ, ചൈന, ലാറ്റിൻ അമേരിക്കൻരാഷ്ട്രങ്ങൾ, അറബ്രാഷ്ട്രങ്ങൾ തുടങ്ങിയ പ്രകൃതിവിഭവങ്ങളും ജനശക്തിയും നിറഞ്ഞ രാഷ്ട്രങ്ങളുടെ കൂട്ടായ്മ ലോകസമാധാനത്തിനും രാഷ്ട്രപുരോഗതിയ്ക്കും അത്യന്താപേക്ഷിതമാണ്.

ഗാസ ആക്രമണത്തോടുള്ള ഇന്ത്യയുടെ തണുപ്പൻ പ്രതികരണത്തിന് അടിസ്ഥാനമായുള്ളത് ഇസ്രായേലുമായുള്ള രഹസ്യ പ്രതിരോധബന്ധങ്ങളും ഭീകരതയെപ്പറ്റിയുള്ള പൊതുവായ ധാരണകളുമാണ്. നരസിംഹറാവുവിന്റെ കാലത്തുള്ള യു.പി.എ സർക്കാർ മുതൽ ഇന്ത്യ, ഇസ്രയേലിനെ ഒരു ആയുധസ്രോതസ്സായി ആശ്രയിച്ചിരുന്നു. തുടർന്നുവന്ന വാജ്പേയി സർക്കാരും ഇന്ന് മോഡി സർക്കാരും അനുവർത്തിക്കുന്നത് ഒരു മുസ്ലീംവിരുദ്ധ നിലപാടാണ്. ഹൈന്ദവ രാഷ്ട്രത്തിനുവേണ്ടി പോരടിക്കുന്നവർ ഇസ്ലാമികതയെ തികച്ചും ഭീകരത മാത്രമായി കാണുന്നതിൽ അതിശയമില്ല.


ഇസ്രായേലിന്റെ യുദ്ധക്കൊതിയെ പ്രോത്സാഹിപ്പിക്കുന്ന അമേരിക്ക അനുഭവങ്ങളിൽ നിന്നും പാഠം പഠിക്കുന്നില്ല. ഇറാഖിലെ അധിനിവേശ ഗവൺമെന്റിനെതിരായി രൂപപ്പെട്ടുവന്ന കലാപം - തങ്ങൾക്ക് വഴങ്ങുന്ന ഇറാഖിനെ ലക്ഷ്യം വച്ചാണ് അമേരിക്ക സദ്ദാമിനെ നീക്കം ചെയ്തത്. ഫലമോ ? അതു വരെ സദ്ദാം വിലക്കി നിർത്തിയിരുന്ന അൽഖൊയ്ദ വളരെ പെട്ടെന്ന് അവിടെ ഇടംനേടിയെടുത്തു. ഒരുറച്ച ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ കഴിഞ്ഞിരുന്ന ഇറാഖ് ഇന്ന് അൽമാലിക്കിയുടെ ഭരണത്തിൻ കീഴിൽ ഛിന്നഭിന്നമായിരിക്കുകയാണ്. ഒരു കാലത്ത് ചരിത്രപ്രധാനമായ മെസ്സപ്പൊട്ടാമിയ എന്ന സാംസ്കാരിക പെരുമയുണ്ടായിരുന്ന പ്രാചീന സാമ്രാജ്യം ഇന്ന് വംശഹത്യയിലും തീവ്രവാദി ആക്രമണങ്ങളിലും ചോരചിന്തുന്ന യുദ്ധക്കളമായി മാറിയിരിക്കുന്നു. അഴിമതിയ്ക്കെതിരെ പോരാടുവാൻ ഒരു സ്വതന്ത്ര തൊഴിലാളി പ്രസ്ഥാനം ഇല്ലാതെ പോയത് ഇതുപോലുള്ള തീവ്രവാദ പ്രസ്ഥാനങ്ങൾ അവിടെ ചുവടുറപ്പിക്കുവാൻ കാരണമായി തീർന്നു. തൊഴിലാളി വർഗ്ഗത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ മുതലാളിത്തം പരാജയപ്പെട്ടതാണ് തീവ്രവാദികൾക്ക് വളക്കൂറായത്. തൊഴിലാളികളുടെ നേതൃത്വത്തിലുള്ള വിപ്ലവപ്രസ്ഥാനങ്ങൾക്കു മാത്രമെ ഇത്തരം മുതലാളിത്തത്തിന്റെ ജീർണ്ണതയിൽ നിന്നും ഒരു രാജ്യത്തിനെ തിരിച്ചുപിടിക്കുവാൻ കഴിയുകയുള്ളു. ഇറാഖിനെയും അഫ്ഗാനിസ്ഥാനെയും തങ്ങളുടെ വരുതിയിലാക്കി സിറിയയെയും ലിബിയയെയും ആഭ്യന്തര കലാപഭൂമിയാക്കി മാറ്റി ഇറാനിലേയ്ക്ക് തോക്കു ചൂണ്ടി നിൽക്കുന്ന അമേരിയ്ക്കയ്ക്ക് തങ്ങളുടെ മൂക്കിന് താഴെയുള്ള ലാറ്റിൻഅമേരിക്കൻ രാജ്യങ്ങൾ പ്രകടിപ്പിക്കുന്ന ഇച്ഛാശക്തിയോടുകൂടിയുള്ള യുദ്ധവിരുദ്ധ നിലപാടുകളെ എത്രകാലം കാണാതിരിക്കാനാകും? ഇല്ല, സാമ്രാജത്വം കെട്ടഴിച്ചുവിടുന്ന നാനാമുഖമായ യുദ്ധക്കെടുതികൾക്കെതിരെ പ്രതിരോധം തീർത്തും യുദ്ധവിരുദ്ധ സമാധാന പ്രസ്ഥാനം കെട്ടിപ്പടുത്തുകൊണ്ടു മാത്രമെ സാമ്രാജ്യത്വത്തിന്റെ കുടിലതന്ത്രങ്ങൾക്കെതിരെ മാനവികയുടെ ഐക്യകാഹളമുയർത്തി സമാധാനത്തിന്റെ പതാകാവാഹകർക്ക് മുന്നേറുവാനാകൂ എന്ന് വർത്തമാനകാലാനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അപ്പോഴും ജൂതരക്തം സ്വന്തം സിരകളിലേയ്ക്ക് ആവാഹിക്കുന്ന ഇന്ത്യയിലെ ഫാസിസ്റ്റ് ഭരണാധികാരികളുടെ ലജ്ജാപരമായ നിലപാടോർത്ത് നാം ശിരസ്സു കുനിയ്ക്കണം.

with best compliments from
AKPCTA Branch

# DEVAMATHA COLLEGE
## KURAVILANGAD

with best compliments from
AKPCTA Branch

# BASELIUS COLLEGE
## KOTTAYAM




# MEDIATIONS: Visual Literary in the Age of 'Modi'fication

**A.C. Sreehari**
*Assistant Professor of English, Payannur College, Kannur*



...we have increasingly learned to live not only in our situated culture but also in a *culture of mediation*, whereby specialized social agencies–the press, film and cinema, radio and television broadcasting–developed to supply and cultivate larger scale forms of communication; mediating news and other forms of culture into the situation. 'Our' immediate world co-exists with the mediated 'world out there.'

(O'Sullivan *et al.* 1994, p.13)

The visual media is significant in shaping the everyday life of the ordinary. This makes the policy of higher education to include popular media as worthy of serious academic study. Through the information technology dissemination project of the Government of Kerala named "Akshaya", even grownups have been brought into the virtual world. The Kerala State Higher Education Council, in its workshop on Restructuring Under-Graduate Curriculum, in 2008, had considered adding 'Media' to the topic of 'Contemporary Issues.' Dr. G. Balagopalan Thampi had argued that "media is an ideal topic for interdisciplinary and intercultural studies as it involves technology, image, language, ideology," the focus being on popular culture, cultural imperialism, print and electronic media, audience, alternative media etc. The history and philosophy of the I.T. world demands analysis in such a context.

Our understanding is facilitated through "mediated identities". The way the mediated world impinges on



our experiences is through our consumption of media texts produced and reproduced through different fields of visual productions. It has impacted on the everyday cultures over the course of more than a century. Cultural critiques, an interdisciplinary field of knowledge production, have provided many conceptual categories to study both popular culture and the seemingly ordinary uses of images in our daily life. It helps create an understanding of the casteist patriarchal society we live in and the power relations involved in it.


British Cultural theorist Stuart Hall states that culture is not merely a set of things (television shows or paintings, for example) but rather a set of processes or practices through which individuals and groups come to make sense of those things. Culture is the production and exchange of meanings to people, to objects, and events. It is a fluid and interactive process, not a fixed set of practices or interpretations, grounded in social practices, not solely images, texts, or interpretations. Popular films, music, art, newspapers etc. contribute to the construction of daily lives. So do sports and advertisements.

Visual culture is central to how we communicate. Visual technologies allow for the local and global circulation of ideas, information and politics constructed through images. The study of visual media is truly an interdisciplinary enterprise that brings together art history, film, media, and cultural studies to investigate how images carry meaning within and between different cultural arenas, from art and commerce to science and the law. Images communicate within a wide spectrum of cultural and representational issues (desire, power, the gaze, bodies, sexuality, and ethnicity) and methodologies (Marxism, semiotics, psychoanalysis, gender studies, postcolonial theory etc).

## Multi-mediations

Living in a multimedia world, the powerful images and sounds that it simulates as the real must be "read" through media education so as to help ourselves be less vulnerable to the influence of media on attitudes and behavior. Visual literacy is a major aspect of being literate, and provides the various effective strategies, activities, and resources that would help one learn the critical-viewing skills and media literacy necessary in a media-oriented world. In other words it enables a rethinking of the powerful and pervasive notion in our culture that "seeing is believing" and that what we see is what we get and an interrogation of whether we "get" what we see.

Visual media has evolved as the singular most popular media in the postmodern era. It



has various possibilities of construction of images. Its status as a cultural industry has been critiqued by many who were skeptic about its capacity to dope its viewers as passive consumers. The theorizations of the Frankfurt School initiated the critique of the fascist implications of the visual media. They viewed it as a hegemonic tool which propagates the dominant ideology.

The surge of new media technologies in the 21st century; the impact of globalization on the flow of information and media form and content; and how nationalism and security concerns have changed our looking practices in the aftermath of 9/11 makes IT a medium of 'Immoral Trafficking.' For example, the Japanese video game in wide circulation now titled 'the rape game' teaches as well as provides room for experimenting as well as virtually experiencing the rape. Here rape has been transformed as a pleasurable game that travels through the wireless world.

Since the early twentieth century, the media in India has catered to the changing consciousness peculiar to a casteist middle class. Debates about the role of *Ramayana* telecast in fostering the Babri Masjid demolition may be remembered in such a context.

Both literary and visual media are different ways of constructing 'reality.' The proliferation of such constructed realities mandates literacy on the part of its consumers to resist being passive victims of cultural colonization. Images lull us into thinking that they are real, that they aren't iconic signs at all but realities. In this context, the definition of literacy ought to be extended beyond reading, to include the ability to access, analyse, evaluate, and communicate information in all its visual forms.

Classroom teaching must explore the various possibilities of media/visual literacy and media studies have to be identified as an integral part of mainstream education. A solid foundation is required to explore the role of newspapers, magazines, television, and films in the media-dominated world.






To become critical viewers is to acquire the ability to analyze the construction of isolated images; to acquire the ability to think critically about the composition of images and to enhance the ability to 'read' words and worlds.

Images can facilitate learning by quickly drawing mind-connections that would otherwise take a long time, using purely verbal means. Priority given to certain colors, the editing, the camera angles, the appearance of the people, the location, and the sound or type of text etc, all of which contribute to the dissemination of the dominant ideology. External factors including who owns the network of television shows, what else does that corporation own and how does the ownership structure of the corporation affects the news and entertainment we 'get,' must be looked into.

## Critical viewing


Visual media must be approached with new-found delight, interest, and knowledge, understanding the complexities, contradictions, and pleasures of the visual world. Awareness regarding behind-the-scenes realities of the media is mandatory for a better understanding of the reality of the screen. Just as the listener who is aware of keyboard techniques and music theory takes a heightened pleasure in a concert, so does the viewer who is knowledgeable about broadcasting take a heightened pleasure in a TV program. As Andrew Tolson said, an art critic needs visual literacy; a music critic needs aural literacy; and a television critic needs what some analysts would describe as television literacy. Meanings are derived from meaning systems, to which everyone in our culture has access.

Reading involves a translation of little black marks — marks that have absolutely no intrinsic meaning — into sounds and, by extension, into concepts, feelings, and mental pictures. TV images, on the other hand, are less abstract and more direct. They are representational; they come coded and to understand them fully one has to be conversant with its codes, conventions, and characteristics. The literate readers should not stop with converting printed words into

ideas. They contemplate those ideas, and carry on an internal dialogue with the authors, congratulating the latter for brilliant insights or condemning them for their outrageous opinions.

All media images and messages are constructions. Advertisements have been crafted carefully with the intent to send a very specific message. The process of viewing pictures or films primarily addresses elements like interpreting the internal content of the program. This involves a narrative analysis or the ability to recall and recognize what happened and why, with reference to genre codes and conventions. Interpreting the internal construction of the frame likewise focuses attention on media form and style. It includes the overall design of an image and as well as camera angles and the various shots used. Recognizing the external forces and factors that shape the programme is another factor. The sociological approach looks at issues such as media ownership and control in an attempt to understand how these factors shape programming.

David Considine, in the article in the higher secondary English course book, "On Viewing Television," raises the question whether a "patriarchal white industry fairly depict women and minorities?" Comparing and contrasting media representations with reality, Considine says that this includes comparing the depiction of wars in TV and films with documentaries or histories of the war as well as studying incidents of violence on television compared to the national crime statistics or examining the depiction of groups, races, religions, and nationalities to detect stereotyping and bias, recognizing and responding to the potential impact of television form and content.





## Domination in Modi Nation

There is a predominance of the visual media since the 1990s. Images and pictures that become popular and frequently appear in print and visual media are part of a dominant ideology. Understanding the concepts related to image, text, setting, content, theme, technique, style, design, composition, and layout helps one discern pictorial communication in social media, advertising, television, and motion pictures. John Berger criticizes traditional Western cultural aesthetics by raising questions about hidden ideologies in visual images. Based on Walter Benjamin's essay "The Work of Art in the Age of Mechanical Reproduction," Berger argues that the essential way of seeing, the essential use to which images are put, has not changed (64).

Media literacy is required to enable one to locate, identify, and interpret iconic information contained in visual representations like TV, films, pictures, internet etc. and its appropriation in the everyday lived world. The increasing merging of the virtual world and the lived everyday world demands a close analysis of the politics of image production in and through the virtual media. It does not merely mediate our thinking, but increasingly determines our thoughts and practices. The dominant ideology is articulated through such images and through its reappearance in different fields of cultural production.

The role of media in the sweeping victory of Modi in the recent held parliamentary elections, for instance, is significant. In the context of talking about patriarchal masculinity, Bourdieu had referred to how the male domination was so rooted in our collective unconscious that we no longer even see it. Similarly, the media had become an exclusive medium for the right wing campaign, or rather got modified, so much so that the casteist, patriarchal masculinity embodied by the BJP prime ministerial candidate assumed democratic and secular dimensions. A need for critical visual literacy and its incorporation in the curriculum of schools and colleges, in such a context, is the need of the hour. This would enable a better and critical understanding of 'cultural' phenomena and its casteist patriarchal ideology that media caters to.



## BUDGET 2014-15

# Lower Class Gains Nothing, Middle Class to Pay More, But the Super Rich Gains Everything

**Dr. Krishnadas**
*S.S. College, Kalady*



The BJP has come to power with a thumping majority. The monopoly controlled Media has started propagating that bad days are over, 'Aachha Din" a dawn of new era is unfolding. It is also sought that Mr. Narendra Modi, the BJP Prime Minister, would turn the situation over night and unleash an abundance of economic progress that would bring smiles on the faces of the oppressed millions, wrecked by the price rise, Inflation, low economic growth etc. The bull-run on the Stock Exchange and appreciation in the value of Rupee are projected. In its election manifesto, the BJP said " We will bring back credibility and trust in government, re-sowing confidence in India and Abroad". The BJP has also promised job creation, encouragement, empowerment of the youth for self- employment, measures to control inflation, setting up of price stabilization fund to be used to prevent short falls in local market, establishment of special courts to prosecute hoarders, and black marketers, reducing health care costs, simplification of tax regime, spending 6% of the GDP to public expenditure on Education, Improving Governance and faster infrastructure development. Addressing the BJP Parliamentary Party Mr. Modi Said "That a government should think of the poor, listen to the poor, live for the poor, and the new government is dedicated to the poor". All these sound so mellifluous, so soothing, so caring and full of concern for their survival. It was the same slogan that was raised by the Congress from 1947.Whether it is BJP or Congress in power, the capital economy and capitalist system have not changed. Even Mohan Bhagawat, the chief of RSS, also assured a FICC meeting that they are not "opposed to liberalization, privatization, and FDI"

MAIN ISSUES TO BE ADDRESSED
- PRICE RISE
- FISCAL DEFICIT
- INFLATION
- BLACK MONEY

The maiden budget presented by the Finance Minister on July 10 , 2014 canbe summed up thus " Lower class gains nothing, middle class to pay more, but the upper class gains a lot". The budget 2014-15 will definitely widen the gap between the digital haves and have not. Almost 90% of the schemes have been announced by the previous UPAII government, and it is made clear that the BJP government is also following the policy on financial matters as that of the UPA government.

shows a decline trend and also strengthened the rupee , but increased domestic financial savings and deepening Domestic Market are important among longer term measures to maintain a sustainable CAD. How ever there should be some urgent measures to improve the domestic business environment which in turn will encourage the employment opportunities and finally the exports. The fund allocated for the MNREGS is only 38,000 Crores and it is directed towards the assets creation. The MNREGS should be linked with Agriculture & allied sector so that the Purchasing power of the rural folk can be increased.

The reduction of public expenditure will adversely affect unemployment problem . Good

BUDGET AT A GLANCE

| Sl.No. | ITEM | 2012-13 | 2013-14(RE) | 2014-15(BE) |
|---|---|---|---|---|
| 1 | NON-PLAN EXP. | 9,96,742 | 11,14,902 | 12,19,892 |
| 2 | PLAN EXP. | 4,13,625 | 4,75,532 | 5,75,000 |
| 3 | TOTAL EXP. | 14,10,367 | 15,90,434 | 17,94,892 |
| 4 | FISCAL DEFICIT | 4,90,597 | 5,24,539 | (4.1%) |
| 5 | REVENUE DEFICIT | 3,65,896 | 3,70,288 | (2.9%) |

*RE – Revised Estimate ** Budget Estimates

Apart from raising public investment there are many measures have beenadopted to reverse the fall in private investment and to increase its productivity . the manufacturing sector has slowed down in contributing to the GDP. Now it is only 14.9% when compared to other countries like China, Thailand, Japan, Korea etc. It is very low. How ever there is a move in the budget , temporary tax credits for investment allowance extended to an investment of Rs.25 Crores , while the earlier the limit was Rs.!00 Crores. This will make every Small and Medium Enterprises (SME)will eligible and help to attract more investment. The Finance Minister while presenting the budget said that promoting foreign Direct Investment (FDI) in strategic sectors like such as Defence, Insurance, will also directly increase domestic jobs , technology . The previous UPA government decided to have 26 percent cap on FDI on these sectors. But now Arun Jaitely has raised the cap from 26 t0 49% . It is expected this process will continue for the coming years and more sectors will be under the FDI regime.

The previous governments by improving the Current account Deficiency find fruits as the CAD

sanitation and pure drinking water is still a dream for the millions in our country. The fund allocated for this is very meager when compared to its need. The new government has also followed the same tactics to cut the public expenditure to reduce the fiscal deficit target.

The new governments first budget has utterly failed to satisfy any one or any section of the society. The Economic Survey 2013- 14 itself should have given the clue that emphasis is now is on strengthening the market economy. "Minimum government and maxim a governance" is the slogan of the N A government. The increase cap on FDI in insurance and Defence and selling more shares of the PSUs and Public Sector Banks s per the Basel- III reforms will have serious and adverse impact. The Finance Minister admitted that India is the largest importer of globally of arms and equipments, 15% of global imports are from India. The second largest country is Pakistan and China which is 5%. Public Sector Banks requires Rs. 2,40,000 Crores by the end of 2018 to additional capital for modernization as Per Basel-III reforms.

The allocation of the Rs. 200 Crores for the construction of the Sardhar Patel Statue is no doubt an un productive expenditure. But this project is designed by Mr. Narendra Modi. India is country where there are millions reeling under poverty and struggling to make to both ends meet. Opposing the allocation of funds for this project does not mean or disliking Sardhar Valla Bhai Patel, one of thegreatest visionary leaders of independent India. But allocating such a huge sum is uncalled for. If the government wishes, such projects can be taken up with voluntary donations from the super rich class. Sardhar Patel would have been happy if Rs. 200 Crores was spent on educating the poor children or feeding the hungry Masses!!

The budget has made only minor adjustment in personal income tax, raising the tax exemption limit by Rs. 50,000 from Rs.. 2 lakh to 2.5 lakhs. In the case of individuals below 60 years. The senior citizen's limit has also been increased from 3 lakh to 3.5 lakhs. The investment limit under section 80 C of the Income tax Act has been raise d to 1.5 lakh . The deduction limit on the interest on housing loan of self occupied house to RS.2lakh.There should be more push towards infrastructure, education, health care, Water which are key constraints to alleviation of which life would more easier for the average citizen. There are no changes in rates of income tax either in respect of personal income or in respect of corporates profit. The net loss to the ex chequer on account of these proposals have been estimated to Rs. 22200 crores . With regard to indirect tax, a number of relatively small changes have been proposed , with the net impact being an increase in tax revenue of Rs.7525 crores.It shows that minor attempt have made to increase the indirect tax but at the same time the same rate is applied for income exceeding one crore or 10 Crores or 100 Crores at a rate what applies to salaried employees earning to 10 lakh rupees a year or less.

In the event as compared with a Rs. 156,000 Crores increase in revenue expenditure during 2014-15 budget , in the previous budget it was RS 1,50,514 Crores , smaller but not significant. There is only smaller capital expenditure increase of Rs 22,266 Crores in 2014-15 as compared to Rs.24036 Crores in 2013-14. The aggregate budgetary expenditure rises by 15% in nominal terms in 2014-15 as compared with 13% increase in 2013-14. Given the current rate of inflation, that events to a marginal real increase in total expenditure. This is how the deficit target is met.

The BJP government is following the policy of the UPA that huge concessions are provided to the corporate either free of cost or at nominal price. The UPA government has granted more than 28 lakh Crores of fiscal incentives to the corporates by curtailing public expenditure and subsidies and extending plethora of tax concessions . There is a strong argument in the new budget that the subsidies granted for food, Power, fuel, fertilizer, to provide some relief to the people is a wasteful expenditure . However There is a Expenditure Management Committee to review the subsidies to the years to come . More over there is the practice of tax avoidance(VODA PHONE) and tax arbitration at an alarming rate About Rs.4lakh Crores of tax revenue is disputed for the last year itself.

The budget of the BJP government signals no change but version of conducting business as usual . The NDA like UPA , seems unwilling to tax the corporate sector is unable to spend more

TAX CONCESSIONS TO CORPORATES DURING UPA REGIME ( IN CRORES)

| YEAR | INCO.TAX | EXCISE DUTY | CUSTOMS DUTY | TOTAL |
|---|---|---|---|---|
| 2005-06 | 34618 | 66760 | 127730 | 229108 |
| 2006-07 | 50075 | 75475 | 137105 | 262655 |
| 2007-08 | 62129 | 87468 | 153590 | 303260 |
| 2008-09 | 66901 | 128293 | 225792 | 420946 |
| 2009-10 | 72881 | 169121 | 207949 | 449951 |
| 2010-11 | 57912 | 192227 | 172740 | 422879 |
| 2011-12 | 61765 | 195590 | 236852 | 494207 |
| 2013-14 | 68008 | 206188 | 253967 | 528163 |

TOTAL CONCESSIONS -RS. 28,48,755.00CRS
TOTAL SUBSIDIES - RS. 10,71,856 CRS

.Mr. Arun Jaitely while presenting the budget said " A journey to sustained 7-8 percent growth, it would not be wise to expect everything that can be done or must be done to be in the first budget presented with in 45 days of the formation of this government." Neither those he refers to as " the neo- middle class" nor the poor, let alone big business are likely to be pleased'.

To tackle the issue of inflation the budget proposes Rs. 500 Crores Price Stabilization Fund and affirms the entire commitment of support to state for setting up private market yards and private markets.

The finance minister made 28 token 100 Crores allocations to slew of schemes and initiatives ranging from a scheme for the girl child ,"Beti Bacchavo, Beti padavo" ( Save the girl child, educate her) to one promoting good governance. But how this project can be implemented has to be answered by the FM. The Finance minister quoted the Prime Ministers slogan of inclusiveness ("Sab ka sath sab ka vikas") but fresh allocations for the minorities were limited to just 100 Crores for madrasa modernization and nothing for the down trodden millions of minorities.

How ever, It is a welcome decision that over 28 lakh beneficiaries drawing pension are set to benefit from the Finance Minister. Arun Jaitely in his budget announced fixing the minimum pension under the Employees Provident Fund Scheme(EPF) as Rs.1000. The income ceiling under the EPF scheme has been raised from Rs. 6500 to Rs. 15000, which will increase the number of employees who will be eligible for PF contributions from employer. It is a welcome decision that the Finance minister has increased the' sin tax' of the excise duty of cigarettes in the range of 11 percent to 72 percent. However this is a welcome move to force people to quit smoking. Each year one million Indians reportedly die due to smoking related diseases.

For tax payers in the Rs5 lakh annual income slab, the savings income will be Rs.10300 while some in in the Rs10 lakh slab the tax out go will be lower by Rs.21579. If the Finance Minister could have been a little more generous, the section 80C limit could have been hiked by Rs.1 lakh ( from 1 lakh to 2 lakh) given that the government is keen to divert house hold savings to financial instruments from physical Asset and can have an increase in the Domestic savings.'

## Agriculture

The big thrust of the Budget is on the farm sector where a Protein Revolution is a new idea as the unbundling of the Food Corporation Of India . Other steps soil health card, Agri- tech infrastructure, technology driven second green revolution and a greater focus on irrigation all of which could enhance agri cultural production. Agriculture production is down from 3.6 percent of GDP in 2011-12 to a miserable 1.8 percent in the financial year 2012-13. The contribution of agriculture and allied sector in the GDP of the country has been steadily declining over the years and has reached about 14 percent . However agriculture still remains the principal lively hood of more than 50 percent of the nation's population. Per capita availability of food grains has been showing a declining trend. The incomes of the peasantry are falling, low yields, low productivity, soil degradation, lack of irrigation facilities, costly inputs, un remunerative prices, and lack of assured procurement have affected farmers incomes. India's share of agriculture to the GDP is only 13.9 % as against 54.6 5 of the labour force is engaged in agriculture. In other words the contribution is less than 1/7 of the GDP, about 54.6% of the total working force.

### Contribution to GDP by the Manufacturing Sector

| COUNTRY | %of GDP |
|---|---|
| CHINA | 34.1 |
| SOUTH KOREA | 27.7 |
| THAILAND | 36.6 |
| JAPAN | 20.5 |
| INDIA | 14.9 |

## EDUCATION

On the whole , the allocation for Education has gone up only marginally from 50,136.30 Crores in the last fiscal to 55,115.10 Crores , in the department of school education and Literacy from 24485 Crores to 27656 Crores In the Higher Education Sector there is a promise to set up five IITs and equal number of IIMs. The real fact is that the eight IITs set up in the eleventh plan period continue to function out of temporary premises and the IIT system all over India faces a faculty shortage of 30 to 35%. A sum of Rs 450 Crores has been set aside from the higher Education Department. It is very interesting that the current cost of setting one IIT is close to Rs.1800 Crores!!

The budget very much emphasized the need for Dis-Investment and the new target set for the financial year 2014-15 isRS.58,000 Crores, very much more than that of the previous budget. In order to raise revenue to trim India's 4.5 percent fiscal deficit, one of the main solution is dis - investment. Public Sector Undertakings (PSU) and Public Sector Banks (PSB) are already set for the dis –investment meaning liquidating government holdings to private hands. When the BJP was in Power in the year 2003, there was a minister (Arun Shourie) who was in charge of dis-investment.The BJP is following the policy of UPA and Congress so that every thing is provided to the corporates.

**TOTAL AMOUNT SPEND ON SUBSIDIES (CRORES) AND % OF GDP**

| YEAR | AMOUNT(CRORES) | %ofGDP |
|---|---|---|
| 2010 | 1,41,351 | 2.18 |
| 2011 | 1,73,420 | 2.23 |
| 2012 | 2,17,941 | 2.42 |
| 2013 | 2,57,079 | 2.54 |
| 2014 | 2,55,516 | 2.25 |
| 2015 | 2,60,658 | 2.02 |

The BJP s policy is to dismantle the government control ownership of all important PSUs and PSBs, Education, Public utility services, Insurance, Defence, Provident fund and even pension funds.

## INFLATION

The budget presented by Arun Jaitely failed miserably to cop up with the spiraling Inflation and rocketing prices of food grains and essential commodities. The de – regulation of Fuel prices especially Petrol and diesel and the fiscal and monetary policies of the BJP government are accelerating inflation and price rise beyond limit.

More over Rs 2lakh Crores of worth of black money is roughly in circulation. The new government is not putting any brake on speculation, banning private trade in food articles or curbing as well as unearthing black money. The Swiss government has prepared a list of Indians suspected to have slashed unaccounted money in Swiss Bank and the details of which are yet to be shared with the new government. In the budget The FM passively said that there a Special Team of Investigation (SIT) was constituted. About black money Arun Jaitely said on the budget that 'SIT' will take steps to share the details of black money in Swiss bank.

The price rise in food gains and essential commodities are exorbitant. As per the second advance estimate released by the Ministry of agriculture in mid February , this year , production of food grains has touched a record production of 263.20 Million Metric Tons as compared to 257.13 MMT in the year 2012-13. A very surprising feature of the Indian economy in recent years has been a high level price rise inspite of reasonable good production. The price rise is due to large scale hoarding by black marketers and price manipulators. The government of India has a buffer stock of food grains in excess of 80 MMT. This implies that the government is the biggest hoarder of food grains without distributing it timely. By purchasing huge quantity of food grains and refusing to distribute through the Public Distribution System (PDS). The budget is keeping mum about effective functioning of PDS and the market intervention. But the Government is protecting the future trading on food grains and essential commodities. The new budget is an utter failure in curbing the future trade. An apt example is the price level of sugar . Sugar price jumped by Rs.!0 per KG in the open market, but the government decided to increase the import duty on sugar and continue with export subsidy.

**GRIM PICTURE OF REAL ECONOMY**

| | |
|---|---|
| TOTAL LABOUR FORCE | 487.6 MILLION |
| UN EMPLOYMENT | 9.8% |
| ORGANISED SECTOR EMPLOYMENT | 28.70 MILLION(6%) |
| UNORGANISED SECTOR EMPLOYMENT | 94% |
| POVERTY | 32.7% LIVE ON LESS THAN $1.25 a Day68.7% LIVE ON LESS THAN$2 a Day |
| INVESTMENT | 30.4% Decreased |
| MEASURES TO INCREASE INVESTMENT AND SAVINGS IN THE BUDGET? | ???? |

No doubt Narendra Modi and his team may cry for the poor and dedicate their government to the poor, and sometimes they may live with the poor, but not a single programme of globalization will be rolled back.

"The beginning of a growth of a journey towards a sustained growth of 7-8 percent or above with in the next 3-4 years along with macroeconomic stabilization that includes lower levels of inflation, lesser fiscal deficit and manageable Current Account Deficit" Arun Jaitely.

The Arjun Sen Gupta committee set up by the UPA government stated that over 77 percent people are languishing below poverty line(BPL) but the government is shielding the hard reality , those who spend Rs.32 in cities and Rs.26 in villages can no longer be considered poor and hence poverty has been considerably alleviated. More over the Human Development Index Report 2014 has stated that India's HDI ranking has slipped further to134 out of 187 countries. The finance minister may quote "Faced with huge fiscal deficit, I have no choice but to rationalize expenditure".


*FOR TOP QUALITY TEXTS ...*

**SOBA PUBLICATIONS**

*Changanasserry, Kottayam,Kerala State 686101* *... wings of wisdom*

*Our prestigeous books which you can confidently follow ...*

- Financial Management (For B.Com / B.B.A) ₹*140*
- Income Tax *(For B.Com / B.B.A)* ₹*290*
- Direct taxes - Law and Practice *(For M.Com / MBA / CA / ICWA)* ₹ *390*
- Principles of Insurance *(For B.Com / B.B.A)* ₹*100*
- Capital Market *(For B.Com.)* ₹*100*
- Value Added Tax - Concepts and Practices *(For B.Com)* ₹*110*
- Indian Financial Markets *(For B.Com / B.B.A)* ₹*100*
- Capital Market and Investment Management ₹*100*
- Indian Financial System *(For B.Com / B.B.A)* ₹*100*
- Financial Management *(For M.Com / MBA/ CA/ ICWA)* ₹ *290*

*Attention Authors and Eminent Professors ...*

*We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...*

**SOBA PUBLICATIONS**

**The Manager**
**175, Manamel, Boat Jetty Road**
**Changanasserry, Kottayam (Dist) Pin-686 101**
**Ph. 9496752663 / 9446223651**
**Website : www.sobabooks.com**





# വിവാ ജർമനി



**ബാബുരാജൻ നല്ലൂരങ്ങാടി**
*പി.എസ്.എം.ഒ. കോളേജ്
തിരൂരങ്ങാടി*

ലോകത്തെ ഏറ്റവും മനോഹരമായ കളിയുടെ വിസ്മയകരമായ കാഴ്ചകൾക്കായുള്ള ഉറക്കമിളപ്പ് ജൂലൈ പതിനാലോടെ അവസാനിച്ചിരിക്കുകയാണ്. ലോകജനതയെ ജാതി-മത-വർണ്ണ-വർഗ്ഗ-രാഷ്ട്രീയ വേർതിരിവുകൾക്കതീതമായി ഒറ്റച്ചരടിൽ കോർത്തിണക്കിയ ഇരുപതാമത് ലോകകപ്പ് ഫുട്ബോളിന് ബ്രസീലിൽ അവസാന വിസിൽ മുഴങ്ങിയപ്പോൾ ഈ ജനകീയ കളിയെ സ്നേഹിക്കുന്ന കോടിക്കണക്കിന് ആരാധകർക്ക് ആവോളം സുന്ദരമുഹൂർത്തങ്ങൾ കാൽപന്തുകളി സമ്മാനിച്ചു എന്നു പറയാം. ബ്രസീൽ ലോകകപ്പിന്റെ ലോഗോ വാക്യം പ്രചോദനം (Inspiration) എന്നതും ഔദ്യോഗിക മുദ്രാവാക്യം 'എല്ലാവരും ഒരു താള'ത്തി(All in one Rhythm)ലുമായിരുന്നു. പോർച്ചുഗീസ് ഭാഷയിൽ ഫുട്ബോൾ, പരിസ്ഥിതി എന്നൊക്കെ അർത്ഥമുള്ള 'ഫുലേക്കോ' (അർമാഡിലോ എന്ന സസ്തനി) ഭാഗ്യചിഹ്നമായി. 'ഒലേ ഒലാ' (നാമൊന്ന്) എന്ന ഔദ്യോഗികഗാനം ജെന്നിഫർ ലോപ്പസ്, പിറ്റബുൾ, ക്ലോസിയ ലെയ്റ്റെ എന്നിവർ ചേർന്ന് തയ്യാറാക്കി. ആറു ഭൂഖണ്ഡങ്ങളിൽ നിന്നുള്ള 32 ടീമുകളെ എട്ടു ഗ്രൂപ്പുകളാക്കിയായിരുന്നു മത്സരങ്ങൾ. ജൂൺ 13നു ബ്രസീൽ-ക്രൊയേഷ്യ ഉദ്ഘാടന മത്സരത്തോടെ തുടങ്ങിയ കളി ജൂലൈ 14ലെ ജർമനി-അർജന്റീന ഫൈനലിലെത്തുമ്പോൾ ആകെ 64 മത്സരങ്ങൾക്ക് ബ്രസീലിലെ 12 സ്റ്റേഡിയങ്ങൾ സാക്ഷ്യം വഹിച്ചു. ഇതിനിടയിൽ 'ബ്രസൂക്ക' വലയിൽ കയറിയത് 171 തവണയാണ്. ഗോളുകളുടെ എണ്ണത്തിൽ മുൻലോകകപ്പുകളെ ഈ കപ്പ് കവച്ചുവെച്ചു എന്നത് ശ്രദ്ധേയം. ഗോൾലൈൻ ടെക്നോളജി, വാനിഷിംഗ് ഡേഷ്, കൂളിങ്ടൈം എന്നിങ്ങനെ ഫിഫ ഇത്തവണ കൊണ്ടുവന്ന പരിഷ്കാരങ്ങൾക്ക് നേരെ ഫുട്ബോൾ ലോകം പച്ചക്കൊടി കാട്ടി.

ഗോളുകളുടെ മനോഹാരിതയിൽ ബ്രസീൽ ലോകകപ്പ് രോമാഞ്ചജനകമായി. ഹോളണ്ടിന്റെ റോബിൻ വാൻപേഴ്സിയുടെ മഴവിൽ ഹെഡ്ഡർ, കൊളംബിയയുടെ പത്താം നമ്പർ യുവതാരം ജെയിംസ് റോഡ്രിഗസ് നെഞ്ചിലെടുത്ത് നിലംതൊടാതെ തൊടുത്തുവിട്ട ലോങ്റേഞ്ചർ, മെസ്സി ഇറാനെതിരെ നേടിയ 'ബെന്റ് ഇറ്റ് ലൈക്ക് ബെക്കാം' സ്റ്റൈൽ ഫ്രീകിക്ക്, ഓസീസിന്റെ ടീകാഹിൽ ബാൾ നിലംതൊടുംമുമ്പ് പറ




ത്തിയ മിന്നലടി, ഫൈനലിൽ ജർമ്മനിയുടെ മരിയോ ഗോട്സെ നേടിയ കിടിലൻ ഗോൾ എന്നിവ അടുത്ത ലോകകപ്പ് വരെ ഫുട്ബോൾ ആരാധകർ നെഞ്ചിലേറ്റും. ഇതിൽ കളിയുടെ 88-ാം മിനിറ്റിൽ പകരക്കാനായി കളത്തിലിറങ്ങിയ ഗോട്സെയുടെ ഏക ഗോളിനാണ് ജർമനി മെസ്സിയുടെ അർജന്റീനയെ കീഴടക്കി ലോകകപ്പ് സ്വന്തമാക്കിയത്. ഇത് ലോകകപ്പ് ഫൈനലിൽ ഒരു പകരക്കാരൻ നേടുന്ന ആദ്യഗോൾ കൂടിയാണ്. ജർമൻ കോച്ച് ജോകിം ലോവ് 'ജർമനിയുടെ അത്ഭുത ബാലൻ' എന്ന് ഗോട്സെയെ വിശേഷിപ്പിച്ചപ്പോൾ, മഹാനായ ഫ്രാൻസ് ബെക്കൻ ബോവർ വിളിച്ചത് 'ജർമൻ മെസ്സി' എന്നാണ്.

2010-ൽ ടിക്കിടാക്കയുമായി വന്ന് ലോകകപ്പ് നേടിയ സ്പെയിൻ ഇത്തവണ ഏറ്റവും വലിയ ഫ്ളോപ്പായി. കഴിഞ്ഞ ലോകകപ്പ് ഫൈനലിലെ തോൽവിക്ക് നെതർലൻഡ്സ് അഞ്ച് ഗോളടിച്ച് സ്പെയിനിനോട് കണക്ക് തീർത്തു. അങ്ങനെ ഫിഫ റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തുള്ള സ്പെയിൻ ക്വാർട്ടർ ഫൈനൽപോലും കാണാതെ നാണംകെട്ടു മടങ്ങി.

കളിമികവിന് കേളികേട്ട ഇകർ കസിയസ്, ആന്ദ്രേ ഇനിയസ്റ്റ, ഫെർണാണ്ടോ ടോറസ്, സെർജിയോ റാമോസ് (സ്പെയിൻ), സാനി ആൽവേസ്, ഫ്രെഡ് (ബ്രസീൽ), പെപെ, ക്രിസ്ത്യാണ്ടനോ റൊണാൾഡോ (പോർച്ചുഗൽ), സാമുവൽ എറ്റു ബെന്നോയിറ്റ് അസ്സൗ-എകോട്ടോ, അലക്സ് സോങ്ങ് (കാമറൂൺ), ദിദിയർ ദ്രോഗ്ബ (ഐവറി കോസ്റ്റ്), വെയ്ൻ റൂണി (ഇംഗ്ലണ്ട്), ഡീഗോ ഫോർലാൻ, ലൂയീസ് സുവാരസ് (ഉറുഗ്വായ്), സോങ്ങ്, ഏഡൻ ഹസാർഡ് (ബെൽജിയം), ഷിൻജി കഗാവ (ജപ്പാൻ), മാരിയോ ബെലോട്ടെല്ലി (ഇറ്റലി) എന്നിവർ ആരാധകരെ മോശം പ്രകടനം കൊണ്ട് നിരാശപ്പെടുത്തി. ഇതിൽ ലൂയീസ് സുവാരസ്, ഇറ്റാലിയൻ താരം ജോർജിയോ ചില്ലേനിയെ കടിച്ചതിന്റെ പേരിൽ കപ്പിൽ നിന്ന് പുറത്താക്കപ്പെട്ടു. ബ്രസീലിന്റെ നെയ്മറുടെ യഥാർത്ഥ പ്രതിഭ വെളിപ്പെടാതെ പോയതും ഈ കപ്പിന്റെ നഷ്ടമാണ്. കൊളംബിയയ്ക്കെതിരെയുള്ള കളിയിൽ സുനിഗയുടെ കാൽമുട്ടു കൊണ്ടുള്ള പ്രഹരമേറ്റ് നട്ടെല്ലിനു പരിക്കുപറ്റി നെയ്മർ ടൂർണമെന്റിൽനിന്ന് പുറത്തുപോയതോടെ ബ്രസീലിന്റെ ലോകകപ്പ് സ്വപ്നം പൊലിഞ്ഞു. ലോകമാകെയുള്ള ബ്രസീൽ ആരാധകർ തീരാദുഃഖത്തിലുമായി. പിന്നീട് ജർമ്മനിയോട് 7 ഗോളിനും നെതർലൻഡ്സിനോട് 3 ഗോളിനും തോറ്റതോടെ ബ്രസീലിന്റെ പതനം പൂർണ്ണമായി. ബ്രസീലിനോട് പരാജയപ്പെട്ട് കണ്ണീരൊലിപ്പിച്ച് കളിക്കളം വിട്ടുപോയ കൊളംബിയയുടെ പത്താം നമ്പർ താരം ജയിംസ് റോഡ്രിഗസിനെ ആരും മറക്കില്ല. ബ്രസീലിൽ ആറു ഗോൾ നേടി റോഡ്രിഗസ് സുവർണ്ണപാദുകം (ഏീഹറലി ടവീല) നേടിയെങ്കിലും കൊളംബിയയുടെ വീരോചിതമായ മടക്കം ഏറെ വേദനിപ്പിക്കുന്നതായി. ഗ്രൂപ്പ് ഘട്ടത്തിലെ ഏറ്റവും മികച്ച താരമായി ഫിഫ തെരഞ്ഞെടുത്തത് റോഡ്രിഗസിനെയായിരുന്നു. കറുത്ത കുതിരകളായി വിശേഷിപ്പിക്കപ്പെട്ട ബെൽജിയത്തിന്റെ വിടവാങ്ങലും ദൗർഭാഗ്യകരമാണ്. അൾജീരിയ, റഷ്യ, ദക്ഷിണകൊറിയ, അമേരിക്ക എന്നീ ടീമുകളെ തോല്പിച്ച് ക്വാർട്ടറിലെത്തിയ ബെൽജിയം അർജന്റീനയോട് ഒറ്റ ഗോളിനാണ് തോറ്റ് തലയുയർത്തി മടങ്ങിയത്. അങ്ങനെ 24 വർഷത്തെ കാത്തിരിപ്പിനുശേഷം അർജന്റീന സെമിയിലെത്തി. ഘാന, പോർച്ചുഗൽ, നൈജീരിയ, കോസ്റ്ററിക്ക, അൾജീരിയ, അമേരിക്ക, ഐവറികോസ്റ്റ്, ചിലി, ഉറു





ഗ്വായ്, മെക്സിക്കോ ടീമുകളുടെ പുറത്തുപോകലും പൊരുതിത്തോറ്റാണ്. അടുത്ത കപ്പിൽ പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരാനുള്ള മടക്കമാണത്. ഇക്കുറി ആഫ്രിക്കൻ സാന്നിധ്യമില്ലാതെയാണ് ക്വാർട്ടർ ഫൈനൽ അരങ്ങേറിയത്.


ഗോൾകീപ്പർമാരുടെ ലോകകപ്പായിരുന്നു ഇത്. മെക്സിക്കോയുടെ ഗില്ലർമോ ഒച്ചോവ, കോസ്റ്ററിക്കയുടെ കെയ്‌ലർ നവാസ്, അമേരിക്കയുടെ 'രക്ഷപ്പെടുത്തലുകളുടെ ലോകറെക്കോർഡ് തിരുത്തിയ' ടിം ഹൊവാർഡ്, അൾജീരിയയുടെ റെയ്സ് എമ്പോളി, ജർമനിയുടെ മാനുവൽ ന്യൂയർ, അർജന്റീനയുടെ സെർജിയോ റൊമിറോ എന്നിവർ ടീമിന്റെ മുന്നേറ്റങ്ങളിൽ ധീരയോദ്ധാക്കളായി. ഇവർ കൈക്കരുത്തിന്റെ വീരഗാഥകൾ രചിച്ചു. അർജന്റീനയ്ക്ക് നെതർലൻഡ്സിനെതിരെ നടന്ന സെമിയിൽ കലാശക്കളിക്ക് അർഹത നേടിക്കൊടുത്തത് സെർജിയോ റൊമിറോയുടെ കയ്യൂക്കാണ്. കോസ്റ്ററിക്കയ്ക്കെതിരെ പെനാൽറ്റി ഷൂട്ടൗട്ടിൽ നെതർലൻഡ്സിന്റെ രക്ഷകനായത് അവരുടെ രണ്ടാം ഗോളി ടിം ക്രൂളിനാണ്. ഗോളികളുടെ മികവിൽ മാനംകാത്ത ടീമുകളാണ് പലതും. ഫൈനൽ ഉൾപ്പെടെ ഏഴു മത്സരങ്ങളിൽ നാലുഗോൾ മാത്രം വഴങ്ങിയ ജർമനിയുടെ മാനുവൽ ന്യൂയർ ആണ് മികച്ച ഗോൾകീപ്പർക്കുള്ള സുവർണ്ണകയ്യുറ കരസ്ഥമാക്കിയത്. ടൂർണമെന്റിലെ മികച്ച യുവതാരമായി ഫ്രഞ്ച് മധ്യനിരതാരം പോൾ പോഗ്ബ തെരഞ്ഞെടുക്കപ്പെട്ടു. സ്വർണ്ണപ്പന്ത് നേടിയ മെസിയുടെ അർഹതയെ ദീഗോ മറഡോണയും സെപ്ബ്ലാറ്ററും വിമർശിച്ചത് മാധ്യമങ്ങൾ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തു. കൊളംബിയയുടെ ജെയിംസ് റോഡ്രിഗ്സ്, നെതർലൻഡ്സിന്റെ ആര്യൻ റോബൻ, ജർമൻ ഗോളി മാനുവൽ ന്യൂയർ എന്നിവരായിരുന്നു മികച്ച താരത്തിനുള്ള പട്ടികയിൽ ഉണ്ടായിരുന്ന മറ്റു താരങ്ങൾ. ഏറ്റവും മാന്യമായി കളിച്ച ടീമിനുള്ള ഫെയർപ്ലേ പുരസ്കാരം കൊളംബിയൻ ടീം നേടി . കഴിഞ്ഞ തവണത്തെ ഫൈനലിസ്റ്റായ നെതർലൻഡ്സിനു മൂന്നാംസ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. ഏറ്റവും കൂടുതൽ തവണ ലോകകപ്പ് ഫൈനലിലെത്തിയിട്ടും കപ്പ് നേടാൻ ഭാഗ്യമില്ലാത്ത ടീമാണ് നെതർലൻഡ്സ്.

മികച്ച സംഘാടനം കൊണ്ടും കളികളുടെ ഉന്നതനിലവാരം കൊണ്ടും നല്ലൊരു ലോകകണ്ടപ്പാണ്ടയിരുന്നു ബ്രസീൽ ലോകകപ്പ്. അഭൂതപൂർവ്വമായ ജനപങ്കാളിത്തമാണ് ഇപ്രാണ്ടവശ്യം കണ്ടത്. കേരളത്തിൽ പ്രത്യേകിച്ച് കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഫാൻസ് അസോസിയേഷനുകൾ മത്സരിച്ചാണ് ഫ്ളക്സുകളും കമാനങ്ങളും കൊടികളും നാട്ടിയത്. കളി കാണാൻ ബിഗ് സ്ക്രീനുകളൊരുക്കി പന്തൽ കെട്ടി, ഭക്ഷണമൊരുക്കി രാവുകളെ പകലാക്കി മാറ്റി ഫുട്ബോൾ ആരാധകർ. നാട്ടിലെ ഫ്ളക്സ് നിർമ്മാണസ്ഥാപനങ്ങൾക്ക് ഒരു മാസം ചാകരക്കാലമായിരുന്നു. പന്തയങ്ങളിൽ പരാജയപ്പെട്ടവർക്ക് പാതി മുടിയും മീശയുമായി തെരുവിലിറങ്ങേണ്ടിവന്നു. കളി കണ്ടവരിൽ സ്ത്രീകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു എന്നതാണ് മറ്റൊരു പ്രത്യേകത. സോഷ്യൽ മീഡിയകളിലൂടെയാണ് സ്ത്രീകൾ കൂടുതൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയത്. കൊളംബിയ, ഇറാൻ, കോസ്റ്ററിക്ക, അമേരിക്ക എന്നീ ടീമുകൾക്കാണ് കൂടുതൽ വനിതാ ആരാധകരെ ലഭിച്ചത്. ഏകദേശം 40 ശതമാനമാണ് സ്ത്രീകൾ പോസ്റ്റ് ചെയ്ത അഭിപ്രായങ്ങൾ എന്നാണ് അമേരിക്കയിൽ നടന്ന ഒരു പഠനം സൂചിപ്പിക്കുന്നത്. ചായക്കടയിലും ബാർബർ ഷോപ്പിലും മത്സ്യമാർക്കറ്റിലും ഓഫീസുകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും ബസ്സിലും തീവണ്ടിയിലും വിമാനത്തിൽ പോലും ഫുട്ബോൾ ചർച്ചകൾ സജീവമായി. ലോകം ഒരു പന്തിനു ചുറ്റും കറങ്ങാൻ തുടങ്ങിയിട്ടും ഇതൊന്നും ശ്രദ്ധിക്കാതെ നടന്ന ചില മന്ദപ്പന്മാരെ കളിയാക്കാൻ പല തമാശകളും രസികന്മാർ സൃഷ്ടിച്ചു. കോളേജ് സ്റ്റാഫ് ക്ലബിൽ കേട്ട അത്തരമൊരു തമാശ: കളിയിൽ തീരെ താല്പര്യം കാണിക്കാതെ നടന്ന ഒരധ്യാപകനോട് രസികനായ സഹപ്രവർത്തകൻ ചോദിച്ചതിങ്ങനെ. "ഇന്നലെ രാത്രി ലോകകപ്പിൽ വെസ്റ്റ് ഇൻഡീസിന്റെ കളി കണ്ടണ്ടോ?" 'ഈ ലോകഗോളം തിരിയുന്ന മാർഗ്ഗ'മറിയാത്ത ആ പാവം പറഞ്ഞ മറുപടി: "അയ്യോ സർ ഞാനിന്നലെ വേഗം ഉറങ്ങി, കളി കാണാൻ കഴിഞ്ഞില്ല, എങ്ങനെയുണ്ടണ്ടാണ്ടയിണ്ടരുന്നു" എന്നാണ്. ലോകകപ്പിൽ ഏതൊക്കെ ടീമുകൾ പങ്കെടുക്കുന്നുണ്ടെന്ന സാമാന്യബോധം പോലും ടിയാനുണ്ടായിരുന്നില്ലെന്ന് ചുരുക്കം! ടീമുകളുടെ ജഴ്സിയും പതാകകളും എങ്ങും ദൃശ്യമായിരുന്ന കാലം. ലോകത്തു നടന്ന മറ്റു പല സുപ്രധാന സംഭവങ്ങളും ഇക്കാലത്ത് പാർശ്വവത്ക്കരിക്കപ്പെട്ടു. എല്ലാ കണ്ണുകളും കാതുകളും ബ്രസീലിൽ കേന്ദ്രീകരിക്കപ്പെട്ടു. നെയ്മർക്ക് സംഭവിച്ച അപകടം സ്വന്തം കുടുംബാംഗത്തിനു സംഭവിച്ചതുപോലെ ഫുട്ബോൾ പ്രേമികളെ അലട്ടി. അതിൽ നൊമ്പരപ്പെടുകയും നിരാശപ്പെടുകയും രോഷം കൊള്ളുകയും ചെയ്തു. സുനിഗയെ ബ്രസീൽ ആരാധകർ അങ്ങേയറ്റം വെറുത്തു. ആ കളി നിയന്ത്രിച്ച റഫറി കാർലോസ് വെലാസ്കോ കാർബല്ലോയെ പലരും പഴിച്ചു.

ഫൈനലിൽ മെസ്സിയുടെ

# ഗവേഷണപ്രബന്ധങ്ങൾ പുസ്തകമാക്കൂ

## നിങ്ങളുടെ കണ്ടെത്തലുകൾ ലോകം വായിക്കട്ടെ



- ശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാഹിത്യം തുടങ്ങി എല്ലാ മേഖലകളിലെയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാം.
- പ്രിന്റ് ഓൺ ഡിമാന്റ് (P.O.D) വഴി ലോകത്തിലെവിടെയും എത്തിക്കാനുള്ള സൗകര്യം
- ഇംഗ്ലിഷിലും മലയാളത്തിലും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു.
- മുന്നൂറിലധികം അന്താരാഷ്ട്ര വില്പനശാലകൾ.
- ദേശീയ ലൈബ്രറികൾക്ക് പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുന്നു.

### സ്വന്തമായി പുസ്തകം പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന നിങ്ങൾക്കൊപ്പം ഞങ്ങളുണ്ട്

• നിങ്ങളുടെ രചന ലോകം മുഴുവൻ ലഭ്യമാക്കുന്നു. • പ്രസാധനത്തിന്റെ മുഴുവൻ ഘട്ടങ്ങളിലും ഒപ്പം നിൽക്കുന്നു (Author Support System). • സോഷ്യൽ മീഡിയയിലൂടെ പ്രചാരണം നൽകുന്നു. • ഓൺലൈൻ സ്റ്റോറുകളിൽ ലഭ്യമാക്കുന്നു. • നിങ്ങളുടെ പുസ്തകം തിരഞ്ഞെടുത്ത പുസ്തകശാലകളിൽ ലഭ്യമാക്കുന്നു. • ഇ-ബുക്കായി ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ലഭ്യമാക്കുന്നു. • പേപ്പർബാക്ക് - ഹാർഡ് ബൗണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു • മികച്ച നിലവാരമുള്ള അച്ചടി. • സിൽവർ, ഗോൾഡ്, പ്ലാറ്റിനം എന്നിങ്ങനെ ആകർഷകമായ പാക്കേജുകൾ.

EXPRESSIONS
leave your signature through us

a self publishing service of D C Press

Free Consultation 9946108441
www.publishexpressions.com
expressions@dcbooks.com

ഡി സി പ്രസ്സ് - ഒരു ഡിസി ബുക്സ് സഹോദര സ്ഥാപനം

അർജന്റീനയ്ക്ക് നേരിട്ട പരാജയം ഉൾക്കൊള്ളാനാവാതെ നടക്കുന്ന ഫുട്ബോൾ ആരാധകർ ഇപ്പോഴും നിരവധിയാണ്. ലോകത്ത് മറ്റൊരു കളിക്കും ജനങ്ങളുടെ മനസ്സിൽ ഇത്രയും വേരോട്ടമുണ്ടാകില്ല., സ്ഥലകാലം മറന്ന്, കൈമെയ് മറന്ന് ആളുകൾ ഈ കളിയിൽ മുഴുകും. അതാണ് കാൽപന്തുകളിയുടെ വശ്യത. ഈ ലോകകപ്പ് നൽകുന്ന സന്ദേശം ഫുട്ബോൾ ആത്യാവസാനം ഒരു ടീം ഗെയിം ആണെന്നതാണ്. ഫെയ്സ്ബുക്കിൽ പ്രചരിച്ച അനേകം സന്ദേശങ്ങളിൽ ഒന്ന് 'അർജന്റീനയ്ക്ക് മെസിയുണ്ട്. ജർമനിക്ക് ഒരു ടീമും' എന്നതാണ്. വാസ്തവം അതാണ്. വ്യക്തിഗത മികവിലല്ല ഈ ലോകകപ്പ് ഊന്നിയത്. മറിച്ച് സംഘബോധത്തോടെ, വളർത്തുന്നതാണ് ജർമനിയുടെ രീതി. ഇന്ത്യയ്ക്ക് ഇതിൽ നിന്നൊക്കെ പലതും പഠിക്കാനുണ്ട്. ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുള്ള നാം കായികരംഗം അഴിമതി നടത്താനുള്ള ഒന്നാന്തരം വേദിയായാണ് പരിഗണിച്ചുപോരുന്നത്! നമ്മേക്കാൾ എത്രയോ ജനസംഖ്യ കുറഞ്ഞ രാജ്യങ്ങൾ ലോകകപ്പ് മത്സരവേദികളിൽ തലയുയർത്തി നിൽക്കുമ്പോൾ നാം ഫിഫ റാങ്കിങ്ങിൽ 151-ാം സ്ഥാന ലബ്ധിയിൽ പുളകം കൊള്ളുന്നു.

ലോകകപ്പ് ഇളക്കിവിട്ട ഉണർവ്വും ആവേശവും അനുകൂല ഘടകമാക്കി ഓൾ ഇന്ത്യാ ഫുട്ബോൾ ഫെഡറേഷനും സംസ്ഥാന ഫുട്ബോൾ ഫെഡറേഷനുകളും താരങ്ങളെ വളർത്തി റാങ്കിങ്ങിൽ ജർമനി ഒന്നാം സ്ഥാനത്തെത്തി. രണ്ടും മൂന്നും സ്ഥാനത്ത് അർജന്റീനയും നെതർലൻഡ്സുമാണ്. ലോകകപ്പ് നേടിയ ജർമൻ ടീം, ബ്രസീലിൽനിന്ന് 'ഫൻഹാൻസ' എന്ന പ്രത്യേക വിമാനത്തിൽ എത്തിയപ്പോൾ ബർലിൻ നഗരത്തിൽ അഞ്ചുലക്ഷത്തോളം ആരാധകരാണ് അവരെ വരവേൽക്കാൻ ഒത്തുചേർന്നത്. ഫൈനലിൽ പരാജയം ഏറ്റുവാങ്ങിയ അർജന്റീന ടീമിനെ നാട്ടിലെ കലാപമാണ് സ്വാഗതമേകിയത് (തലസ്ഥാനമായ ബ്യൂണസ് ഐറിസിൽ നടന്ന കലാപത്തിൽ പതിനഞ്ച് പോലീസുകാർക്ക് പരിക്കേറ്റു. 60 ഫുട്ബോൾ ഊളൻമാർ അറസ്റ്റിലായി. നിരവധി വാഹനങ്ങൾ തകർത്തു, തീയിട്ടു,



ഒരൊറ്റ മനസ്സായി പ്രയത്നിച്ച ടീമുകളാണ് മുന്നേറിയത്. രണ്ടായിരമാണ്ടിൽ യൂറോകപ്പിന്റെ ഫൈനലിൽ ഫ്രാൻസിനോട് പരാജയപ്പെട്ടപ്പോൾ മുതൽ ജർമൻ ഫുട്ബോൾ ഫെഡറേഷൻ ലക്ഷ്യമിട്ടതാണ് 2014-ലെ ലോകകപ്പ്. ആ സ്വപ്നം യാഥാർഥ്യമാക്കാൻ ജർമനി ഒറ്റക്കെട്ടായി മുന്നേറിയതിന്റെ ഫലമാണ് അവർ സ്വന്തമാക്കിയ നാലാം ലോകകപ്പ് (1954, 1974, 1990 വർഷങ്ങളിലാണ് ജർമ്മനി കപ്പ് നേടിയത്). അവർ കാഴ്ച വെച്ചത് സമ്പൂർണ്ണ ഫുട്ബോളാണ്. അക്കാദമികൾ സ്ഥാപിച്ച് കളിക്കാരെ ക്കൊണ്ടുവരികയാണെങ്കിൽ അനതിവിദൂരമല്ലാത്ത ഭാവിയിൽ ഇന്ത്യൻ പതാകയും ജഴ്സിയും ലോക കായികവേദികളിൽ കാണാനാകും. അല്ലാത്തപക്ഷം ഇന്ത്യയ്ക്ക് ലോകകപ്പ് വേദി അനുവദിച്ചു കിട്ടുന്നതുവരെ പന്തുതട്ടാൻ കാത്തിരിക്കേണ്ടിവരും!

വിവാ ജർമ്മനി. യൂറോപ്പിനു പുറത്ത്, ലാറ്റിനമേരിക്കയിൽ ലോകകപ്പ് ഉയർത്തിയ ആദ്യ യൂറോപ്യൻ ടീമായി ജർമനി. 24 വർഷത്തെ കാത്തിരിപ്പിനൊടുവിൽ ഐക്യജർമ്മണ്ടനിണ്ടയുണ്ടടെ ആദ്യ ലോകജയം. ഇതോടെ ഫിഫ കടകൾ കൊള്ളയടിച്ചു എന്നാണ് പത്രവാർത്ത). ഫുട്ബോളിന്റെ താളത്തിനും ആരവത്തിനുമായി നമുക്ക് ഇനി 2016-ൽ ഫ്രാൻസ് യൂറോകപ്പ്, 2017-ൽ റഷ്യയിൽ നടക്കുന്ന ഫിഫ കോൺഫെഡറേഷൻ കപ്പ്, 2017ൽ ഇന്ത്യയിൽ അരങ്ങേറുന്ന അണ്ടർ 17 ലോകകപ്പ്, 2018-ലെ റഷ്യൻ ലോകകപ്പ് എന്നിവ വരെ കാത്തിരിക്കണം. അതിന് മുമ്പ് 2015-ൽ ചിലിയിൽ നടക്കുന്ന കോപ്പ അമേരിക്കയും കാനഡയിൽ നടക്കുന്ന വനിതാ ലോകകപ്പും ഫുട്ബോൾ ആരാധകരെ മാടി വിളിക്കുന്നുണ്ട്.




# Narcissism, Post-Modernism and what we see on the Wayside



**Reji Paikkattu**
*Associate Professor of English, M.G.College, Iritty*

Man is innately capable of organising images, synthesizing ideas and coordinating them in such a way that new configurations having 'artistic halo' (subjectively perceived) come into being. Now a days no one constructs artifacts or artistic objects which are entirely original. Rather, everywhere we come across organizers of diverse forms of act or performance (what is supposed to be art). In a sense, no one constructs entirely original things. Images and objects from history (contemporary or classical) or what takes place now or even in future (Messi's or someone else's goal / golden moment is in future) are taken and arranged or juxtaposed together. Witness artistic exhibitions accompanying meetings and conventions or an innovative event that took place last year called 'Cochin Biennale' or easier still, innumerable flexboards hoisted up by enthusiastic fans of Argentina, Brazil, Mexico, Spain etc. during the days of World Cup Football.

At present, the view that only works of fine arts and sublime works of literature embody what is termed artistic beauty is increasingly evaluated as an antidiluvian concept. Now a days, all walks of life characterized by human involvement have become broad avenue or versatile arena where human ingenuity, spontaneous responses, manipulations of artistic convention's and a liberal dose of commercial practices result in what is called the suitable culture relevant to the moment. Hence, an old canoe set up in a proper background becomes a work of art in Cochin

Biennale. Here, government sources as well as external (foreign) agencies perceive it as an innovative form of art which should be helped by supplying crores of extreme or sublime order of rupees. The event must have been exhibiting things, one wonders. To take another example, Brazil, Argentina, Italy, Mexico and such nation-states take part in World Cup Football spectacle. Since we cannot maintain solitude in the present world (now, all moves and responses are bound to be global in a global village), innumerable colourful flexboards become our vibrant sports arena. These charming installations clamour loudly with challenges, dravado and claims - both tall and short - so that happy dose of narcissim and timely cathartic effect save thousands of Keralites from pessimism. In effect, while installing flexboards, they must have been experiencing a veritable cuphoria. They identify with the player named 'X' or team 'Y' and the rest is history, as the saying goes.

Many years ago, George Orwell wrote: "Sports is war minus shooting." Real participants as well as far away spectators vie with one another to prove that probably the content of truth in that comment is equal to that of E=mc2. In unguarded moments, one may be tempted to think that war with shooting is as good as the other one.

It is usually observed that what is called transgression - imagined or real forms of enjoyment that seem to contradict the prevailing ideas or laws controlling social or moral behavior is woven into the texture of all societies. It is so because for every rule or ideal conduct that exists in society, its transgression is implied to be the crime that is prohibited or adversely evaluated. In fact all political systems and societies (hither to existing) provide acknowledged or otherwise avenues or activities that help the majority of people to lesson the aggressiveness built into human nature and man made social systems. There is the world of dirty jokes and ballads like elaborate compositions, consumption of alcohol or drugs, watching pornography and violent sports events and initiating confrontations, both verbal and armed.






In a mass society such as ours in the twenty first century, almost everything - images on the screen, spectacle on the way, fleeting sensations and feelings in the mind, goods and gadgets in shopping malls - have become objects to be consumed. Life is for enjoyment. The exhortation in the air is - Enjoy! Naturally, as has been reported manytimes by media, people look at the scene of accident and bleeding human beings who need urgent medical care, with the help of mobile camera!




# കണ്ണൂർ സർവ്വകലാശാലയുടെ വർത്തമാനം

**ഡോ. ജെയിംസ് പോൾ**
*നിർമ്മലഗിരി കോളജ്, കൂത്തുപറമ്പ്*



ഇന്ത്യയിലല്ല, ലോകത്തെവിടെയെങ്കിലും ഈവ്വിധം ഒരു സർവ്വകലാശാല പ്രവർത്തിക്കുന്നുണ്ട് എന്നു കരുതാൻ പ്രയാസമാണ്. 2011 ൽ കേരളത്തിലുണ്ടായ ഒരു ഭരണ മാററത്തെ തുടർന്ന് ദ്രുതഗതിയിൽ നിലവിലിരുന്ന ഭരണ സമിതികളെ പിരിച്ചു വിടുകയും വൈസ് ചാൻസലർ അടക്കമുള്ള സ്റ്റാററ്യൂട്ടറി ഓഫീസർമാരെ അധിക്ഷേപിച്ച് മൂലയ്ക്കിരുത്തി അധികാരമേറെടുത്ത സിന്റിക്കേററംഗങ്ങൾ ഒരു സർവ്വകലാശാലയെ എവിടെകൊണ്ടെത്തിച്ചു എന്ന് കണ്ണൂർ സർവ്വകലാശാലയുടെ ഇന്നത്തെ പ്രവർത്തനങ്ങൾ നിരീക്ഷിയ്ക്കുമ്പോൾ നമുക്ക് മൂക്കത്തു വിരൽ വയ്ക്കേണ്ടിവരും.

ഇതര സർവ്വകലാശാലകളിലെങ്ങും കേട്ടുകേൾവിയില്ലാത്ത വിധം സർവ്വകലാശാലാ സിന്റിക്കേററംഗങ്ങൾ തന്നെ സ്റ്റാററ്യൂട്ടറി ഓഫീസർമാരായി മാറിയ വിചിത്രാനുഭവങ്ങൾ കണ്ണൂർ സർവ്വകലാശാലയ്ക്ക് സ്വന്തം. രൂപീകരിയ്ക്കപെട്ട സിന്റിക്കേററ് ആദ്യം രജിസ്ററാറെ കസേരയിൽ നിന്നിറക്കി വിട്ടു,. അദ്ദേഹത്തിൻെറ നിയമനത്തെ ചോദ്യം ചെയ്തു കൊണ്ടു കോടതിയിൽ കേസു കൊടുത്ത ആൾ ഭരണമാററത്തെ തുടർന്ന് സിന്റിക്കേററിലെത്തുകയും രാഷ്ട്രീയക്കളി നടത്തി രജിസ്ട്രോറെ സസ്പെൻറു ചെയ്യിക്കുകയും, ശേഷം ഭരമസ്വാധീനമുപയോഗിച്ച് ആളെ പിരിച്ചു വിടുകയും സിന്റിക്കേററിൽ തന്നെ ഇരുന്നു കൊണ്ട് രജിസ്ട്രോറുടെ നിയമന മാനദണ്ഡം ഉണ്ടാക്കുകയും ഇൻറവ്യൂ പ്രഹസനം നടത്തി രജിസ്ററാർ കസേരയിൽ കയറി ഇരിയ്ക്കുകയും ചെയ്തു. മറെറാരു സിന്റിക്കേററംഗം കേരള സർവ്വകലാശാല.യിലേയ്ക്ക് പി വി സിയായി നിയമിതനായപ്പോൾ മൂന്നാമതൊരാൾ എല്ലാവരേയും കടത്തിവെട്ടി വൈസ്ചാൻസലർ തന്നെയായ കഥയും കണ്ണൂർ സർവ്വകലാശാലയ്ക്ക് സ്വന്തം ആളുടെ അക്കാദമിക് യോഗ്യത ഗവേഷണ ബിരുദം തുടങ്ങിയവയൊക്കെ ഇപ്പോൾ അങ്ങാടിയിൽ പോലും ചർച്ചാ വിഷയമാണല്ലോ.

കണ്ണൂർ സർവ്വകലാശാലയിലെ ആളില്ലാക്കസേരകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ കഴിയാത്ത വിധം അത്രയധികമായരിയ്ക്കുന്നു. ഉയർന്ന കസേരകളിലേക്ക് ഇരിപ്പ് മാററിയ സിന്റിക്കേററംഗങ്ങളുടെ കസേരകളിൽ പകരം ആളില്ലാതായിട്ട് വർഷങ്ങൾ കഴിയുന്നു. പി വി സി ഇല്ലാതായിട്ടും ഒരു വർഷത്തിലധികമായി . സെനററു ഹാളിലെ മുഴുവൻ കസേരകളും കാലിയാണ്. അക്കാദമിക് കൗൺസിൽ ഇപ്പോൾ വൈസ്ചാൻസല


റുടെ പേനത്തുമ്പിലെ വിവേചനാധികാരം. അക്കാദമിക് സ്റ്റാഫ് കോളജ് ഡയറക്ടർ വിദൂര വിദ്യാഭ്യാസ വിഭാഗം ഡയറക്ടർ തുടങ്ങിയ പ്രമുഖ ഇരിപ്പിടങ്ങൾ മൂന്നു വർഷത്തോളമായി ഒഴിഞ്ഞു കിടക്കുന്നു. വിദ്യാർത്ഥി ക്ഷേമവിഭാഗം ഡയറക്ടർ പെൻഷൻ പററിട്ട് രണ്ടു മാസത്തോളമായി. പി ആർ ഒ ഇല്ലാതായിട്ട് വർഷം പലതു കഴിഞ്ഞു. വിവിധ ക്യാമ്പസുകളിലുള്ള ബിരുദാനന്തര ഗവേഷണ കേന്ദ്രങ്ങളിലൊന്നും സ്ഥിരം അധ്യാപകരുടെ നിയമനം നടക്കുന്നില്ല. പല വകുപ്പുകളുടെയും തലവന്മാർ അതിഥി അധ്യാപകരാണ്.

ഈവ്വിധ ചിന്തകളൊന്നും തെല്ലുമേ അലട്ടാതെ യുദ്ധകാലാടിസ്ഥാനത്തിൽ ശുഷ്കാന്തിയോടെ സർവ്വകലാശാലാ ഭരണ നിപുണന്മാർ ചെയ്ത മഹത്തായ ഒരു പ്രവൃത്തിയുണ്ട് ആസ്ഥാന മാററം. ഏതാണ്ട് സമ്പൂർണ്ണവും സമഗ്രവുമായ സൗകര്യങ്ങളോടെ മാങ്ങാട്ടു പറമ്പിലെ വിശാലമായ ക്യാമ്പസിൽ പ്രവർത്തിച്ചു വന്നിരുന്ന യൂണിവേഴ്സിററിയുടെ ഭരണ കേന്ദ്രത്തെ രായ്ക്കുരാമാനം കണ്ണൂർ നഗരത്തിലെ കേവലം രണ്ടേക്കർ ചുററളവിലുള്ള അമ്പതു ശതമാനം പണി തീരാത്ത കെട്ടിടത്തിലേയ്ക്ക് മാററി. ആസ്ഥാന മന്ദിരം പണി തുടങ്ങുന്നതിനും വളരെ മുമ്പു നിർമ്മാണം തുടങ്ങിയിരുന്ന ലൈബ്രറി കെട്ടിടമോ, അക്കാദമിക് സ്റ്റാഫ് കോളജ് കെട്ടിടമോ പണി പൂർത്തിയാകാതെ നില്ക്കുമ്പോൾ തിടുക്കപ്പെട്ട് ഒരു ആസ്ഥാന മാററമുണ്ടാക്കിയതിനു പിന്നിലെ രാഷ്ട്രീയ ലക്ഷ്യങ്ങളെന്തെന്ന് മുതിർന്നവർക്കു മാത്രം അറിവുള്ള കാര്യങ്ങളാണ്. എന്നാൽ കടുത്ത ഒരു സാമൂഹ്യ തിന്മ ചെയ്തു പോയതിലുള്ള കുററബോധം ഇവർക്കെന്തെങ്കിലുമുണ്ടാവുമെന്നു കരുതുക വയ്യ. എന്തൊക്കെയാണ് ഉപേക്ഷിയ്ക്കപ്പെട്ട മാങ്ങാട്ടു പറമ്പു ക്യാമ്പസിൽ അനാഥമാക്കപ്പെട്ടത്. 4 കോടിയിലധികം ചിലവഴിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ പണി കഴിപ്പിച്ച ശീതികരിയ്ക്കപ്പെട്ട ഓഡിറേറാറിയവും അനുബന്ധ സെമിനാർ മുറികളും. ഭാവിയിൽ അവിടെ പ്രവർത്തിച്ചേയ്ക്കാവുന്ന ഡിപ്പാർട്ടുമെൻറുകൾക്ക് ഈ സൗകര്യങ്ങളൊന്നും ഉപയോഗപ്പെടുത്താനാവുമെന്നു തോന്നുന്നില്ല. അത്രമേൽ ചിലവേറിയതാണ് അതിൻെറ പ്രവർത്തന രീതി. സർവ്വസജ്ജീകരണങ്ങളുമുള്ള ശീതീകരിയ്ക്കപ്പെട്ട സെനററ് ഹാൾ, സിന്റിക്കേററ് സ്റ്റാററ്യൂട്ടറി ഓഫീസർമാരുടെ അതിബൃഹത്തായ ഓഫീസുമുറികളും മററു നിരവധി ഓഫീസർമാരുടെ ക്യാബിനുകൾ.. എല്ലാം ഒരു സുപ്രഭാതത്തിൽ വലിച്ചെറിഞ്ഞ് നഗരത്തിലേയ്ക്ക് കുടിയേറിയ സർവ്വകലാശാലാ ഭരണക്കാർ പൊതുജനങ്ങളോട് ഒരു നാൾ മറുപടി പറഞ്ഞേ പററൂ. പഠനവകുപ്പുകൾക്കായി മാററിവയ്ക്കും എന്ന് പറഞ്ഞിട്ടുള്ള മാങ്ങാട്ടുപറമ്പിലെ ഒഴിഞ്ഞ ക്യാമ്പസ് എലിമാടങ്ങളും ഭാവിയിൽ പുലിമടകളുമായി മാറിയാൽ അത്ഭുതപ്പെടേണ്ടതില്ല. കെട്ടിട നിർമ്മാണ കാര്യങ്ങളിൽ മാത്രം അഭിരമിയ്ക്കുന്ന സിന്റിക്കേററംഗങ്ങൾക്ക് പണിതീർന്നു ഉപേക്ഷിച്ച ഒരു കെട്ടിടത്തോട് എന്ത് ആഭിമുഖ്യമാണുണ്ടാവുക? അങ്ങനെയെന്തെങ്കിലും അക്കാദമിക് താല്പര്യം അവരെ നയിക്കുന്നതായി കഴിഞ്ഞ മൂന്നു വർഷങ്ങളുടെ അനുഭവം നമുക്ക് കാണിച്ചു തരുന്നില്ല.

കണ്ണൂർ സർവ്വകലാശാലയിലെ സി സി എസ് എസ് ഇപ്പോൾ സി ബി സി എസ് എസ് ആയി മാറിയതിൻെറ രീതി പരിശോധിച്ചാൽ മേൽപ്പറഞ്ഞ കാര്യം സുവ്യക്തമാകും. സിലബസ്സൊക്കെ തലങ്ങും വിലങ്ങും കീറി മുറിച്ച് വികൃതവും വികലമാക്കിയ പഠനബോധം ഗങ്ങൾക്ക് പക്ഷെ നടന്നു വന്നിരുന്ന ക്രെഡിററ് സിസ്റ്റം എന്തെന്ന് നാളിതുവരെ മനസ്സിലായിട്ടില്ല എന്ന് പുതുക്കിയ റെഗുലേഷൻ വായിയ്ക്കുന്ന ആർക്കും മനസ്സിലാവും. പഴയ മാർക്ക് സമ്പ്രദായത്തിലേയ്ക്ക് തിരിച്ചു പോയ സർവ്വകലാശാല ഓരോ വിഷയത്തിനും അനുവദിച്ചിരിയ്ക്കുന്ന മാർക്കും മൊത്തം മാർക്കുമൊക്കെ ഭാവിയിൽ നല്ല കോലാഹലങ്ങളാണുണ്ടാക്കുക. ഡയറക്ട് ഗ്രേഡിംഗ് സമ്പ്രദായത്തിൽ മാത്രമേ ക്രെഡിററിനും ക്രെഡിററ് പോയിൻറുകൾക്കും മൂല്യമുള്ളൂ എന്ന് മനസ്സിലാക്കാൻ ഈ ബുദ്ധി രാക്ഷസന്മാർക്ക് നേരം കിട്ടിക്കാണില്ല. കുട്ടികൾ വാങ്ങിയ മാർക്കിൻെറ ശതമാനക്കണക്കെടുത്ത് .. മുതൽ ഗ്രേഡ് കൊടുത്താൽ പരിഹരിയ്ക്കാവുന്ന പ്രശ്നം പിന്നെ എസ് ജി പി എ, സി ജി എ എ, എന്നീ കൂട്ടിക്കിഴിയ്ക്കലിലൂടെ ഒരു ഗ്രേഡിൽ എത്തിയ്ക്കുന്നുവെന്ന വിചിത്രമായ രീതി ആരുടെ തലയിലൊന്നുദിച്ചതെന്നു വ്യക്തമല്ല. ഒരു കാര്യം ബോധ്യപ്പെടുന്നുണ്ട്. പണ്ട് സി സി എസ് എസ് നടപ്പിലാക്കുന്നതിൻെറ ഭാഗമായി നടന്ന ശില്പശാലകളിൽ വന്ന് തൻെറ വങ്കൻ വാദമുഖങ്ങളെ അണിനിരത്തി വാദിച്ച് പരാജയപ്പെട്ട കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള ഒരു കോളജിലെ ഫിസ്ക്സ് അധ്യാപകൻ മാറിയ കാലത്ത് തൻെറ വാദമുഖങ്ങളെ വിജയിപ്പിച്ചെടുത്തതിൽ ചാരിതാർത്ഥ്യമടയുകയാണ്. ടിയാനാണ് മാറിയ റെഗുലേഷൻെറ ഏകപാത്ര പരിശീലന വിദഗ്ധൻ. ബാക്കി ഭരണാനുകൂലികൾക്ക് ഇത് ചുക്കോ ചുണ്ണാമ്പോ എന്ന് പിടികിട്ടിയ മട്ടില്ല.

18 വർഷം പിന്നിടുന്ന ഒരു സർവ്വകലാശാല ഏതാണ്ട് അകാല മൃത്യുവിലേയ്ക്ക് കൂപ്പു കുത്തുകയാണോ എന്ന് സംശയമുണ്ട്. സർവ്വകലാശാല വിളിച്ചു ചേർന്ന ഗവേഷണഗൈഡുകാരുടെ യോഗത്തിൽ വി സിയും രജിസ്ട്രാറുമൊക്കെ പരുങ്ങുന്നതു കണ്ടപ്പോൾ ശരിയ്ക്കും വിഫലമെന്നു തോന്നിയത് ഇരുവർക്കുമില്ല ഗവേഷണത്തിന് ഗൈഡായുള്ള അനുഭവങ്ങൾ. സർവ്വകലാശാല വൈസ് ചാൻസലർമാർ സ്വയം ഗവേഷകരും, അനവധി ഗവേഷണ പ്രബന്ധങ്ങളുടെ ഗൈഡുമാരുമൊക്കെയായിരുന്നതാണ് നമ്മുടെ പൂർവ്വകാല ചരിത്രം. അതുകൊണ്ട് അത്തരം മീററിംഗുകൾ നിയന്ത്രിയ്ക്കുന്നത് പലപ്പോഴും സെക്ഷൻ ഓഫീസർമാരാണെന്നതും ഇവിടുത്തെ വിചിത്രാനുഭവങ്ങളിലൊന്നാണ്. സി ബി സി എസ് എസ് സംബന്ധമായ എല്ലാ സംശയങ്ങൾക്കും ആധികാരികമായ മറുപചി ഇനി നമ്മുടെ .... സാർ പറയും എന്ന് പുതുക്കിയ സി ബി സി എസ് എസ് ൻെറ ഉപജ്ഞാതാവ് പറഞ്ഞത് പ്രത്യേകം വിളിച്ചു ചേർത്ത ഏകദിന ശില്പശാലയിലാണ്.

ഇതാണ് കണ്ണൂർ സർവ്വകലാശാലുടെ വർത്തമാനം കാണാൻ അതിസമ്പന്നമായ ഒരു ഭൂതകാലമില്ല പക്ഷേ സ്വപ്നം കാണാൻ അതിദീർഘമായ ഒരു ഭാവികാലമുണ്ടായിരുന്നു. ഇല്ല.... ഈ വൈതാളികർ വർത്തമാനത്തെ വന്ധീകരിച്ചുകളഞ്ഞു.




y producing indigo synthetically, Adolf von Baeyer saved millions of
dians from indigo slavery and forceful cultivation of indigo.

# നീലം കുറിച്ച ചരിത്രവും രസതന്ത്രവും



**ഡോ.എം.എസ്.വസന്തകുമാർ**

*എസ്.എൻ.കോളജ്, കൊല്ലം*

വിഭവങ്ങൾ എവിടൊക്കെ കേന്ദ്രീകരിച്ച് നിൽക്കുന്നുവോ അവിടൊക്കെ അത്യാർത്തിപൂണ്ട് ദുരാഗ്രഹികൾ എത്തുന്നു. അവ കൈവശപ്പെടുത്താൻ ഏത് ഹീനമാർഗ്ഗവും സ്വീകരിക്കുന്നു. കൂട്ടത്തോടെയുള്ള നരഹത്യ, ചൂഷണം, ചതി, ഭരണാധികാരം പിടിച്ചെടുക്കൽ, അസത്യപ്രചാരണം....... അങ്ങനെ നീണ്ടുപോകുന്നു ആ ഹീനപട്ടിക. സൂര്യനിൽ നിന്നൊരു ചുടുതീക്കുടമായി ശൂന്യാകാശപഥത്തിൽ വീണുതണുത്ത് മയങ്ങി ഉണർന്ന ഭൂമിയിൽ അസന്തുലിതമായി വിഭവങ്ങൾ കേന്ദ്രീകരിച്ച് കിടക്കുന്നു.

കൊളംബസിന് അമേരിക്കയിൽ ചെന്നെത്താൻ ഇടനൽകിയത്, വിഭവസമ്പന്നമായ ഇന്ത്യയിലേക്ക് ഒരു കടൽവഴി തേടിയ യാത്രയാണ്. ദക്ഷിണാഫ്രിക്കയിലെ കുള്ളിനാൻ ഖനിയിലെ ഉന്നതമാറ്റുള്ള സ്വർണ്ണം തേടിയാണ് ബ്രിട്ടീഷുകാർ അവിടെയെത്തി തമ്പടിച്ചത്. ഇന്ത്യയുടെ വിഭവസമൃദ്ധി കൊതിച്ച് തന്നെയാണ് 1600 ൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്ന് 1947 വരെ നിന്നത്. ജെയിംസ് കുക്ക് ആസ്ട്രേലിയായിലെത്തിയതും മറ്റൊരു ലക്ഷ്യത്തോടെയായിരുന്നില്ല. ഗൾഫിലെ എണ്ണയിൽ കണ്ണുനട്ടാണ് അവിടുത്തെ രാഷ്ട്രീയത്തിലും മറ്റും പ്രശ്നങ്ങൾ സൃഷ്ടിച്ച് അവിടേക്ക് അമേരിക്ക നുഴഞ്ഞു കയറുന്നത്. സ്വകാര്യസമ്പത്തിന്റെ ഹിമാലയങ്ങളുയർത്താൻ സ്വന്തം ദേശത്ത് തന്നെ ഈ ദുരയുടെ തത്വശാസ്ത്രം പയറ്റിയവരുമുണ്ട്. ചുരുക്കത്തിൽ ദുരാഗ്രഹികളും അവരുടെ ഹീനപ്രവൃത്തികളുമാണ് മനുഷ്യകുലത്തിന്റെ ചരിത്രം എന്ന് തോന്നും.


**അമരി കൃഷിയും ചമ്പാരനും**

ഒരു കേസ് നടത്താൻ വക്കീലായിരുന്ന മോഹൻ ദാസ് കരംചന്ദ് ഗാന്ധി, ദക്ഷിണാഫ്രിക്കയിലെ ജോഹന്നസ്ബർഗ്ഗിൽ എത്തിച്ചേരുമ്പോൾ, ദുരാഗ്രഹികളായ ബ്രിട്ടീഷുകാർ അവിടുത്തെ ഖനികളിലും മറ്റും അടിമകിടത്തിയ ഭാരതീയർ ഉൾപ്പെടെയുള്ള കൂലി കളുടെ ഉണർവിനും ഉയിർത്തെഴുന്നേൽപ്പിനും വേണ്ടി അവിടെ സമരം സംഘടിപ്പിക്കേണ്ടി വന്നു. അവിടെ നിയമലംഘനവും സത്യാഗ്രഹവും അരങ്ങേറി.

ഇന്ത്യയിലേക്ക് മടങ്ങി വന്ന ഗാന്ധിജി, 1916 ൽ ലക്നൗവിൽ കോൺഗ്രസ്സ് സമ്മേളനത്തിനെത്തി. അവിടെ വച്ച് രാജ്കുമാർ ശുക്ല എന്നൊരാൾ ഗാന്ധിജിയെ ചെന്നു കണ്ടു. സീതാപിതാവായ ജനകമഹാരാജാവിന്റെ ദേശത്തുകാരൻ ആയിരുന്നു അയാൾ. ചമ്പാരൻ എന്നായിരുന്നു ആ സ്ഥലത്തിന്റെ പേര്. ഇന്നത്തെ ബീഹാറിൽ പെട്ട സ്ഥലമാണത്. നീലം (വെള്ള വസ്ത്രത്തിന് മുക്കുന്ന ചായം) കൃഷി ചെയ്യുന്ന തോട്ടങ്ങളുള്ള പ്രദേശമായിരുന്നു ചമ്പാരൻ.

അമരിച്ചെടിയിൽ നിന്നാണ് നീലം വേർതിരിച്ചെടുക്കുന്നത്. Indigofera Tinctora എന്നാണ് അതിന്റെ സസ്യശാസ്ത്രനാമം. അതിന്റെ ഇലകൾ വെള്ളത്തിൽ പുഴുങ്ങിയ ശേഷം ആ വെള്ളമെടുത്ത് സ്വാഭാവിക ഫെർമെന്റേഷന് വിധേയമാകാൻ അനുവദിക്കും. പിന്നെ അത് വായുവിൽ ഓക്സീകരിച്ച് നീലം വേർതിരിച്ചെടുക്കും.

സെമിന്ദാരി സമ്പ്രദായം നിലവിലുണ്ടായിരുന്ന ചമ്പാരനിൽ, സെമിന്ദാരികൾ തങ്ങളുടെ പാട്ടക്കാരെ കൊണ്ട് നിർബന്ധിച്ച് അമരി കൃഷി ചെയ്യിച്ചിരുന്നു. അതിന് വ്യവസ്ഥകളും ഉണ്ടായിരുന്നു. സെമിന്ദാരി അനുവദിച്ചിട്ടുള്ള ഭൂമിയിൽ



ഏക്കർ ഒന്നിന്റെ ഇരുപതിൽ മൂന്ന് ഭാഗം നിർബന്ധമായും അമരിച്ചെടി കൃഷി ചെയ്യണമെന്നായിരുന്നു വ്യവസ്ഥ. ലഭിക്കുന്ന നീലത്തിന്റെ വിപണിയിൽ മുഴുവൻ തുകയും സെമിന്ദാർക്കുമായിരുന്നു. ഈ കൊടിയ ചൂഷണം കൊണ്ട് പൊറുതി മുട്ടിയ പാട്ടക്കാർ പ്രതിഷേധത്തിലായിരുന്നു. ദക്ഷിണാഫ്രിക്കയിൽ സത്യാഗ്രഹസമരം നടത്തി നേടിയ ഖ്യാതിയും, ദേശീയതലത്തിൽ സ്വാതന്ത്ര്യസമരമുഖങ്ങളിൽ പ്രത്യക്ഷനായി തുടങ്ങിയ വാർത്തകളും ഗാന്ധിജിയെ ശ്രദ്ധേയനാക്കിയിരുന്നു. അതുകൊണ്ടാണ് ചമ്പാരനിലെ ചൂഷണ കെടുതികളിൽ ഇടപെടുന്നതിന് ഗാന്ധിജിയെ ക്ഷണിക്കാൻ രാജ്കുമാർ ശുക്ല ചെന്നത്.

ഗാന്ധിജി ചമ്പാരനിൽ ബെട്ടിയ എന്ന ഗ്രാമത്തിൽ എത്തി. സ്ഥിതിഗതികൾ പഠിക്കാൻ അവിടെ തങ്ങി. ഗാന്ധിജി പ്രശ്നം പഠിച്ച് ഇടപ്പെട്ടാൽ ഉളവാകാൻ ഇടയുള്ള സ്ഥിതിയും സംഘർഷവും കണക്കാക്കി അവിടുത്തെ പോലീസ് സൂപ്രണ്ട് ഗാന്ധിജിയോട് മടങ്ങി പോകാൻ രേഖാമൂലം ആവശ്യപ്പെട്ടു. ഗാന്ധിജി മറുപടി നൽകി,

നിയമപാലകനായ അങ്ങ് തന്നിരിക്കുന്ന ഈ ശാസന ഞാൻ നിരസിക്കുന്നു. ഞാനീ നിയമം ലംഘിച്ച് എന്റെ അന്വേഷണം പൂർത്തിയാക്കാൻ ഇവിടെ തന്നെ തങ്ങുകയാണ്. അങ്ങേയ്ക്ക് അതിന് എന്നെ പ്രോസിക്യൂട്ട് ചെയ്യാം . സിവിൽ ഡിസ്ഒബീഡിയൻസ് (Civil Disobedience) എന്ന ഗാന്ധിയൻ സമരമുറ ആദ്യമായി അങ്ങനെ ഇന്ത്യയിൽ പ്രയോഗിക്കപ്പെട്ടു. അതിന് ഫലവുമുണ്ടായി. ലഫ്റ്റനന്റ് ഗവർണ്ണർ ഉത്തരവിറക്കി, ഗാന്ധിജിയെ ശിക്ഷിക്കാൻ പാടില്ല. അദ്ദേഹത്തിന് ചമ്പാരനിലെ അന്വേഷണം പൂർത്തിയാക്കാം . അങ്ങനെ നീലവും ചമ്പാരനും ചരിത്രമായി.

## രാസോൽപ്പാദനം

നീലത്തിന് ഇങ്ങനെ ഒരു രാഷ്ട്രീയ,സാമൂഹ്യ ചലനമുണ്ടാക്കാൻ കഴിഞ്ഞതുപോലെ തന്നെ, ഒരു രാസവസ്തു എന്ന നിലയിൽ അത് പുനർജ്ജനിച്ചതും ഇക്കാലത്ത് തന്നെ.

വിദേശങ്ങളിൽ നീലം, ഇൻഡിഗോ എന്നറിയപ്പെട്ടിരുന്നു. 4000 വർഷം മുമ്പുള്ള സംസ്കൃത ലിഖിതങ്ങളിൽ അതിന്റെ ഉപയോഗത്തെപ്പറ്റി പരാമർശമുണ്ടത്രെ. ഈജിപ്റ്റിലെ മമ്മികളിൽ ചുറ്റിയിരിക്കുന്ന വസ്ത്രങ്ങൾ നീലം പിഴിഞ്ഞവ ആണത്രെ.

ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്ത വസ്തുക്കളെ യൂറോപ്പിൽ ഇൻഡിക്കം എന്നും ഗ്രീസിൽ ഇൻഡിക്കോസ് എന്നും വിളിച്ചിരുന്നു. അങ്ങനെയാണ് ഇന്ത്യയിലെ അമരിപ്പാടങ്ങളിൽ നിന്നെത്തിയ നീലത്തിന് indigo എന്ന പേര് വന്നത്. നീലം എന്ന നീലപ്പകിട്ടുള്ള ചായത്തോട് കുട്ടിക്കാലത്ത് ഭ്രമമുള്ള ഒരാളായിരുന്നു ജർമ്മനിക്കാരനായ അഡോൾഫ് വോൺ ബേയർ. തന്റെ പതിമൂന്നാം ജന്മദിനത്തിൽ കൂട്ടുകാർക്ക് മിഠായി കൊടുക്കുന്നതിന് പകരം നീലം വാങ്ങി വിതരണം ചെയ്ത് സന്തോഷിച്ച ആളായിരുന്നു വോൺ ബേയർ. നീലത്തിന്റെ രാസഘടന പിൽക്കാലത്ത് കണ്ടുപിടിച്ചത് ഈ വോൺ ബേയറും കൂട്ടരുമാണ്. അതിനുവേണ്ടി 1865 ൽ ആരംഭിച്ച പരീക്ഷണശ്രമങ്ങൾക്ക് ഫലം കണ്ടത് 1880 ലാണ്. തുടർന്ന് 2 വർഷത്തിനുള്ളിൽ നീലത്തിന്റെ രാസോൽപ്പാദനം (synthesis) ബേയർക്ക് സാദ്ധ്യമായി. പല വഴികളിലും ബേയർ നീലം സിന്തസൈസ് ചെയ്തു. ഈ രാസപ്രക്രിയകളുടെ അവകാശം 1,20,000 ഡോളർ വാങ്ങി ബേയർ BASF ന് (Baden Aniline and Soda Factory, Ludwig Shafen, Germany) കൈമാറി. അങ്ങനെ പ്രകൃതിയിൽ നിന്ന് ഉൾപ്പാദിപ്പിക്കുന്ന നീല






ത്തിനേക്കാൾ വിലകൂടിയ ഇനമായി സിന്തറ്റിക് ഇൻഡിഗോ മാറി. പക്ഷെ BASF ന് വേണ്ടി ഹ്യൂമാൻ എന്ന ശാസ്ത്രജ്ഞൻ ഫിനൈൽ ഗ്ലൈസീനും കോസ്റ്റിക് പൊട്ടാഷും (KOH) ഫ്യൂസ് ചെയ്ത് പുതിയ മാർഗ്ഗത്തിൽ നീലം ഉണ്ടാക്കി. പിന്നീട് ആന്ത്രാനിലിക് അമ്ലം (anthranilic acid) ഉപയോഗിച്ച് നീലം ഉൽപ്പാദിപ്പിച്ചു (1893). വൻ തോതിൽ ഉള്ള ഉൽപ്പാദനം എന്നിട്ടും സാദ്ധ്യമായില്ല.

അക്കാലത്ത് കോൾ ടാറിൽ നിന്ന് കിട്ടിയിരുന്ന നാഫ്തലിൻ (naphthalene) ഒരു നിഷ്പ്രയോജനവസ്തുവായി കണക്കാക്കപ്പെട്ടിരുന്നു. (ഇന്ന് അത് പാറ്റാ ഗുളിക ആയിട്ട് കൂടി ഉപയോഗിക്കുന്നു). ഒരിക്കൽ സാപ്പർ എന്ന ഒരാൾ ഒരു തെർമോമീറ്റർ ഘടിപ്പിച്ച ട്യൂബിൽ നാഫ്തലീൻ ഉരുക്കി സൾഫ്യൂരിക്ക് ആസിഡുമായി പ്രതിപ്രവർത്തിപ്പിക്കാൻ ശ്രമിച്ചു. യാദൃശ്ചികമായി തെർമോമീറ്റർ പൊട്ടി. അതിലെ മെർക്കുറി നാഫ്ത്തലീനിൽ വീണു. പൊടുന്നനെ അത് സൾഫൂരിക്ക് ആസിഡുമായി ചേർന്ന് മെർക്കുറിക്ക് സൾഫേറ്റ് ഉണ്ടായി. അത് ഒരു രാസത്വരകമായി (catalyst) പ്രവർത്തിച്ച് നാഫ്ത്തലീനെ ഞൊടിയിടക്കുള്ളിൽ താലിക് അൺഹൈഡ്രൈഡാക്കി മാറ്റി.

താലിക് അൺഹൈഡ്രൈഡ് നിഷ്പ്രയാസം ആന്ത്രാനിലിക് ആസിഡാക്കി മാറ്റാനും അതിൽ നിന്ന് നീലമുണ്ടാക്കാനും ഹ്യൂമാന് കഴിഞ്ഞു. അങ്ങനെ ക്ഷിപ്രഗതിയിൽ ചുരുങ്ങിയ ചെലവിൽ നീലം ഉൽപ്പാദിപ്പിക്കപ്പെട്ടു. BASF ന്റെ കച്ചവടം പൊടിപൊടിച്ചു. അമരിച്ചെടി നീല ത്തിന്റെ പ്രസക്തി കുറഞ്ഞു, വിപണി ഇടിഞ്ഞു. പാട്ട കൃഷിക്കാരുടെ മേലുള്ള സെമിന്ദാരി - ചൂഷണ ക്രിയകൾ കെട്ടടങ്ങാൻ തുടങ്ങി.

എങ്കിലും തങ്ങളുടെ കൃഷി നീലത്തിനേറ്റ തിരിച്ചടി പാട്ടകൃഷിക്കാരുടെ മേൽ കെട്ടിവെയ്ക്കാനുള്ള കുത്സിതനീക്കങ്ങളിൽ സെമിന്ദാരികൾ പിന്മാറിയില്ല. പാട്ടക്കാരിൽ നിന്ന് നഷ്ടപരിഹാരം വാങ്ങാൻ സെമിന്ദാരികൾ വ്യാജനിയമങ്ങളും വ്യവസ്ഥകളും ജാമ്യരേഖകളും ഉണ്ടാക്കി കുറേക്കാലം കൂടി ചൂഷണം തുടർന്നു.

എന്നാലും എല്ലാ സാങ്കേതിക വിദ്യകളും തങ്ങളുടെ ചൊൽപ്പടിയിലാക്കി ദുരാഗ്രഹികൾ അഭിലാഷങ്ങൾ പൂവണിയിക്കുന്നതാണ് ശുദ്ധഗതിക്കാർക്ക് എക്കാലത്തെയും കൗതുകക്കാഴ്ചകൾ.

*വിവരങ്ങൾക്ക് കടപ്പാട്*

*Resonance 2014 June, 2003 March*

*എന്റെ സത്യാന്വേഷണ പരീക്ഷണകഥകൾ - എം.കെ. ഗാന്ധി*

**with best compliments from**
**AKPCTA Branch**

# C M S COLLEGE
## KOTTAYAM



# കുത്താട്ടുകുളം മേരി - സമരോത്സുക ജീവിതത്തിന്റെ സഞ്ചാര പഥങ്ങൾ



**എ.ജി.ഒലീന**
*വൈസ് പ്രസിഡന്റ്*
*എ.കെ.പി.സി.ടി.എ*

രണ്ടുകൈയ്യും പിറകോട്ടു കെട്ടി എന്നെ ചുമരിൽ ചാരിയിരുത്തി കാലുകൾ നീട്ടിവച്ച് പെരുവിരൽ തമ്മിൽ കൂട്ടികെട്ടി. കാലനക്കാതിരിക്കാൻ രണ്ടുപേർ തുടയിൽ കയറി നിന്ന് ശബ്ദം പുറത്തു വരാതിരിക്കാൻ രണ്ടുപേർ കഴുത്തു ഞെക്കിപ്പിടിച്ചു. കൊല്ലാൻ പോവുകയാണെന്നാണ് ആദ്യം കരുതിയത്. ചൂരൽ വടി എടുക്കുന്നതു കണ്ടപ്പോൾ കാര്യം മനസ്സിലായി. കാൽവെള്ളയിലാരുന്നു അടി. അടിയെന്നു പറഞ്ഞാൽ നിർത്താതെയുള്ള വീശിയടിയാണ്. ഞാൻ പല്ലു കടിച്ച്പിടിച്ച് വേദനയടക്കി കണ്ണടച്ചിരുന്നു വാ തുറന്നില്ല. അടികൊണ്ട് കാൽവെള്ള പൊട്ടി ചോരയും മാംസവും തെറിക്കാൻ തുടങ്ങി. 15 മിനിറ്റോളം ഈ അടി തുടർന്നു. മറ്റേ ലോക്കപ്പു മുറിയിലെ സഖാക്കൾ 120 വരെ അടി എണ്ണിയത്രേ. ഇത് ഒരു ആത്മകഥയിലെ വാക്കുകൾ. ഗ്വാണ്ടനാമോ തടവറയിൽ നിന്നോ നാസി തടവറയിൽ നിന്നോ അല്ല ഈ ആത്മകഥാപരമായ പരാമർശം ഉയരുന്നത്. നമ്മുടെ കേരളത്തിന്റെ തന്നെ ഒരു ഭൂതകാലാനുഭവമാണിത്. കേരള ചരിത്രത്തിലും കേരള സ്ത്രീ ജീവിതചരിത്രത്തിലും ഒഴിവാക്കാനാവാത്ത പേരാണ് ശ്രീമതി കൂത്താട്ടുകുളം മേരി. കൂത്താട്ടുകുളം മേരിയെന്ന വിപ്ലവവനിതയുടെ ജയിൽ ജീവിതാനുഭവമാണ് മുകളിൽ കണ്ട വാക്കുകളിൽ നിറയുന്നത്. തടവുമുറിയിൽ ശരീരത്തിലേക്കുള്ള കടുത്ത പ്രഹരങ്ങളെ ചെറുത്തു നിൽക്കാൻ കൂത്താട്ടുകുളം മേരിയെ പ്രാപ്തിയാക്കിയത്. അവരുടെ ഉള്ളിലെ ധീരവും ദൃഢവും ആദർശാത്മകവുമായ കർമ്മ ചൈതന്യമായിരുന്നു. അതായിരുന്നു അവരുടെ ഉള്ളിലെ വിപ്ലവാഗ്നി. ഭയരഹിതായ ഒരു മനസ്സിൽ നിന്നും മാത്രമേ ഉത്തരം ചെറത്തുനിൽപ്പു സാധ്യമാകുകയുള്ളൂ.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനതതിന്റെ ധീര

നായികയായ കൂത്താട്ടുകുളം മേരിയുടെ സമര, സഹന ,ജീവിതത്തിലെ ഞെട്ടിപ്പിക്കുകയും പുതുതലമുറയെ ത്രസിപ്പിക്കുകയും ചെയ്യുന്ന അധ്യയങ്ങൾ കേരള ചരിത്രത്തിലെ തന്നെ അവിസ്മരണിയ സന്ദർഭമാണ്. ഈയടുത്ത് നമ്മോടു യത്ര പറഞ്ഞ കൂത്താട്ടുകുളം മേരിയുടെ ജീവിത സമരത്തിന്റെ ചരിത്രം വരും തലമുറയ്ക്ക് പാഠവും പൊരുത്തവുമാണ്. അവരോടുള്ള ആദരവും സ്നേഹവും വിപ്ലവകരമായ ആദർശങ്ങളോടുള്ള അഭിവാഞ്ഛയാണ്. വ്യക്തിഗതമായ പ്രശ്നങ്ങളേക്കാൾ സാമൂഹിക മുന്നേറ്റത്തെയാണ് അവരുടെ ജിവിതകഥ വിളംബരം ചെയ്യുന്നത്.

കമ്പോളാധിഷ്ഠ മുതലാളിത്തത്തിന്റെ വർത്തമാനകാലത്ത് മനുഷ്യശരീരം വിപണിയിലെ പ്രധാന ഉൽപ്പന്നമായ ഒരു കാലത്ത് കൂത്താട്ടുകുളം മേരിയുടെ ആത്മകഥയിലെ അനുഭവങ്ങൾ. ശക്തമായ ഒരു പാഠനിർമ്മിതിയായി മാറുകയാണ്. ഉടൽ ഒരു സമരായുധമായി മാറുക മാത്രമല്ല ഉടലിനുള്ളിലെ ആത്മവീര്യം കെടാത്ത അഗ്നിയായി ഭാവിതലമുറയ്ക്ക് കർമ്മത്തെ ശക്തി പകരുകയും ചെയ്യും. *കനലെരിയും കാലം* എന്ന ഈ ആത്മകഥയിൽ ഡോ. പി.കെ.പോക്കർ സൂചിപ്പിക്കുപോലെ ആത്മാവുണ്ടാകുന്നത് അത് ശരീരത്തിനപ്പുറത്തേക്ക് സഞ്ചരിക്കുമ്പോഴാണ്. വിപ്ലവങ്ങൾ ചെറുത്തുനിൽപ്പുകളും പ്രതിരോധങ്ങളും ശരീരം കൊണ്ടു മാത്രം സാധ്യമാക്കുന്നതല്ല. സ്വന്തം ഇച്ഛയെ നിയന്ത്രിക്കാനുള്ള ആ,ത്മബലമുള്ളവർ നിർമ്മിക്കുന്നതാണ് വിപ്ലവചരിത്രം. കേരളം ഇത്തരം സമരചരിത്രങ്ങളുടെയും വിപ്ലവകാരികളുടെയും പ്രക്ഷോഭങ്ങൾക്കും ഉണ്ടായതുകൊണ്ടുകൂടിയാണ് നമമൾ ഇതര ഇന്ത്യൻ സമൂഹങ്ങളെ അപേക്ഷിച്ച് കുത്താട്ടുകുളം മേരിയുടെ ഒളിവു ജീവിതത്തിൽ നിരവധി നിരവധി സംഭവങ്ങൾ അവരുടെ വിപ്ലവസ്വപ്നത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. പലപ്പോഴും തലയിൽ മുണ്ടുകെട്ടി മുണ്ടും മാടിയുടുത്ത് പോലീസിനെ കബളിപ്പിച്ച് ഒളിവിൽ പ്രവർത്തനം നടത്തിയിരുന്ന അവർ പിൽക്കാലത്ത് പുന്നപ്രയ്ക്കും വയലാറിനും ഉണ്ടായിരുന്ന ചരിത്രമാണ്



കൂത്താട്ടുകുളത്തിന് അന്ന് ഉണ്ടായിരുന്നത്.


വ്യക്തി അവരവരുടെ സമരം ചെയ്യാൻ തുടങ്ങുമ്പോഴാണ് അവരിലെ വിപ്ലവകാരി ജനിക്കുന്നത്. ബാല്യത്തിൽ തന്നെ മേരിയെ വിവാഹം കഴിപ്പിക്കാൻ വീട്ടുകാർ തീരുമാനിക്കുമ്പോഴാണ് ആദ്യം അവരുടെ പ്രതിരോധാഗ്നി ഉണരുന്നത്. പിന്നീട് വിദ്യാലയത്തിൽ ആരംഭിക്കുന്ന അവരുടെ സമരചരിത്രം പിന്നീട് കേരളത്തിന്റെ സമരചരിത്രം കൂടിയായി മാറുകയായിരുന്നു. സ്വയം കലഹിക്കാത്ത തന്നോടുതന്നെ കലാപം കൂടാതെ ഒരാൾക്കും വിപ്ലവകാരിയാവാൻ കഴിയില്ല. ആ സന്ദേശത്തിന്റെ പ്രതിനിധാനം കൂടിയാണ്. കൂത്താട്ടുകുളം മേരിയുടെ സമരോത്സുക ജീവിതം. പന്ത്രണ്ടു വയസ്സിനു മുമ്പു തന്നെ സ്വന്തം വീടിനുള്ളിൽ കലാപക്കൊടി ഉയർത്താൻ അവർക്കു കഴിഞ്ഞത് ഉള്ളിലെ ഈ വിപ്ലവാഗ്നി കൊണ്ടാണ്. വ്യക്തികൾക്കോ സാഹചര്യങ്ങൾക്കും ഒടിക്കാനും വളയ്ക്കാനും കഴിയാത്ത എല്ലുറപ്പുള്ള ഒരു ശരീരവും അതിനുള്ളിൽ ദൃഢമായ ഒരു മനസ്സും അവർക്കു കൈമുതലായിരുന്നു.

പെൺകുട്ടികളുടെ വിവാഹപ്രായത്തിന്റെ പരിധിക്കുറച്ചും അവർക്കു വളരെ നേരത്തെത്തന്നെ പ്രസവാവധി നൽകിയും പരിരക്ഷിക്കുന്ന അഭിനവസംരക്ഷണത്തിന്റെ വർത്തമാനകാലത്ത് മറ്റനേകം പെൺകുട്ടികളെപോലെ മേരിയും ചെറുപ്പത്തിലെ വിവാഹം എന്ന സ്ഥാപനത്തിനു മുന്നിൽ ചർച്ചാവിഷയമാകുന്നു. പുരുഷമേധാവിത്വത്തിന്റെയും പിതൃദായക്രമത്തിന്റെയും ഇരയാകുന്ന സ്ത്രീകളുടെ ചൂഷണത്തിന്റെ ഒന്നാം ഘട്ടം വിവാഹമാണ്. അവിടെതന്നെ മേരി അവരുടെ സമരംതുടങ്ങുകയായിരുന്നു. ഇന്ത്യൻ ഭരണകൂടം ഐക്യരാഷ്ട്ര സഭയിൽ വിവാഹപ്രായത്തെ സംബന്ധിച്ച പ്രമേയത്തോട് എടുത്ത സമീപനം ഇവിടെ ഓർമ്മിക്കാം.

എത്രയോ പേരുടെ രക്തവും വിയർപ്പും കണ്ണീരുമാണ് നിങ്ങളുടെ വഴിത്താരകളെ ആയാസരഹിതമാക്കിയതെന്ന് നിങ്ങളറിയണം. എന്ന ഈ ധീരവനിതയുടെ വാക്കുകൾ. കൂത്താട്ടുകുളത്തെ പരിമിത സാഹചര്യങ്ങളിൽ നിന്നും കേരളം കണ്ട മികച്ച വനിതാ രാഷ്ട്രീയ പ്രവർത്തകയായി വളർന്ന കൂത്താട്ടുകുളം മേരിയുടെ ജീവിതം നമ്മുടെ മനസ്സിൽ ഒരു പാഠപുസ്തകമായി ഇപ്പോഴും ജീവിക്കുന്നു.



# Union Budget 2014-15:
## An Analysis




**Dr.Kumar S P**
*Sree Narayana College, Kollam.*

Budget is the most comprehensive report of the government's finances in which revenues from all sources and outlays to all heads are consolidated. It contains the estimates of government's accounts for the next financial year. Budget is not a meager statement of account, but it is a policy statement. Therefore, the people are having great expectation upon a budget in accomplishing their needs and aspirations. The Union finance minister Arun Jaitley's maiden budget has addressed some critical issues like tax administration and expenditure management broadly, with some unresolved fundamental issues.

The total plan expenditure in this budget is estimated at Rs.5.75 lakh crore, an increase of 26.9 per cent over actuals of 2013-14 and non-plan expenditure of Rs.12,19,892 crore with additional provision for fertilizer, subsidy and capital expenditure for armed forces. Total expenditure of Rs.17, 94,892 crore and gross tax receipts of Rs.13, 64,524 crore are expected to be recieved. The real GDP is expected to grow between 5.4% and 5.9% per annum.Allocation of Rs.50, 548 crore under Special Component Plan for scheduled caste, Rs.32, 387 crores under Tribal Sub Plan, Rs.98, 030 crore for women and Rs.81, 075 crore for children were proposed. Plan allocation was increased mainly towards the development of agriculture, capacity creation in health and education, rural roads and national highways infrastructure, railways network expansion, clean energy initiatives, development of water resources and river conservation plans. A separate plan statement and allocation was made for North Eastern region incorporating NarendraModi's slogan 'sab kasath sab kavikas' (with every one, for every one).

The main message from the budget is the commitment of fiscal consolidation. Fiscal and revenue deficits are estimated as 4.1 and 2.9 percent respectively in the coming year. A sustained high level of fiscal




deficit leads to growing debt and interest payments. Since interest payment constitutes the largest item of expenditure (45.5% of net tax revenue and 20% of every one rupee), the reduction of fiscal deficit from the present 4.1% to 3% in 2016-17 is a welcome step. This task can be achieved by raising the Tax/GDP ratio from 10.2% in 2013-14 to 11.2% in 2016-17. But there are certain apprehensions about tax revenue mobilization. With the tax concessions announced in this budget, there is a reduction in the tax revenue of Rs.9000 crore. However, the additional new sources of tax give a fill up to this. Expenditures contemplated show an increase of Rs.31, 000 crore. Thus the short fall increases by Rs.40, 000 crore and this deficit has been offset by substantial increase in non-tax revenue like disinvestment and dividend contribution by RBI. History tells us that both these actions are not working with national interest as the former downsizes government and fasten privatization and latter induces inflation. Taking all these factors into account, achieving the fiscal deficit of 4.1% is going to be a difficult task.

Expenditure announcement of the budget include many new projects such as 'Protein Revolution', 'Price Stabilization Fund', 'Blue Revolution in inland fisheries', 'Bhoomi Heen Kisan' etc.in agriculture. But the fund allocation was not only insufficient but also lack future vision. For instance, the total allocation for price stabilization fund was Rs.500crore to mitigate the risk of price volatility in the agriculture

with best compliments from
**AKPCTA Branch**

ST MARY'S COLLEGE
MANARKAD

produce. But, to what extend price stability can be accomplished through the above mentioned amount is still a big question. For achieving the above objectives, in the budget top priority should have been to food security, restructuring of FCI, reducing transportation and distribution losses and improving the efficiency of public distribution system. Besides, the budget reiterated the government's commitment to supply wheat and rice at reasonable prices to the weaker sections of the society. But the budget fails to take any specific action or programme to attain food security in the coming year.


In the industrial front, some new projects were included in the budget. For the large scale sectors, the major proposals include central government departments and ministries to integrate their services with the eBiz this year itself and Rs.100 crore was provided for setting up a National Industrial Corridor Authority. Other proposals include Master planning of three new smart cities in the Chennai-Bengaluru Industrial Corridor region to be completed, viz., Ponneri in Tamil Nadu, Krishnapatnam in Andhra Pradesh and Tumkur in Karnataka, perspective plan for the Bengaluru Mumbai Economic corridor (BMEC) and Vizag-Chennai corridor to be completed with the provision for twenty new industrial clusters and it is also proposed to establish an export promotion mission to bring all stakeholders under one umbrella. For the Micro Small and Medium Enterprises (MSME) Sector, major programmes include Skill India to be launched to skill the youth with an emphasis on employability and entrepreneur skills, committee to examine the financial architecture for MSME Sector, remove bottlenecks and create new rules and structures to be set up and give concrete suggestions in three months, a nationwide "District level Incubation and Accelerator Programme" to be taken up for incubation of new ideas and necessary support for accelerating entrepreneurship etc. It can be concluded from the above examples that attention was highly in favour of large scale industries than small and medium scale industries. From the output point of view, it may be good in long run, but it seems to have low vision in employment generation as it has not given good attention to small scale industries.

On the infrastructure front especially on road sector, it is good that an investment of an amount of Rs.37, 880 crores in National Highway Authority of India and state roads is proposed which includes Rs.3000 crores for the North East. The budget targeted the construction of 8500 kms roads in the current financial year. But the achievement of this target will be very difficult because the sector needs huge amount of investment requirement along with speedy clearance of land acquisition.On the energy front, no new big initiatives were taken except some remarks like Rs.100 crore is allocated for a new scheme "Ultra-Modern Super Critical Coal Based Thermal Power Technology," and a Green Energy Corridor Project is being implemented to facilitate evacuation of renewable energy across the country.But the policies relating to coal mines and their exploitation need new orientation which the new budget lacks.

Apart from several stimulative measures taken by the budget a lot of areas were not taken care of or even neglected. An allocation of Rs.500 crore for higher education was insignificant especially for the establishment of new job oriented training institutions as proposed in the budget itself. Foreign Direct Investment limit of insurance sector with the aim of deepening health insurance penetration will do only if it paves the way for innovation and better quality health care. The budget also proposed to up the FDI in the defense sector to 49% which may lead to a reduction of current account deficit of balance of payment but should be done in more cautioned and transparent manner to avoid apprehensions of the people.

In short, great expectations of the people upon Modi government are not maintained in the budget. Instead of finding new ways to explore revenue mobilization the finance minister targeted disinvestment.No new measures are taken to contain price rice especially food inflation. The budget proposes to reduce subsidies from the current 2% of GDP to 1.6% of GDP in coming years which add fuel to price spiral. The country is heading towards draught in coming months hence it is very much disappointing to reduce allocation for MNREGS as it will moot poverty and starvation among agricultural laboures.Thus the new budget is a continuation of UPA budget in numbers as well as in philosophy.


ജീവിതത്തിന്റെ
സമസ്തമേഖലകളുടെയും
കഥാവിഷ്കാരം
ഡിസിബുക്സ്
പ്രി പബ്ലിക്കേഷൻ
18 പുരാണങ്ങൾ
ഭാരതസംസ്കൃതിയുടെ വിജ്ഞാനകോശം
ലോകം നമിക്കുന്ന
നമ്മുടെ പൈതൃകം,
നമ്മുടെ കഥകൾ
ബുക്കിംഗ് തുടരുന്നു
18 വാല്യങ്ങൾ
18000 പേജുകൾ
സചിത്രമായ ഉള്ളടക്കം
വർഷങ്ങളുടെ ഗവേഷണം
മലയാളത്തിൽ
ആദ്യമായി
സമ്പൂർണ്ണവും ലളിതവുമായ
ആഖ്യാനത്തിൽ
തലമുറകൾ കൈമാറിവന്ന
പൈതൃകം
തലമുറകളിലേക്കു കൈമാറേണ്ട
പൈതൃകം
മുഖവില ₹10,000
മുൻകൂർ പണമടച്ച് ബുക്കുചെയ്യുന്ന ആദ്യത്തെ 10000 പേർക്ക്
₹4999
മുഖ്യ ഉപദേഷ്ടാവ്: അക്കിത്തം
ജനറൽ എഡിറ്റർ: ഡോ. കെ. ജി. പൗലോസ്
കേരളത്തിലുടനീളമുള്ള ഡി സി-കറന്റ് ബുക്സ് ശാഖകളിലും ഏജൻസികളിലും ബുക്കുചെയ്യാം.
For online booking and e-brochure visit onlinestore.dcbooks.com
DC Books, DC Kizhakemuri Edam, Good Shepherd Street, Kottayam, Kerala
24 99470 55000, 98461 33336
Email: customercare@dcbooks.com



# സൗരയൂഥത്തിൽ എവിടെയൊക്കെ ജീവനുണ്ടാകും?




ഡോ.എം.ആർ.സുദർശനകുമാർ
എം.ജി.കോളജ്, തിരുവനന്തപുരം

ടിനിയാഡിലെ പിച്ച് തടാകത്തിൽ ആരെങ്കിലും ജീവന്റെ അംശം പ്രതീക്ഷിക്കുമോ? നുരച്ച് പതയുന്ന കറാത്ത ടാർ തടാകത്തിൽ എങ്ങനെ ജീവൻ പ്രതീക്ഷിക്കും? എന്നാൽ ആഗസ്റ്റ് ഏഴിലെ സയൻസ് ജേർണലിൽ പിച്ച് തടാകത്തിലെ ടാർ നിക്ഷേപത്തിലുള്ള ജലത്തുള്ളികളിൽ സൂക്ഷ്മ ജീവികളുടെ സാന്നിദ്ധ്യം ശാസ്ത്രജ്ഞർ റിപ്പോർട്ട് ചെയ്തു. ഈ പഠനം സൗരയൂഥത്തിലെ തീക്ഷ്ണ സാഹചര്യമുള്ള മറ്റ് ഗ്രഹങ്ങളിലും ഉപഗ്രഹങ്ങളിലുംജീവനെ അന്വേഷിക്കുവാൻ പ്രേരണയാകുമെന്ന് ഗവേഷണഫലം റിപ്പോർട്ട് ചെയ്ത ശാസ്ത്രസംഘം അഭിപ്രായപ്പെട്ടു. ഭൗമേതര ജീവികളെ കണ്ടെത്തുവാൻ സാധ്യതയുള്ള സൗരയൂഥത്തിലെ ചില പ്രദേശങ്ങളെ ശാസ്ത്രസംഘം സൂചിപ്പിച്ചു. ഓരോന്നായി അവയെ നമുക്കു പരിശോധിക്കാം.

**ടൈറ്റൻ**

ശനിയുടെ ഏറ്റവും വലിയ ഉപഗ്രഹമാണ് ടൈറ്റൻ. പിച്ച് തടാകത്തിൽ ജീവൻ കണ്ടെത്തിയത് സമാന സാഹചര്യമുള്ള ടൈറ്റനിൽ ജീവനെ അന്വേഷിക്കുവൻ പ്രേരണയാകുമെന്ന് ശാസ്ത്ര സംഘത്തിലെ അംഗമായിരുന്ന വാഷിംഗ്ടൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ അസ്ട്രോളജിസ്റ്റ് ആയ Dirk Schulze - Makuch



അഭിപ്രായപ്പെട്ടു. സൗരയൂഥത്തിൽ ഭൂമിയോട് ഏറ്റവും സാമ്യമുള്ള ആകാശ വസ്തുവാണ് ടൈറ്റൻ. എന്നാൽ ജലസമൃദ്ധമായ ഭൂമിയിലെ സമുദ്രത്തിനു പകരം അവിടെ ഹൈഡ്രോകാർജബൺ തടാകങ്ങളാണുള്ളത്. പിച്ച് തടാകത്തിലെ ജലത്തുള്ളികൾ പോലെ ടൈറ്റാനിലെ ഹൈഡ്രോകാർബൺ തടാകങ്ങളിൽ ജലത്തിന്റേയും അമോണിയയുടേയും മിശ്രിതമായ ദ്രാവകത്തുള്ളളകളുണ്ടാകാമെന്ന് പഠനം നടത്തിയ ശാസ്ത്ര സംഘം പ്രസ്താവിച്ചു. പിച്ച് തടാകത്തിലെ ജലത്തുള്ളികൾ എങ്ങനെയാണ് സൂക്ഷ്മജീവികൾ നിലനിൽക്കുന്നതെന്ന അറിവ് ടൈറ്റനിൽ ജീവികളുണ്ടെങ്കിൽ അവയെങ്ങനെയാണ് സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതെന്നു മനസ്സിലാക്കുവാൻ ഉപകരിക്കുമെന്ന് Dirk Schulze - Makuch കൂട്ടി ചേർത്തു.

## ചൊവ്വ

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജ്യോതിശാസ്ത്രജ്ഞനായ Percival Lowell ചൊവ്വയിൽ കാണപ്പെടുന്ന ചാലുകൾ ചൊവ്വയിലെ ബുദ്ധിയുള്ള ജീവികളുടെ നിർമ്മിതിയാണെന്ന് പ്രചരിപ്പിച്ചു. പിന്നീട് ചൊവ്വയിൽ നടത്തിയ പര്യവേഷണങ്ങൾ ഭൂമിയിലെ മനുഷ്യർക്കു സമാനമായ ജീവികൾ ചൊവ്വയിലില്ലെന്നു സ്ഥിരീകരിച്ചു. ചൊവ്വയിൽ ജീവനുണ്ടെന്നതിന്ഇതുവരെ തെളിവ് ലഭിച്ചിട്ടില്ല. പക്ഷെ ചൊവ്വയുടെ ധ്രുവങ്ങളിൽ മഞ്ഞുകട്ടിയുടെ ആവരണമുണ്ടെന്നും ഉപരിതലത്തിലെ മണ്ണിൽ രണ്ടു ശതമാനം ജലമാണെന്നും ശാസ്ത്രജ്ഞർക്കു അറിയാം. ഇത് ചൊവ്വയിൽ ജീവൻ തേടിയുള്ള അന്വേഷണത്തിന്കാരണമാകും.



## യൂറോപ്പ്

വ്യാഴത്തിന്റെ ഉപഗ്രഹമാണ് യൂറോപ്പ. ജലമാണ് ജീവനുവേണ്ടതെങ്കിൽ യൂറോപ്പയിലത് ധാരാളമുണ്ട്. മഞ്ഞുകട്ടിയുടെ മേൽ പടലത്തിനു താഴെ വൻ സമുദ്രം തന്നെ യൂറോപ്പയിലുണ്ട്. സമുദ്രത്തിലെ തീക്ഷം സാഹചര്യങ്ങളിൽ പോലും ഭൂമിയിൽ ശാസ്ത്രജ്ഞർ ഈയിടെ സൂക്ഷ്മജീവികളെ കണ്ടെത്തിയിരുന്നു. യൂറോപ്പയിലേക്കുള്ള ദൗത്യത്തിന് ഒബാമ ഭരണകൂടം 15 ദശലക്ഷം ഡോളർ 2015 ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമിയിൽ നടത്തുന്ന ദൗത്യത്തിൽ യൂറോപ്പയിൽ ജീവൻ കണ്ടെത്തുന്നതിനു സഹായകരമായ ഉപകരണങ്ങളെക്കുറിച്ചുള്ള ആശയം നൽകുവാൻ നാസ ശാസ്ത്രസമൂഹത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആ ദൗത്യത്തിൽ ജീവൻ കണ്ടെത്തുമെന്ന് നമുക്കും പ്രതീക്ഷിക്കാം.

## Enceladus

യൂറോപ്പയെപ്പോലെ തന്നെ ശനിയുടെ ഉപഗ്രഹമായ Enceladus ലും 40 കിലോ മീറ്ററോളം കട്ടിയുള്ള മഞ്ഞുകട്ടിക്കടിയിൽ വൻ സമുദ്രമുണ്ടെന്ന് സയൻസിൽ ഈയിടെ പ്രസിദ്ധീകരിച്ച പഠനം വെളിപ്പെടുത്തിയിരുന്നു. ഇതും ഭാവിയിൽ ജീവനെ തേടിയുള്ള യാത്രയ്ക്കുള്ള ഇടമാകും എന്നതിനുസംശമില്ല.

# കോഴിക്കോട് സർവകലാശാല സെനറ്റ് തെരഞ്ഞെടുപ്പ്
# AKPCTA, AKGCT, ACT, KGOA
# സഖ്യം സ്ഥാനാർത്ഥികൾ

| No. | Subjects | Elo. Roll No. | Name of Candidate | College |
|---|---|---|---|---|
| 1. | Malayalam | 99 | M.Sathian | Govt. Arts and Science College, Kozhikodc |
| 2. | English | 155 | **V. Jayakrishnan** | NSS College, Ottapalam |
| 3. | Hindi | 18 | **Dcvasia.P.A** | St. Joseph's College, Devagiri |
| 4. | Sanskrit | 40 | **Dr. M.Sathian** | SNGS College, Pattambi |
| 5. | Commerce | 75 | **Dr. Gopalakrishnan.M.B** | Mar Thoma College, Chungnthara |
| 6. | Botany | 92 | **K.N. Ramesh** | SN College Natika |
| 7. | Chemistry | 15 | **Dr. George Mathew** | St. Mary's College S. Bathery |
| 8. | Mathematics | 12 | **R.Shayida** | Farook College Calicut |
| 9. | Comp.Scicnce&Appln | 39 | **K.G.Priyesh** | NSS College, Ottapalam |
| 10. | Zoology | 95 | **Santhosh.P.P** | Sree Krishna College Guruvayoor |
| 11. | Statistics | 07 | **Dr. K.K.Hamza** | Farook College Calicut |
| 12. | History | 22 | **Joseph.TJ** | Malabar Christian College, Calicut |
| 13. | Economics | 187 | **Dr.Babu.CC** | PMG College, Chalakkudy |
| 14. | Education | 56 | **Dr.K.Ramakrishnan** | Govt. College of Teacher Education, Kozhikode |
| 15. | Physical Education | 20 | **P.M.Sudhirkumar** | NSS College Manjeri |
| 16. | Psychology | 04 | **Dr.Baby Shari.P.A** | C.U. Campus |
| 17. | Afsal-Ul-Ulama | 44 | **Dr. Shanavas.V.M** | Ansar Arabic College, Valavannur |
| 18. | Arabic | 27 | **Dr. Mohamed Haneefa. P** | EMEA College of Arts & Science, Kondotty |
| 19. | Bio-chemistry | 07 | **Emmanual Simon** | C.U. Campus |
| 20. | Bio-Technology | 04 | **Dr. K.K. Elyas** | C.U. Campus |
| 21. | Civil Engg. | 39 | **Dr. Lal-C.V** | Govt. Engineering College, Thrissur |
| 22. | Computer Science Engg& IT | 25 | **Helen.K.J.** | Govt. Engg. College, Thrissur |
| 23. | Electrical, Electronic & Comm.Engg. | 87 | **Dr. M. Nandakumar** | Govt. Engg. College, Thrissur |
| 24. | Electronics | 02 | **Nobert Thomas Pallath** | WMO Arts & Science College Muttil |
| 25. | Management Studies | 11 | **Dr. M.A.Joscph** | C.U. Campus |
| 26. | Tamil | 03 | **Dr. P.Murukan** | Govt. College Chittur |

# എ.കെ.പി.സി.ടി.എ ജില്ലാതല അക്കാദമിക്ക് ശിൽപശാല

എ.കെ.പി.സി.ടി.എ ജില്ലാതല അക്കാദമിക് ശിൽപശാല എ.കെ.പി.സി.ടി.എ കണ്ണൂർ- കാസർഗോഡ് ജില്ലാതാക്കാദമിക് കമ്മിറ്റി കേരള ഹയർഎഡ്യൂക്കേഷൻ കമ്മിഷൻ (എ.കെ.പി.സി.ടി.എ) 2014-15 സംബന്ധിച്ച് ജില്ലാതല ശിൽപശാല നടത്തി. ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ.എ.സരള ഉദ്ഘാടനം ചെയ്തു. ജില്ലാ അക്കാദമിക് ചെയർമാൻ ഡോ. ജെയിംസ് പോൾ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി വി.കുട്ട്യൻ വിഷയാവതരണം നടത്തി. സംസ്ഥാന അക്കാദമിക് ചെയർമാൻ ഡോ. ഡി.കെ. ബാബുആശംസ പറഞ്ഞു. ജില്ലാ അക്കാദമിക് കൺവീനർ ഡോ. കെ.എം. പ്രസീദ് സ്വാഗതം പറഞ്ഞു. വിദ്യാഭ്യാസ - സാംസ്കാരിക മേഖലകളിലെ പ്രമുഖരാണ് ശിൽപശാലയിൽ പങ്കെടുത്തത്.

# എ.കെ.പി.സി.ടി.എ സർവ്വീസ് പരിശീലന ക്ലാസ് നടത്തി




എ.കെ.പി.സി.ടി.എ കണ്ണൂർ-കാസർഗോഡ് ജില്ലാ സർവ്വീസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പുതിയതായി നിയമനം ലഭിച്ച അദ്ധ്യപകർക്ക് സർവ്വീസ് പരിശീലന ശിൽപശാല നടത്തി. കണ്ണൂർ സർവ്വകലാശാല മുൻ പ്രൊ. വൈസ് ചാൻസിലർ ഡോ. എ.പി. കുട്ടികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മുൻ സംസ്ഥാന സർവ്വീസ് സെൽ കൺവീനർ പ്രൊഫ. കെ.എസ്. ജയചന്ദ്രൻ സർവ്വകലാശാല നിയമങ്ങൾ യു.ജി.സിറഗുലേഷൻസ് 2010 എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

# എ.കെ.പി.സി.ടി.എ ജില്ലാ കമ്മിറ്റി യാത്ര അയപ്പ് നൽകി



കൊല്ലം എസ്.എൻ.കോളേജിലേക്ക് സ്ഥലം മാറി പോകുന്ന എ.കെ.പി.സി.ടി.എ ജില്ലാ ,കൗൺസിലംഗം കണ്ണൂർ എസ്.എൻ. കോളേജിലെ ഡോ. ജി.എസ് ബബിതക്ക് എ.കെ.പി.സി.ടി.എ കണ്ണൂർ - കാസർഗോഡ് ജില്ലാ കമ്മിറ്റി യാത്രയയപ്പ് നൽകി. കണ്ണൂരിൽ ചേർന്ന ജില്ലാ കൗൺസിൽ യോഗത്തിൽ വച്ച് സംസ്ഥാന സെക്രട്ടറി വി.കുട്ട്യൻ ഉപഹാരം നൽകി. ജില്ലാ പ്രസിഡന്റ് പ്രമോദ് വെള്ളച്ചാൽ അദ്ധ്യക്ഷത വഹിച്ചു.

സംസ്ഥാന കമ്മിറ്റിയംഗങ്ങളായ ഡോ. കെ.രാജൻ, ഡോ.എൻ.സാജൻ, ജില്ലാ ട്രഷറർ പി.കിഷോർ കുമാർ, വൈസ് പ്രസിഡന്റ്, ഡോ.ടി.വി.രാമകൃഷ്ണൻ, അക്കാദമിക് കൺവീനർ ഡോ. കെ.എം.പ്രസീദ്,മേഖലാ വനിതാ കൺവീനർ, ഷീല.എം. ജോസഫ്, ജില്ലാ വനിതാ കൺവീനർ, ഡോ.ടി.പി. നഫീസാ ബേബി എന്നിവർ സംസാരിച്ചു. ഡോ. ജി.എസ്. ബബിത മറുപടി പറഞ്ഞു.

ജില്ലാ സെക്രട്ടറി എ.നിശാന്ത് സ്വാഗതവും ജോയിന്റ് സെക്രട്ടറി ഡോ. കെ.അജയകുമാമർ നന്ദിയും പറഞ്ഞു.

# കണ്ണൂർ സർവകലാശാലയെ സംരക്ഷിക്കാൻ ബഹുജന ധർണ്ണ

കണ്ണൂർ സർവ്വകലാശാലയെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് സർവകലാശാല സംരക്ഷണസമിതി താവക്കര ക്യാമ്പസിൽ ധർണ നടത്തി. അധ്യാപകരും ജീവനക്കാരും പങ്കെടുത്ത ധർണ സി. പി. എം ജില്ലാസെക്രട്ടറി പി. ജയരാജൻ ഉദ്ഘാടനം ചെയ്തു. വ്യാജരേഖ ചമച്ച് വി സിയായി ഖാദർ മങ്ങാട് ഗവർണറോ കോടതിയോ ഇടപെട്ട് പുറത്താക്കുന്നതിനു മുമ്പ് രാജിവയ്ക്കുകയാണ് വേണ്ടതെന്ന് പി. ജയരാജൻ പറഞ്ഞു. രാഷ്ട്രീയ ദാസ്യവേലചെയ്യുന്നവരാണ് ഉന്നതവിദ്യാഭ്യാസമേഖലയുടെ തലപ്പത്ത് എത്തുന്നത്. സർവകലാശാലയിലെ ഉദ്യോഗസ്ഥരുടെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞ് മനുഷ്യത്വമില്ലാതെയാണ് വി. സി പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. എ.കെ. പി. സി.ടി.എ ജില്ലാ സെക്രട്ടറി എ. നിശാന്ത് അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി വി. കുട്ട്യൻ, എ.കെ.ജി.സി.ടി സംസ്ഥ സെക്രട്ടറി എ വത്സലൻ, വൈസ് പ്രസിഡന്റ് പി. ഓമന, ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി. ബാബു ആന്റോ, എസ്. എഫ്. ഐ ജില്ലാ സെക്രട്ടറി സരിൻശശി, കണ്ണൂർ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ് വിജയൻ അടുക്കാടൻ, പ്രമോദ് വെള്ളച്ചാൽ എന്നിവർ സംസാരിച്ചു. സംരക്ഷണസമിതി കൺവീനർ പി. ജെ. സാജു സ്വാഗതവും എം. രാമചന്ദ്രൻ നന്ദിയും പറഞ്ഞു.

സർവകലാശാല സെൻട്രൽ ലൈബ്രറി നിർമാണം ഉടൻ പൂർത്തിയാക്കുക, ലൈബ്രറി കെട്ടിടം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള നീക്കം ഉപേക്ഷേക്കുക, വ്യാജരേഖ ചമച്ച് പി.എച്ച്. ഡി നേടിയ വൈസ്ചാൻസലർ രാജിവയ്ക്കുക, അധികാരികളുടെ രാഷ്ട്രീയക്കളി അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചായിരുന്നു ധർണ്ണ.

# സ്വയം ഭരണ കോളേജുകൾ ആരംഭിക്കുന്നതിനെതിരെ സർവ്വകലാശാല വിദ്യാഭ്യാസ സംരക്ഷണ സമിതി ധർണ്ണ

സ്വയം ഭരണ കോളേജുകൾ ആരംഭിക്കുന്നതിനെതിരെ സർവ്വകലാശാല വിദ്യാഭ്യാസ സംരക്ഷണ സമിതി കണ്ണൂർ പഴയ ബസ് സ്റ്റാൻഡിൽ സായാഹ്നധർണ്ണ നടത്തി. സി.പി.ഐ(എം) സംസ്ഥാന കമ്മിറ്റി അംഗം കെ. കെ.രാഗേഷ് ഉദ്ഘാടനം ചെയ്തു. എ.കെ.ജി.സി.ടി സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. പി. ഓമന അദ്ധ്യക്ഷത വഹിച്ചു.,

# ഹയർ എഡ്യൂക്കേഷൻ കമ്മിഷൻ – ജില്ലാതല ശിൽപശാല പാലക്കാട് റിപ്പോർട്ട്

എ.കെ.പി.സി.ടി.എ പാലക്കാട് ജില്ലാ അക്കാദമിക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യഭ്യാസ ശിൽപശാല നടത്തി. ഡോ. ടി.കെ.ശ്രീധരൻ വിഷയമവതരിപ്പിച്ച് ഉദ്ഘാടനം ചെയ്തു. സജി വർഗ്ഗീസ് (ബെഫി) മേഴ്സി മാത്യൂ (ജനാധിപത്യമഹിളാ അസോസിയേഷൻ, അബ്ദുൾ ബഷീർ (എൻ.ജി.ഒ. യൂണിയൻ) ഡോ. യു.ജയപ്രകാശ്, ഡോ. റഷീദ് (എ.കെ.ജി.സി.ടി) പ്രൊഫ. ബി.എം.മുസ്താഫ, എം.പി. മനോവീരൻ (കേരളാ ശാസ്ത്ര സാഹിത്യ പരിഷത്ത്) പ്രൊഫ. എ.ടി. ചെറിയാൻ ഡോ. വി.സി. വിജയൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ജില്ലാ പ്രസിഡന്റ് പ്രൊഫ. കെ. വാസുദേവൻപിള്ള അദ്ധ്യക്ഷനായി. ഡോ. ആർ. കെ.ജയപ്രകാശ് സ്വാഗതവും പ്രൊഫ. പി. ഹരിദാസ് നന്ദിയും പറഞ്ഞു.ഡോ. വി.കെ. സുധാകരൻ മോഡറേറ്ററായി.




കാഞ്ഞങ്ങാട് നെഹ്റു കോളജ്
ഫിസിക്സ് വിഭാഗം അദ്ധ്യാപിക ഗീത ടീച്ചർക്ക്
എ. കെ. പി. സി. ടി. എ യുടെ ആദരാഞ്ജലികൾ

# എം.ജി യൂണിവേഴ്സിറ്റിയെ തകർച്ചയിൽ നിന്നും രക്ഷിക്കുക.

രാജ്യത്തിനാകമാനം അഭിമാനമായിരുന്ന എം.ജി. സർവ്വകലാശാലയെ തകർക്കുന്നസർക്കാറിന്റെയും സർവ്വ കലാശാലാ അധികാരികളുടെയും നടപടിക്കെതിരെ കോട്ടയത്ത് സേ യൂണിവേഴ്സിറ്റി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കൺവെൻഷൻസംഘടിപ്പിച്ചു. ഏകജാലക സംവിധാനം അട്ടിമറിക്കുക. പരീക്ഷയും ഫലപ്രഖ്യാപനവും യഥാസമയം നടത്താതിരിക്കുക, അൺ എയ്ഡഡ് കോഴ്സുകളും കോളേജുകളും വാരിക്കോരി നൽകുക. സർവ്വകലാശാലയ്ക്കു ലഭിക്കേണ്ട സർക്കാർ ഗ്രാന്റ് നൽകാതിരിക്കുക തുടങ്ങിയ നടപടികൾ യോഗം അപലപിച്ചു. മുൻമന്ത്രി സ. എളമരം കരീം എം.എൽ.എ യോഗം ഉദ്ഘാടനം ചെയ്തു.





ഏകജാലക പ്രവേശനം അട്ടിമറിച്ച എം.ജി. യിൽ ബഹുജന പ്രതിഷേധം




മെറിറ്റും സംവരണ തത്വങ്ങളും സുതാര്യമായി പാലിച്ച് 2013 മുതൽ നടന്നുവന്നിരുന്ന എം.ജി. സർവ്വകലാശാലയിലെ ഏകജാലക വിദ്യാർത്ഥി പ്രവേശനം. അട്ടിമറിച്ച സർവ്വകലാശാല അധികാരികളുടെ നടപടികൾക്കെതിരെ സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സർവ്വകലാശാല ആസ്ഥാനത്തേക്ക് ബഹുജന മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു സ്വാശ്രയ കോളേജുകളുടെയും സ്വാശ്രയ കോഴ്സുകളുടെയും മുതലാളിമാർക്ക് അടിമകളായി സാമൂഹ്യ നീതി ഇല്ലാതാക്കുന്ന നടപടിയെ എന്തു വിലകൊടുത്തും ചെറു


ക്കുമെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് എ.കെ.പി.ഐ.റ്റി.എ സംസ്ഥാന പ്രസിഡന്റ് ഡോ. കെ.പി. സുകുമാരൻ നായർ അറിയിച്ചു. സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഫോറം ചെയർമാനും മുൻ സിന്റിക്കേറ്റ് അംഗവുമായ പ്രൊഫ. കെ.സദാശിവൻ നായർ അദ്ധ്യക്ഷത വഹിച്ചു.പ്രൊഫ. ആർ. പ്രഗാഷ്, ഡോ. ബി.പ്രകാശ് കുമാർ, ധന്യാവിജയൻ തുടങ്ങിയവർ പ്രസംഗിച്ചു.



ഡോ. ദിലീപ് എം.ആർ.രചിച്ച *ആധുനിക ടൂറിസം, അധിനിവേശവും വിപത്തുകളും* എന്ന പുസ്തകം പ്രതിപക്ഷ ഉപനേതാവ് സ.കോടിയേരി ബാലകൃഷ്ണൻ ചെറിയാൻ ഫിലിപ്പിന് നൽകി പ്രകാശനം ചെയ്യുന്നു.


# THULUVANANICKAL PIPES PVT. LTD.

**Manufacturer of R.C.C. Spun Pipes & Other Cement Products**



IS 458

CM/L 6308866

MOODY

ISO 9001 : 2008

We Manufacture RCC Spun Pipes from 100 mm Dia To 2400 mm Dia In Np2, Np3, Np4 Class With ISI & ISO Marking.
Also We Manufacture Half Round Pipes, Septic Tank, Water Tank & Cable Cover etc.

Head Office : D - 21, 3rd Floor, Kuttukkan complex,Taliparamba, P.O
Kannur - 670 141 Ph: 0460 2203979, 2208123,9446303979
E-mail : thuluvananickalpipespvtltd@yahoo.co.in / Web : www.thuluvananickalpipes.com

Factory : Taliparamba, Kannur
Ph : 0460 2222450, Mob : 9446593979

Thuluvananickal Pipes, Factory, Mukkom, Kozhikode
Ph : 0495 2299788, Mob : 9447791823 Fax : 0495 2299788

GOVERNMENT OF KERALA
Abstract

DEARNESS ALLOWANCE ARREARS - CREDITING TO PROVIDENT FUND ACCOUNTS - TIME LIMIT EXTENDED - ORDERS ISSUED.

FINANCE (PAY RESEARCH UNIT) DEPARTMENT
G.O. (P) No.303 /2014/Fin. Dated, Thiruvananthapuram, 21.07.2014

*Read:-*

1. G.O. (P) No. 120/2007/Fin., dated 20.03.2007
2. G.O. (P) No. 531/2007/Fin., dated 05.11.2007
3. G.O. (P) No. 547/2007/Fin., dated 14.11.2007
4. G.O. (P) No. 91/2008/Fin., dated 16.02.2008
5. G.O. (P) No. 220/2008/Fin., dated 22.05.2008
6. G.O. (P) No. 38/2009/Fin., dated 17.01.2009
7. G.O. (P) No. 211/2009/Fin., dated 02.06.2009
8. G.O. (P) No. 512/2009/Fin., dated 18.11.2009
9. G.O. (P) No. 362/2010/Fin., dated 03.07.2010
10. G.O. (P) No. 37/2011/Fin., dated 18.01.2011
11. G.O. (P) No. 180/2011/Fin., dated 11.04.2011
12. G.O. (P) No. 535/2011/Fin., dated 14.11.2011
13. G.O. (P) No. 323/2012/Fin., dated 04.06.2012
14. G.O. (P) No. 614/2012/Fin., dated 08.11.2012
15. G.O. (P) No. 130/2013/Fin., dated 11.03.2013
16. G.O. (P) No. 545/2013/Fin., dated 06.11.2013
17. G.O. (P) No. 630/2013/Fin. dated 23.12.2013

## ORDER

The time limit for crediting arrears of Dearness Allowance to the Provident Fund Account of the employees sanctioned as per Government order read as 1st, 2nd, 3rd, 4th, 5th,6th, 7th, 8th, 9th, 10th, 11th, 12th, 13th , 14th and 15th papers above were extended vide G.O. read as 16th paper above and the extended time limit expired on 31st March 2014. The arrears of DA sanctioned as per Government order read as 17th paper above can be drawn and credited to the PF account of the employee along with the salary bill up to July 2014. Several requests are being received from various Heads of Institutions and individuals seeking extension of time for crediting the arrears of DA to the Provident Fund Account for the period from 01.01.2005 onwards.

Government have examined the requests and are pleased to order that the time limit for crediting the arrears of DA sanctioned from 01.01.2005, 01.07.2005, 01.01.2006, 01.07.2006, 01.01.2007, 01.07.2007, 01.01.2008, 1.07.2008, 01.01.2009, 01.07.2009, 01.01.2010, 01.07.2010 01.01.2011.:

*01.07.2011, 01.01.2012, 01.07.2012, 01.01.2013 and 01.07.2013 to the*

Provident Fund Account of employees will be extended up to 31st December 2014. The Dearness Allowance arrears can be claimed in the salary bill up to 31st December 2014 and credited to Provident Fund Account without fail.

All controlling officers will adhere to the time schedule invariably.

By Order of the Governor,
RAJESH KUMAR SINHA,
*Secretary to Government (Finance Expenditure)*

## കേരള സർക്കാർ
## ഉന്നതവിദ്യാഭ്യാസ (സി) വകുപ്പ്

നമ്പർ 15466/C-3/14 ഉ.വി.വ

തിരുവനന്തപുരം
തീയതി : 28-8-2014

പ്രേക്ഷിതൻ
ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്
കോളജ് വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം: ഉന്നതവിദ്യാഭ്യാസ വകുപ്പ് ആറാം യു. ജി. സി പദ്ധതി - നെറ്റിൽ നിന്നും ഇളവ് ലഭിച്ചവർക്കുള്ള മുൻകൂർ ഇൻക്രിമെന്റ് സംബന്ധിച്ച്

സൂചനാ :
1. 28. 5.2014 ലെ ഇതേ നമ്പർ കത്ത്.
2. താങ്കളുടെ 07.08.2014 ലെ യു. ജി. സി സെൽ 5/14352/2014/കോ.വി.വ നമ്പർ കത്ത്.
3. കോഴിക്കോട് കോളജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 11.8.2014 ലെ ഇ 3 2992/ 14 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പി. എച്ച്. ഡി കരസ്ഥമാക്കിയതിനാൽ നെറ്റിൽ നിന്നും ഇളവ് നേടി സർവ്വീസിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് യു. ജി. സി ആറാം പദ്ധതി പ്രകാരമുള്ള അഞ്ച് മുൻകൂർ ഇൻക്രിമെന്റുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതി വിധി സമയബന്ധിതമായി നടപ്പാക്കേണ്ടതുള്ളതിനാലും വിധിക്കെതിരെ അപ്പീലിന് സാധ്യതയില്ലെന്ന് നിയമോപദേശം ലഭിച്ചിട്ടുള്ള സാഹചര്യത്തിലും പി. എച്ച്. ഡി ബിരുദമുള്ളതിനാൽ നെറ്റിൽ നിന്നും ഇളവ് ലഭിച്ച് സർവ്വീസിൽ പ്രവേശിച്ച അധ്യാപകർക്ക് യു.ജി.സി പദ്ധതി പ്രകാരമുള്ള മുൻകൂർ ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണെന്നും ആയത് ഇക്കാര്യത്തിൽ യു.ജി. സി നൽകുന്ന സ്പഷ്ടീകരണത്തിന് വിധേയമായിരിക്കാനും അറിയിക്കുന്നു.

വിശ്വസ്തതയോടെ
എസ്. കെ. രാധാകൃഷ്ണൻ
ഗവ. അണ്ടർ സെക്രട്ടറി
ഗവ. അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

# പാലസ്തീൻ ഐക്യദാർഢ്യ സദസ്സ്




പയ്യന്നൂർ കോളജിൽ ഡോ.ദിനേശ്കുമാർ എരമം ഉദ്ഘാടനം ചെയ്യുന്നു.





കണ്ണൂർ എസ്.എൻ കോളജിൽ എം.കെ.മനോഹരൻ ഉദ്ഘാടനം ചെയ്യുന്നു.



കാഞ്ഞങ്ങാട് നെഹ്റു കോളജിൽ എതിർദിശ മാഗസിൻ എഡിറ്റർ സുരേഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.




തളിപ്പറമ്പ് സർ സെയ്യദ് കോളജ് ഡോ. കെ. ജി. വിൻസന്റ് ഉദ്ഘാടനം ചെയ്യുന്നു.



# കേരള ഉന്നതവിദ്യാഭ്യാസ കമ്മീഷൻ (എ.കെ.പി.സി.ടി.എ) 2014 – 15 :

## രൂപീകരിക്കാനുണ്ടായ സാഹചര്യവും ഉദ്ദേശ ലക്ഷ്യങ്ങളും




**സി. പദ്മനാഭൻ**
*അക്കാദമിക് കമ്മിറ്റി കൺവീനർ*

ആലപ്പുഴയിൽ വച്ചു ചേർന്ന നമ്മുടെ സംഘടനയുടെ 56-ാം സംസ്ഥാന സമ്മേളനം കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പ്രതിവിധികളും സമഗ്രമായി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. സംഘടനയ്ക്കകത്ത് വിവിധ തലങ്ങളിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ കുറിച്ചു ഉയർന്നു വന്ന ഔപചാരികവും അനൗപചാരികവും ആയ വിപുലമായ ചർച്ചകളുടെ പരിസമാപ്തി എന്ന നിലയിലാണ് ഇങ്ങനെ ഒരു തീരുമാനം ഉരുത്തിരിഞ്ഞു വന്നത്. കേരളത്തിൽ നേരത്തെ നടപ്പിലാക്കിയ സി ബി സി എസ് എസ് സമ്പ്രദായത്തെ അവലോകനം ചെയ്യാൻ സംഘടന നടത്തിയ ശ്രമങ്ങൾ ആണ് കുറെ കൂടി വിശാലമായ തലത്തിൽ ഉള്ള പഠനം തന്നെ ഈ വിഷയത്തിൽ നടക്കേണ്ടതായിട്ടുണ്ട് എന്ന നിലപാടിലേക്ക് നമ്മെ എത്തിച്ചത്. ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ പുരോഗതിക്കായി യത്നിക്കാനും അതിനായി പൊതുജനാഭിപ്രായം രൂപീകരിക്കാനും പഠനങ്ങൾ നടത്താനും നമ്മുടെ സംഘടനയുടെ ഭരണഘടന ആഹ്വാനം ചെയ്യുന്നുണ്ട്. ആയതിനാൽ ഭരണഘടനാപരമായ ഉത്തരവാദിത്തം കൂടിയാണ് നമ്മെ സംബന്ധിച്ചിടത്തോളം ഇത്തരം പ്രവർത്തനങ്ങൾ.

### ചരിത്രം

ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ഇതര സംഘടനയോടൊപ്പം ചേർന്ന് ഇത്തരം ക്രിയാത്മകമായ അക്കാദമിക് ഇടപെടലുകൾ നടത്തിയ മഹത്തായ ചരിത്രം എ.കെ.പി.സി.ടി.എ യ്ക്കുണ്ട്. സംഘടനാ രൂപീകരണത്തിന് കേവലം നാലു


THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

AKPCTA

Terms of Reference

*for*

Kerala Higher Education Commission (AKPCTA) 2014-15

*(Constituted by The All Kerala Private College Teachers' Association (AKPCTA) for Reviewing Kerala's Higher Education Scenario and Recommending Reforms)*

Kottayam
30th August 2014

വര്‍ഷത്തിന് ശേഷം, 1962 ല്‍ തന്നെ സുരക്ഷിതമായ സേവന വേതന വ്യവസ്ഥകളോ ഡയറക്ട് പേയ്മെന്റോ ഒന്നും ഇല്ലാതിരുന്ന അവസ്ഥയില്‍ കേരളത്തില്‍ അന്ന് നിലവിലുണ്ടായിരുന്നതും ഭാവിയില്‍ വരാന്‍ സാധ്യത ഉള്ളതുമായ വിഷയങ്ങള്‍ക്കുള്ള മാതൃകാ സിലബസുകള്‍ നമ്മുടെ മുന്‍കാല പ്രവര്‍ത്തകര്‍ അക്ഷീണ പരിശ്രമം നടത്തി പുറത്തിറക്കുകയുണ്ടായി. 1990 കളില്‍ ക്ഷേമരാഷ്ട്ര സങ്കല്‍പ്പത്തെ തന്നെ അട്ടിമറിച്ച് കൊണ്ട് വിദ്യാഭ്യാസരംഗത്ത് കച്ചവടശക്തികള്‍ പിടിമുറുക്കിയപ്പോള്‍ വര്‍ത്തമാനകാല യാഥാര്‍ത്ഥ്യങ്ങള്‍ കൂടി ഉള്‍ക്കൊണ്ടും എന്നാല്‍ വിട്ടുവീഴ്ചയില്ലാത്ത ജനപക്ഷ നിലപാടുകള്‍ മുറുകെ പിടിച്ചു കൊണ്ടും സംഘടന അതിന്റെ വിദ്യാഭ്യാസനയം 1996 ല്‍ പ്രസിദ്ധീകരിക്കുകയുണ്ടായി. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ താല്‍പര്യങ്ങള്‍ ഉയര്‍ത്തിപ്പിടിച്ചു കൊണ്ട് കാലികവും പുരോഗമനപരവുമായ പരിഷ്ക്കാരങ്ങള്‍ നടപ്പിലാക്കാന്‍ സംഘടന തുടര്‍ന്നും നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസത്തിന്റെ വര്‍ത്തമാനകാല സാഹചര്യം

ആഗോളവത്കരണത്തിന്റെ ഭാഗമായി വന്ന പരിഷ്കാരങ്ങള്‍ ആകെ ശ്രദ്ധ ചെലുത്തിയത് ഉന്നതവിദ്യാഭ്യാസത്തെ സ്വകാര്യ മൂലധനശക്തികള്‍ക്ക് ലാഭം കൊയ്യാനുള്ള മേഖല ആക്കി മാറ്റുന്ന കാര്യത്തില്‍ മാത്രമാണ്. ഈ നയങ്ങളുടെ ആരംഭകാലത്ത് അതിന്റെ പ്രചാരകര്‍ കമ്പോളാധിഷ്ഠിത മത്സരത്തിന്റെ ഫലമായി ആഗോളനിലവാരത്തിലേക്ക് നമ്മുടെ വിദ്യാഭ്യാസമേഖല ഉയരും എന്നൊക്കെ പ്രചരിപ്പിച്ചിരുന്നു. അതുണ്ടായില്ല എന്ന് മാത്രമല്ല നേരത്തെ തന്നെ നമ്മുടെ ഉന്നതവിദ്യാഭ്യാസമേഖല ഏറെക്കുറെ കൈവരിച്ച തുല്യതയും പ്രാപ്യതയും കൂടി കൈവിട്ടു പോകുന്ന അവസ്ഥയിലാണ് നമ്മള്‍ ഇന്ന് എത്തിനില്‍ക്കുന്നത്. അതുകൊണ്ടു തന്നെ വളരെ ജാഗ്രതയോടെ ഉള്ള ഇടപെടല്‍ ഈ മേഖലയില്‍ കൂടിയേ തീരൂ. ഈ പശ്ചാത്തലത്തില്‍ ആണ് നമ്മുടെ സംഘടന കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ കുറിച്ച് സമഗ്രമായി പഠിക്കാനും നിര്‍ദ്ദേശങ്ങള്‍ സമര്‍പ്പിക്കാനുമായി കേരള ഹയര്‍ എഡ്യൂക്കേഷന്‍ കമ്മീഷന്‍ (എ.കെ.പി.സി.ടി.എ) 2014 -15 രൂപീകരിച്ചു പ്രവര്‍ത്തിക്കാന്‍ തീരുമാനിച്ചത്.

## കമ്മീഷന്റെ പ്രവര്‍ത്തനം സംബന്ധിച്ച കാഴ്ച്ചപ്പാടുകള്‍.

വളരെ വിപുലമായ ഒരു ത്രിതല ഘടനയാണ് കമ്മീഷന് വേണ്ടി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരും ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പ്രവര്‍ത്തിക്കുന്ന രാഷ്ട്രീയ/സാംസ്ക്കാരിക പ്രവര്‍ത്തകരും അടങ്ങുന്നതാണ് കമ്മീഷന്റെ ഉപദേശകസമിതി. കമ്മീഷന്റെ ദൈനംദിന പ്രവര്‍ത്തനങ്ങള്‍ക്ക് നേതൃത്വം നല്‍കുകയും അന്തിമറിപ്പോര്‍ട്ട് തയ്യാറാക്കുകയും ചെയ്യുന്ന കോര്‍ കമ്മിറ്റി ആണ് രണ്ടാമത്തെ തലം. വിവിധ വിഷയങ്ങള്‍ പ്രത്യേകമായി പഠിക്കുന്ന ടാസ്ക് ഫോഴ്സുകള്‍ ആണ് കമ്മീഷന്റെ മൂന്നാം തലം. കമ്മീഷന്‍ ചെയര്‍മാന്‍ ആയി പ്രശ്സ്ത സാമൂഹ്യ പ്രവര്‍ത്തകനും വിദ്യാഭ്യാസ വിദഗ്ദ്ധനുമായ പ്രൊഫ: ആര്‍.വി.ജി മേനോനും മെമ്പര്‍ സെക്രട്ടറി ആയി എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡണ്ട് ഡോ. കെ.പി.സുകുമാരന്‍നായരും പ്രവര്‍ത്തിക്കും.

## ജില്ലാതല ശില്‍പശാലകള്‍

ടേംസ് ഓഫ് റഫറന്‍സ് രൂപീകരിക്കുന്നതിന്റെ മുന്നോടിയായി നടന്ന ജില്ലാതല ശില്‍പശാലകള്‍ മുഴുവന്‍ ജില്ലകളിലും മികച്ച പങ്കാളിത്തത്തോടെ നടത്തിയെടുക്കാന്‍ ഇതിനകം നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം പൊതുജനാഭിപ്രായവും വിദഗ്ദ്ധരുടെ ഉപദേശങ്ങളും സമന്വയിപ്പിച്ച് കൊണ്ടാണ് ടേംസ് ഓഫ് റഫറന്‍സ് തയ്യാറാക്കിയത്.

# ഉന്നതവിദ്യാഭ്യാസ കമ്മീഷൻ
## ജില്ലാതല ശില്പശാലകൾ



### കണ്ണൂർ - കാസർഗോഡ്

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
പ്രൊഫ. കെ.എ.സരള
ഉദ്ഘാടനം ചെയ്തു.

### കോഴിക്കോട്

സംസ്കൃത സർവ്വകലാശാല
മുൻ വൈസ് ചാൻസലർ
ഡോ.ജെ.പ്രസാദ്
ഉദ്ഘാടനം ചെയ്യുന്ന







### പാലക്കാട്

ഡോ. ടി.കെ.ശ്രീധരൻ
ഉദ്ഘാടനം ചെയ്തു.

### ആലപ്പുഴ

എ.കെ.പി.സി.ടി.എ മുൻ ജനറൽ സെക്രട്ടറി
കെ. രഘുനാഥ് ഉദ്ഘാടനം ചെയ്യുന്നു.



# ഉന്നതവിദ്യാഭ്യാസ കമ്മീഷൻ
## ജില്ലാതല ശില്പശാലകൾ



### മലപ്പുറം

കോഴിക്കോട് സർവ്വകലാശാല
മുൻ രജിസ്ട്രാർ ഡോ.ടി.കെ.നാരായണൻ
ഉദ്ഘാടനം ചെയ്യുന്നു.




### തൃശ്ശൂർ

പി.കെ.ബിജു എം.പി
ഉദ്ഘാടനം ചെയ്യുന്നു.



### എറണാകുളം

മഹാത്മാഗാന്ധി സർവ്വകലാശാല
മുൻ പ്രൊ വൈസ് ചാൻസലർ
ഡോ. രാജൻ വർഗ്ഗീസ്
ഉദ്ഘാടനം ചെയ്യുന്നു.




### വയനാട്

എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ്
പ്രസിഡന്റ് ഡോ. ഡി. കെ ബാബു
ഉദ്ഘാടനം ചെയ്യുന്നു.

# ഉന്നതവിദ്യാഭ്യാസ കമ്മീഷൻ
## ജില്ലാതല ശില്പശാലകൾ

### കോട്ടയം – ഇടുക്കി

എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് ഡോ. കെ.പി.സുകുമാരൻനായർ ഉദ്ഘാടനം ചെയ്യുന്നു.






### പത്തനംതിട്ട

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത (അടൂർ കമ്പനാട് ഭദ്രാസനം) ഉദ്ഘാടനം ചെയ്യുന്നു.

### കൊല്ലം

എ.കെ.പി.സി.ടി.എ സംസ്ഥാന ട്രഷറർ പ്രൊഫ. ആർ.മോഹനകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.







### തിരുവനന്തപുരം

മുൻ NUALS വൈസ് ചെയർമാൻ ഡോ.എൻ.കെ.ജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.





മഹാത്മാഗാന്ധി യൂണിവേഴ്സിററിയിൽ നിന്നും കൊമേഴ്സിൽ Micro credit and micro enterprises under kudumbashree for Rural Development- A study with special reference to Malappuram Dt.എന്ന വിഷയത്തിൽ പി എച്ച് ഡി നേടിയ ചുങ്കത്തറ മാർത്തോമാ കോളജിലെ അസോസിയേററ് പ്രൊഫസർ **രാജീവ് തോമസ്.** എം ജി യൂണിവേഴ്സിററിയിലെ ഡോ. റോയ് സി മാത്യുവിന്റെ മേൽനോട്ടത്തി ലായിരുന്നു ഗവേഷണം.





കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും എഡ്യുക്കേഷനിൽ ഡോക്ടറേറ്റ് നേടിയ **ജയപ്രകാശ്. ആർ. കെ.,** ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിംഗ് കോളജിലെ അസിസ്റ്റന്റ് പ്രൊഫസറും പാലക്കാട് ജില്ലാസെക്രട്ടറിയുമാണ്.

കേരള സർവ്വകലാശാലയിൽ നിന്നും രസതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ശ്രീ നാരായണ വനിതാ കോളജ് അധ്യാപിക **വി.അമിത** Thermoanalied and antimicrobial studies of lanthanide (III) chelates of thiosemicarbayenes എന്ന വിഷയത്തിൽ യൂണിവേഴ്സിറ്റി കോളജിലെ ഡോ. ജി. രാജേന്ദ്രന്റെ മോൽനോട്ടത്തിലായിരുന്നു ഗവേഷണം



ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോ. കെ.എ.വിജയലക്ഷ്മിയുടെ മേൽനോട്ടത്തിൽ *Plasma Physics* ൽ ഡോക്ടറേറ്റ് നേടിയ തളിപ്പറമ്പ് സർ സയ്യദ് കോളജ് ഫിസിക്സ് വിഭാഗം അധ്യാപിക **റ്റി. പി. നഫീസാ ബേബി.** കണ്ണൂർ- കാസർഗോഡ് ജില്ല വനിതാകമ്മിറ്റി കൺവീനറാണ്.





കണ്ണൂർ സർവ്വകലാശാലയിൽ നിന്നും രസതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ എം.കെ.പ്രസന്ന മട്ടന്നൂർ, പി.ആർ. എൻ.എസ്.എസ്.കോളേജ് രസതന്ത്ര വിഭാഗം മേധാവിയാണ്. അതേ കോളേജിലെ പ്രിൻസിപ്പാൾ കൂടിയായ ഡോ. കെ.പ്രദീപ്കുമാറിന്റെ മേൽനോട്ടത്തിൽ Hydragine based Retrocydin ligand and their metal complesam എനന വിഷയത്തിൽ നടത്തിയ ഗവേഷണത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്.

കൊച്ചി സർവ്വകലാശാലയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ പ്രൊഫ. കെ. കെ. ജെയിംസ്, തൃശ്ശൂർ, എൽതുരുത്ത്, സെന്റ് അലോഷ്യസ് കോളജ് ഫിസിക്സ് വിഭാഗം അസോസിയേറ്റ് പ്രൊഫസ്സറാണ്. *Synthesis and Characterisation of Wide Bandgap Oxides for Transparent Electrode and Multiferroic Applications* എന്ന വിഷയത്തിൽ കുസാറ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. എം. കെ. ജയരാജിന്റെ നേതൃത്വത്തി ലാണ് ഗവേഷണം

## കണ്ണൂർ സർവ്വകലാശാലയിലെ മികച്ച എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ



പദ്മനാഭൻ കാവുമ്പായി
പയ്യന്നൂർ കോളജ്



റീന
പി.ആർ.എൻ.എസ്.എസ്.
കോളജ്, മട്ടന്നൂർ



SREE PANKAJAM
CONSTRUCTIONS
ENGINEERS, BUILDERS & VALUERS
P.O. PULLAZHI, TRISSUR- 680 012
RES: 0487-2361752, MOB: 9447061752
V. PANKAJAKSHA MENON
e-mail:sreepankajamcom@gmail.com
Total Construction People, Architects, Plan Estimate Supervision, Construction
OUR SISTER CONCERN
P& P EXPORTERS
Door No. TC 29/19/1, Kunnathumana Lane, Trissur
Phone: 0487 2320892, Mob: 9447061752
Pandpexpo@gmail.com

R.No. 36025/81
No. 245

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2012-2014
Rs. 11/- JULY-AUGUST 2014

ശ്രീനാരായണ കോളേജ് സഹകരണ സംഘം
ക്ലിപ്തം നമ്പർ 2987, കൊല്ലം



എസ്.എൻ.കോളേജ്
കൊല്ലം

എല്ലാവിധ സ്റ്റേഷനറി
സാധനങ്ങളുടെയും
ഗുണമേന്മയുള്ള മികച്ച ശേഖരം

Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor:Prof. Pramod Vellachal